THE MALANKARA SABHA

# മലങ്കരസഭ

Rs. 15

The Official Media of Malankara Orthodox Syrian Church

ഒക്ടോബർ 2012



## ജീവനത്തിന്റെ സായന്തനങ്ങൾ...

www.malankarasabha.in

# നാൽപ്പതാം ചരമദിനം
# 07-10-2012



## ഫാ. ഇ. ജെ. കുറിയാക്കോസ്
## എണ്ണശ്ശേരിൽ, വാകത്താനം

'കൂദാശാനുഷ്ഠാനകനായ ദൈവത്തിന്റെ പുരോഹിതാ സമാധാനത്തോടെ വസിക്കുക!'

വാത്സല്യനിധിയായിരുന്ന ഞങ്ങളുടെ പിതാവിന്റെ വേർപാടിൽ ഞങ്ങൾക്ക് ദൈവീക സാന്ത്വനമരുളിയ പ. പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനി, ഭവനത്തിലും വാകത്താനം വലിയ പള്ളിയിലുമായുള്ള സംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ച ഇടവക മെത്രാപ്പോലീത്താ അഭി. ഗീവർഗീസ് മാർ ഈവാനിയോസ്. അഭിവന്ദ്യരായ ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, വിയോഗദിവസം ന്യൂയോർക്കിൽ എന്റെ ഭവനത്തിൽ വെച്ചുള്ള ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ച അഭി. സഖറിയാസ് മാർ നിക്കോളാവോസ്, അവിടുത്തെ വന്ദ്യ വൈദീകർ, ശെമ്മാശന്മാർ, ഭദ്രാസനാംഗങ്ങൾ. സംസ്ക്കാര ശുശ്രൂഷകളിൽ സഹകാർമ്മികത്വം വഹിച്ച ബഹു. ചൂരപ്പാടിലച്ചൻ, ബഹു. ജോഷ്വാ അച്ചൻ, വൈദിക സെമിനാരികളിലെ പ്രിൻസിപ്പലച്ചന്മാർ വന്ദ്യരായ കോറെപ്പിസ്ക്കോപ്പാ അച്ചന്മാർ, റമ്പാച്ചന്മാർ, വൈദീക ശ്രേഷ്ഠർ, ശെമ്മാശന്മാർ, സിസ്റ്റേഴ്സ്, യാക്കോബായ സഭയിലെ വൈദികർ എന്നിവരോടും, ആദരാഞ്ജലികൾ അർപ്പിക്കുവാനെത്തിയ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി, ആഭ്യന്തര മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അഡ്വ. റജി സഖറിയ, ശ്രീ. വാസവൻ, പഞ്ചായത്തധികാരികൾ, സംസ്ക്കാരശുശ്രൂഷകളിൽ സംബന്ധിച്ച അമേരിക്കൻ മലയാളി ചേംബർ ഓഫ് കൊമേഴ്സിലെ ശ്രീ. രാജു സഖറിയ, സംഗമം പത്രാധിപർ ശ്രീ. റജി ജോർജ്, വലിയ പള്ളിയിലെയും, വിവിധ ഇടവകകളിലെയും അംഗങ്ങൾ, ബന്ധു മിത്രാദികൾ, സുഹൃത്തുക്കൾ, നാട്ടുകാർ എന്നിവരോടും, സംസ്ക്കാര ശുശ്രൂഷകൾ ക്രമീകൃതമാക്കുന്നതിന് ആദിയോടന്തം പരിശ്രമിച്ച വാകത്താനം വലിയപള്ളി, വെള്ളൂത്തുരുത്തി സെന്റ് മേരീസ് ചാപ്പൽ എന്നിവിടങ്ങളിലെ ബഹു. വികാരിയച്ചന്മാർ, കമ്മറ്റിയംഗങ്ങൾ എന്നിവരോടുമുള്ള ഹൃദയംഗമമായി നന്ദി അർപ്പിക്കുന്നു.

**കുടുംബാംഗങ്ങൾക്കുവേണ്ടി**

**റോയി എണ്ണശ്ശേരിൽ**




# മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

ലക്കം 10, പുസ്തകം 69, ഒക്ടോബർ 2012






**5** മഹാപുരോഹിത സന്ദേശം

**6** എഡിറ്റോറിയൽ
വാർദ്ധക്യം: സ്നേഹത്തണലിലെ....
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

**8** ശതാബ്ദി ചിന്ത
കാതോലിക്കേറ്റ്: സ്വാതന്ത്ര്യത്തിന്റെ...
- ഫാ. ഡോ. റ്റി. ഐ. വർഗീസ്

**9** ശതാബ്ദി പ്രഭാഷണം
മാർത്തോമ്മാ കൈമാറിയ...
- പ. കാതോലിക്കാ ബാവാ

**10** വാർദ്ധക്യം
വയോശക്തി...
- ഫാ. ഡോ. ജേക്കബ് കുര്യൻ

**13** ശതാബ്ദി ചിന്ത
കാതോലക്കേറ്റ് സ്ഥാപനം..
- വർഗീസ് ജോൺ തോട്ടപ്പുഴ

**14** വേദപഠിമളം
കുരുവി നൽകുന്ന...
- ഡോ.കെ.ഐൽ. മാത്യു വൈദ്യൻ കോർഎപ്പിസ്ക്കോപ്പാ

**23** ഗസ്റ്റ്
അവയവദാനത്തിന്റെ...
- കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി

**26** സമകാലികം
നീതിയും സമാധാനവും...
- ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്

**28** പരിസ്ഥിതി
അന്തരീക്ഷത്തെ...
- ഡോ. ജോർജ് വർഗീസ് കൊപ്പാറ

ധ്യാനപംക്തി, വനിതാസഭ, ആയൂർദർശനം, പിൻമൊഴി, സമ്യഗ് ദർശനം, വാർത്തകൾ, കത്തുകൾ, ചുറ്റുവട്ടം.



President
Dr. Zachariah Mar Aprem
Chief Editor
Fr. John Thomas Karingattil

Printed and Published by
Fr. Thomas P. Mukalil for
Orthodox Viswasa Paripalana
Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

To Contact Malankara Sabha
For Subscription queiries
sabhamasika@yahoo.com
For Editorial queiries
articlemalnkara@gmail.com

www.malankarasabha.in

Devalokam Kottayam-04;
Ph:0481-2573234
Fax : +91 481 2573234

Rs. 15/-


# BRIEFLY

നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റ് ചെയർമാനായി പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ ചുമതലയേറ്റു

അഖില മലങ്കര മർത്തമറിയം വനിതാ സമാജം വാർഷിക ക്യാമ്പ് ഒക്ടോ. 25 മുതൽ 27 വരെ സുൽത്താൻ ബത്തേരി സെന്റ് മേരീസ് കത്തീഡ്രലിൽ നടത്തും.

ഇന്റർ നാഷണൽ അസോസിയേഷൻ ഫോർ മിഷൻ സ്റ്റഡീസിന്റെ വാർഷിക ക്യാമ്പ് ഒക്ടോബർ 23 മുതൽ 26 വരെ യാച്ചാരത്ത് നടത്തും.

കാതോലിക്കേറ്റ് ശതാബ്ദി പ്രഭാഷണ പരമ്പര ഒക്ടോ, നവം. മാസങ്ങളിൽ മലങ്കരസഭയിലെ 1500 കേന്ദ്രങ്ങളിൽ നടത്തും

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷത്തോട് അനുബന്ധിച്ച് നസ്രാണി മഹാ സമ്മേളനം 2012 നവം. 25 ഞായറാഴ്ച എറണാകുളം മറൈൻഡ്രൈവിൽ നടക്കും.

പരുമല പെരുനാൾ ഒക്ടോബർ 26-ന് കൊടിയേറും, നവം. 1,2 തീയതികളിൽ പ്രധാന പെരുന്നാൾ

# പവിത്രമൊഴി

## ഗീവർഗീസ് മാർ ഗ്രിഗോറിയോസ്

(പരിശുദ്ധ പരുമല തിരുമേനി)



മാതാപിതാക്കളെ അനുസരിക്കാത്തവർ

"മാതാപിതാക്കന്മാരെ അനുസരണമില്ലാതെ അവരുടെ ശത്രുക്കളോട് ചേർന്ന് വിരോധികളായിത്തീർന്നാൽ അവരുടെ ശാപത്തിനു പാത്രീഭവിക്കയും അവരുടെ അവകാശത്തിന് ഇതരന്മാരായിത്തീരുകയും ഇഹത്തിലും പരത്തിലും അവർ അയോഗ്യന്മാരായിരിക്കയും ചെയ്യുന്നതാണ്." (കല്പന 1897 മകരം 23)

മാതൃവഴി-പിതൃവഴി നന്മ

"പിതൃവഴിയിലും മാതൃവഴിയിലുമുള്ള കുടുംബക്കാരെ ഓർത്തു ഭക്തിയായിരിക്കണം. എല്ലാവരെക്കൊണ്ടും നന്മപറയിക്കണം. അതിനു സകലത്തിലും എളുപ്പമുള്ള വഴി ദൈവത്തെ പ്രസാദിപ്പിക്ക"

കുടുംബത്തിന്റെ ഭാഗ്യം

"കുടുംബം യോജിച്ചിരിക്കയും തമ്മിൽ എല്ലാകാര്യവും ആലോചിച്ചു നടക്കുകയും ചെയ്താൽ വലിയഭാഗ്യം"

വയോധികരെ ഓർക്കണം

....കുടുംബത്തിലെ വൃദ്ധന്മാരും വൃദ്ധസ്ത്രീകളും ആയിരിക്കുന്ന കാരണവന്മാരെ പോഷിപ്പിക്കുന്നതും അവരെ സന്തോഷിപ്പിക്കുന്നതും നമുക്കു വലുതായ ഒരു നിക്ഷേപമാകുന്നുവെന്ന് ഓർക്കണം."

വീട്ടിലെ ക്രിസ്തീയപോഷണം

"നിങ്ങളുടെ ചുമതലയിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന വീട്ടിൽ ജനങ്ങളെ, അവർ ദൈവത്തിനു മക്കളായിതീരുവാൻ തക്കവണ്ണം സത്യത്തിലും ദൈവഭക്തിയിലും വളർത്തുവിൻ." (കല്പന 1892 കർക്കടകം 23)

മാതാപിതാക്കളോട്

"നിങ്ങളുടെ മക്കളെ, അവർ ദൈവത്തിന്റെ മക്കളായിത്തിരുവാൻ തക്കവണ്ണം അവരെ സത്യവിശ്വാസത്തിലും സത്യനടപടികളിലും ഭയഭക്തിയിലും അനുസരണത്തിലും സ്നേഹത്തിലും വളർത്തുവിൻ." (കല്പന 1897 മകരം 23)

ഇളംതലമുറയോട്

"നിങ്ങൾ സദാനേരവും വേദവ്യാഖ്യാനങ്ങൾ വായിക്കയും, നിങ്ങളുടെ പിതാക്കന്മാരായ ഞങ്ങൾക്ക് നിങ്ങളുടെ നിമിത്തം ദൈവത്തിന്റെ സന്നിധിയിലും മനുഷ്യരുടെ മുമ്പാകെയും ബഹുമാനവും യശസ്സും വർദ്ധിപ്പാനായി നല്ലവണ്ണം നടക്കയും നിങ്ങളുടെ പിതാക്കന്മാരുടെ ചൊല്ലുവിളിയെ പിന്തുടരുകയും വേണം."

വീട്ടിലെ ക്രിസ്തീയപോഷണം

"നിങ്ങളുടെ ചുമതലയിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന വീട്ടിൽ ജനങ്ങളെ, അവർ ദൈവത്തിനു മക്കളായിതീരുവാൻ തക്കവണ്ണം സത്യത്തിലും ദൈവഭക്തിയിലും വളർത്തുവിൻ." (കല്പന 1892 കർക്കടകം 23)

മലങ്കരസഭ

10 ഒക്ടോബർ 2012

എല്ലാ മാസവും മലങ്കരസഭയുടെ അക്ഷര പ്രകാശം

EDITORIAL BOARD

*പ്രസിഡന്റ്*
ഡോ. സഖറിയാസ് മാർ അപ്രേം
Phone: 0481-2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 0481-2578500

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Mob:- 9447421948

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*അംഗങ്ങൾ*
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

*Graphic Designing:-*
Jinto Kurichy at
Malankara Sabha, Devalokam.

*Cover Design & Photo:-*
Father 'N' Mayar Innovative Concepts

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റ പ്രതി:15 രൂപ
ഒരു വർഷം: 150 രൂപ
3 വർഷം: 450 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

# മഹാപുരോഹിത സന്ദേശം



വാത്സല്യമക്കളെ,

മലങ്കരസഭയുടെ ചരിത്രത്തിലെ സുപ്രധാനമായ നാഴികക്കല്ലാണ് 2012. കാതോലിക്കേറ്റിന്റെ ശതാബ്ദിവർഷമാണിത്. നമ്മുടെ പിതാക്കന്മാർ മലങ്കരസഭയുടെ അസ്തിത്വത്തിനും നിലനിൽപ്പിനുംവേണ്ടി പോരാടിയത് സഭാമക്കൾ നന്ദിയോടെ സ്മരിക്കണം.

മലങ്കരസഭയുടെ അസ്തിത്വത്തിനോ വ്യക്തിത്വത്തിനോ പോറൽ ഏൽക്കാതെ സഭ നിലനിന്നെങ്കിലും 15-ാം നൂറ്റാണ്ടുമുതൽ സർവ്വമണ്ഡലങ്ങളിലും വൈദേശിക മേധാവിത്വം ശക്തിപ്രാപിച്ചു. സമൂഹത്തിൽ ഉണ്ടായ ഉപഭോഗ തൃഷ്ണ പിന്നീട് രാഷ്ട്രീയത്തിലും സഭയിലും എത്തി.

രാഷ്ട്രീയത്തിൽ പോലും അധികാരത്തിലെത്താൻ വൈദേശികൾക്ക് കഴിഞ്ഞെങ്കിൽ സഭയുടെ കാര്യം എളുപ്പമാകുമല്ലോ. മലങ്കരസഭയുടെ സ്വാതന്ത്ര്യവും സ്വത്വവും സംരക്ഷിക്കുവാൻ കഠിനമായി പ്രയത്നിച്ചവർ അനേകരാണ്. കണ്ണിലെ കൃഷ്ണമണി പോലെ മലങ്കര സഭയെ പരിരക്ഷിക്കുവാൻ നമ്മുടെ പിതാക്കന്മാർ പരിശ്രമിച്ചിരുന്നു. സഭയെ അവർ തങ്ങളുടെ ഹൃദയത്തിൽ വഹിച്ചവരായിരുന്നു. ആത്മാവിൽ ഏറ്റെടുത്തവരായിരുന്നു. അവരുടെ സേവനങ്ങളെ ശതാബ്ദി വർഷത്തിൽ നന്ദിപൂർവ്വം സ്മരിക്കാം.

മലങ്കരസഭയിൽ സഭാചരിത്ര ബോധനം എല്ലായിടത്തും വളർന്നുവരണം. നമ്മുടെ സഭയുടെ അടിവേരുകളും ഉറവകളും കണ്ടെത്തുവാനുള്ള ബോധനം ഇടവക തലത്തിൽ വളർത്തിയെടുക്കണം. അങ്ങനെ ഒരു സ്വത്വാവബോധം രൂപപ്പെടണം.

ഇത് ദേശീയ സഭയാണ്. ഈ സഭയുടെ സ്വാതന്ത്ര്യവും സ്വയശീർഷകത്വവും അസ്തിത്വവും വരും തലമുറയെ ബോധ്യപ്പെടുത്തേണ്ടതാണ്. സാധാരണക്കാരിലേക്ക് പകർന്നു നൽകേണ്ട സഭാദർശനമാണിത്. നാം പിറന്ന് വീണ മണ്ണിലെ അപ്പോസ്തോലിക പൈതൃകത്തിലാണ് നാം അഭിമാനം കൊള്ളേണ്ടത്.


സഭയുടെ സ്വാതന്ത്ര്യത്തിന്റെ വില എന്തെന്ന് വളരുന്ന തലമുറ മനസ്സിലാക്കണം. വിശ്വാസത്തിനും സഭയുടെ സ്വാതന്ത്ര്യത്തിനും ദേശീയതയ്ക്കും വേണ്ടി പ്രാണൻ കൊടുത്തും അദ്ധ്വാനിച്ച പിതാക്കന്മാരെക്കുറിച്ചും സഭയെക്കുറിച്ചും ഏവരും മനസ്സിലാക്കണം. കാതോലിക്കേറ്റിന്റെ ചരിത്രവും അറിവും പുതുതലമുറയ്ക്ക് പകർന്നു കൊടുക്കുവാൻ ഏവർക്കും ഉത്തരവാദിത്വം ഉണ്ട്. എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ.

**ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ**

*(കാതോലിക്കേറ്റ് ശതാബ്ദിയോടനുബന്ധിച്ച് 1500 സ്ഥലങ്ങളിൽ നടത്തുന്ന കാതോലിക്കേറ്റ് പ്രഭാഷണ പരമ്പരയുടെ കേന്ദ്ര തല ഉദ്ഘാടനത്തിൽ നടത്തിയ പ്രഭാഷണത്തിൽ നിന്ന് - കോട്ടയം ഏലിയാ കത്തീഡ്രലിൽ.*

**EDITORIAL**

# വാർദ്ധക്യം: സ്നേഹത്തണലിലെ സാന്ത്വന സ്പർശം




## TWILIGHT YEARS
### in the shades of love

2012 ഒക്ടോബർ മുതൽ ഡിസംബർ വരെ ഇടവകകൾ കേന്ദ്രീകരിച്ച് വൃദ്ധജന സംരക്ഷണവും സാന്ത്വന ശുശ്രൂഷയും

....ഒന്നു സഹായിക്കണം.
പരിചയമുള്ള വൃദ്ധ സദനങ്ങളുണ്ടോ?
അമ്മയെ താമസിപ്പിക്കുവാനാണ്. പണം ഒരു പ്രശ്നമല്ല. ഞങ്ങൾക്ക് ലീവില്ല.
തിരികെപ്പോകണം....!

(ഒരു ഫോൺ സംഭാഷണം)

"മുത്തശ്ശിയായ സ്വന്തം അമ്മയെ വൃദ്ധസദനത്തിലാക്കി തിരിച്ചിറങ്ങിയപ്പോൾ കൊച്ചുമകൾ മുത്തശ്ശിയെ സാന്ത്വനിപ്പിച്ചു. സാരമില്ല മുത്തശ്ശീ... ഞാൻ വലുതാകുമ്പോൾ അമ്മയേയും ഈ വൃദ്ധ സദനത്തിലാക്കാം. അന്നേരം മുത്തശ്ശിക്ക് അമ്മയെ കാണാമല്ലോ...!

(ഫെയ്സ്ബുക്കിലെ മിനിക്കഥ)

"നിങ്ങളുടെ പ്രിയപ്പെട്ട മാതാപിതാക്കൾക്ക് സുഖകരമായ താമസ സൗകര്യവും സ്നേഹ സ്പർശവും ഞങ്ങൾ നൽകുന്നു. കൂടാതെ അറ്റാച്ച്ഡ് ബാത്ത്റൂം, മൊബൈൽ ഫോൺ, ടെലിവിഷൻ, കേബിൾ ചാനലുകൾ, കമ്പ്യൂട്ടർ ഗെയിം, ഇന്റർനെറ്റ്, ഫെയ്സ് ബുക്ക്... തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ആവശ്യാനുസൃതം ഞങ്ങൾ ഒരുക്കിക്കൊടുക്കുന്നു...."

(ഒരു വൃദ്ധസദനത്തിന്റെ പരസ്യം)

ആഗോള ഗ്രാമമായ ലോകം 'നര'യുഗത്തിലേക്ക് കുതിക്കുന്നു 2050-ഓടെ 60 കഴിയുന്നവരുടെ സംഖ്യ 200 കോടി കവിയും. ഇപ്പോൾ ലോക ജനസംഖ്യയിൽ എട്ടിൽ ഒരാൾ 60 കഴിഞ്ഞവരാണ്. വാർദ്ധക്യത്തെ തരംതിരിച്ച് യുവവൃദ്ധർ (60-70), മദ്ധ്യവൃദ്ധർ (70-80), പടുവൃദ്ധർ (80-100), എന്ന് ക്രമപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ 50 കഴിയുമ്പോൾ, ഏകാന്തതയും നിസ്സഹായതയും വർദ്ധിക്കുന്നതിനാൽ വാർദ്ധക്യം നേരത്തെ ആരംഭിക്കുന്നതായി പുതിയ പഠനങ്ങൾ തെളിയിക്കുന്നു. അതിനാൽ വാർദ്ധക്യത്തെ നേരിടുവാനുള്ള വിവിധ പദ്ധതികൾക്ക് പ്രസക്തി വർദ്ധിച്ചു. മറ്റ് ഏതു പ്രായത്തേക്കാളും 60 കഴിഞ്ഞവരുടെ എണ്ണം അതിശീഘ്രം വർദ്ധിക്കുന്ന സാഹചര്യത്തിലാണ് വയോധിക സാന്നിധ്യ പഠനവും പദ്ധതിയും പ്രസക്തമാകുന്നത്.

2012 ഒക്ടോബർ ഒന്നിന് 'ലോക വാർദ്ധക്യദിന'ത്തിൽ യു. എൻ. പ്രസിദ്ധീകരിച്ച വാർദ്ധക്യത്തെക്കുറിച്ചുള്ള ലോകറിപ്പോർട്ടിൽ (Global Report on Ageing) ജനന നിരക്ക് കുറയുന്നതിനാൽ യുവത്വത്തിന്റെ കാഹളം നഷ്ടപ്പെടുന്ന സംസ്കാരത്തെക്കുറിച്ചും 2050-ഓടെ ലോകത്തെ 60 രാജ്യങ്ങളിലെങ്കിലും 60 കഴി



ഞ്ഞവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നതിനെക്കുറിച്ചും മുന്നറിയിപ്പ് നൽകുന്നു. സമ്പന്ന രാജ്യങ്ങളിൽപോലും വാർദ്ധക്യ ഭീഷണി ശക്തമാണ്. വികസ്വര രാജ്യങ്ങളിൽ വൃദ്ധർക്ക് അവഗണന, അവമാനം, പീഡനം, ആക്രമണം എന്നിവ നേരിടേണ്ടി വരുന്നു. ഇവയ്ക്കു കൂടുതൽ ഇരകളാകുന്നവർ വൃദ്ധകളാണ്. ആയുർ ദൈർഘ്യം പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾക്കാണ്. വിദ്യാഭ്യാസം, ആരോഗ്യം, സമ്പത്ത്, സ്വത്തവകാശം എന്നിവയിലെല്ലാം വൃദ്ധ പിന്തള്ളപ്പെടും.

വാർദ്ധക്യത്തെ ക്രിയാത്മകമായി നേരിടുവാനുള്ള പദ്ധതികൾ ലോകാരോഗ്യ സംഘടനകളും വൻകിടരാജ്യങ്ങളും ആവിഷ്കരിച്ചു കഴിഞ്ഞു. പുതിയ നൂറ്റാണ്ടിൽ 'വാർദ്ധക്യം ആഘോഷമാക്കുകയാണ്'. വൃദ്ധർ സുരക്ഷിതത്തോടും അന്തസ്സോടും ജീവിക്കുന്ന സംവിധാനത്തെക്കുറിച്ചുള്ള ദർശനങ്ങളാണ് ലക്ഷ്യമാക്കുന്നത്.

ഫലപ്രദവും സന്തോഷപ്രദവുമായ വാർദ്ധക്യം ഏവർക്കും ഉണ്ടാകണം. അത് ക്രിയാത്മകമായി ആവിഷ്ക്കരിക്കുവാനുള്ള പദ്ധതികൾ വേണം. ആരോഗ്യവും സാമ്പത്തിക സുരക്ഷിതത്വവും സൗഹൃദ കൂട്ടായ്മയും ലഭിച്ചാൽ വാർദ്ധക്യം ഒരുപരിധിവരെ സന്തുഷ്ടവും സമൃദ്ധവുമാകും. അരോഗതയോടും അന്തസ്സോടും വയോജനങ്ങൾക്ക് ജീവിക്കുവാനുള്ള സൗകര്യം സൃഷ്ടിക്കപ്പെടണം. സാമ്പത്തികവും സാമൂഹികവുമായ സുരക്ഷിതത്വവും ആരോഗ്യസംരക്ഷണവും വയോജനങ്ങൾക്ക് അടിയന്തിര ആവശ്യമാണ്.

വാർദ്ധക്യത്തിന് നിയമപരിരക്ഷ നൽകുന്ന ചട്ടങ്ങൾ 2003 മുതൽ അന്തർദേശീയ തലങ്ങളിൽ രൂപപ്പെട്ടു. ഇന്ത്യയിൽ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ചട്ടങ്ങളും (Maintenance and welfare of Parents and Senior citizens Act & Rules) 2007-ൽ നിലവിൽ വന്നു. ഇത് 2009 മുതൽ കേരളത്തിലും പ്രാബല്യമായി. വൃദ്ധർക്ക് ഭക്ഷണം, പാർപ്പിടം, വസ്ത്രം, ആരോഗ്യ സംരക്ഷണം എന്നിവ ലഭ്യമാക്കുവാനുള്ള അവകാശം ഇതിൽ ഉറപ്പാക്കുന്നു. വൃദ്ധരെ സംരക്ഷിക്കുവാനുള്ള ചുമതല മക്കൾക്കും ബന്ധുക്കൾക്കുമുണ്ട്.

മക്കളോ കൊച്ചുമക്കളോ ബന്ധുക്കളോ വൃദ്ധരെ സംരക്ഷിക്കുവാൻ തയാറാകാതെവന്നാൽ അവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാനും നിയമാനുസൃതമായ അവകാശികൾക്ക് നൽകിയ സ്വത്തിന്റെ കൈമാറ്റ നടപടികൾ അസാധുവാക്കുവാനും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. ഇവരുടെ സംരക്ഷണത്തിൽ ഉദാസീനത കാണിക്കുന്നവർക്ക് എതിരെ തടവും പിഴയും നൽകുന്ന ശിക്ഷണ നടപടി സ്വീകരിക്കുവാനും കഴിയും.

വയോജനങ്ങൾക്കായി നടപ്പാക്കുന്ന പദ്ധതികൾ, നയങ്ങൾ, പുതിയ സമീപനങ്ങൾ, നിയമങ്ങൾ എന്നിവ സർക്കാരും പൊതു സമൂഹവും ഒന്നിച്ച് ആവിഷ്ക്കരിക്കേണ്ടതാണ്. ഇവിടെ സഭകൾക്കും മുഖ്യഉത്തരവാദിത്വമുണ്ട്. വയോജകർക്കുള്ള പെൻഷൻ പദ്ധതി, ആരോഗ്യ ഇൻഷുറൻസ്, സാമൂഹിക സുരക്ഷിതത്വം എന്നിവ ശക്തിപ്പെടുത്തണം. അംഗീകാരം, സ്നേഹം, സുരക്ഷിതത്വം, കരുതൽ, സൗഹൃദ കൂട്ടായ്മകൾ എന്നിവ സ്നേഹത്തണലിലെ സാന്ത്വന സ്പർശമായി തീരണം. വൃദ്ധരെ സംരക്ഷിക്കുവാനുള്ള മാനസികവും ആത്മീയവുമായ പരിശീലനം ഏവർക്കും ലഭ്യമാകണം. ജീവിതസായാഹ്നങ്ങളിൽ എത്തിയ മാതാപിതാക്കളെ സുരക്ഷിതമായി ഭവനങ്ങളിൽ സംരക്ഷിക്കുവാനുള്ള പ്രബോധനവും ശക്തിപ്പെടണം.

> "അംഗീകാരം, സ്നേഹം, സുരക്ഷിതത്വം, കരുതൽ, സൗഹൃദയ കൂട്ടായ്മകൾ എന്നിവ സ്നേഹത്തണലിലെ സാന്ത്വന സ്പർശമായി തീരണം. വൃദ്ധരെ സംരക്ഷിക്കുവാനുള്ള മാനസ്സികവും ആത്മീയവുമായ പരിശീലനം ഏവർക്കും ലഭ്യമാകണം."

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com




# കാതോലിക്കേറ്റ്: സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനം

**കാതോലിക്കേറ്റ് സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ് എന്നു മാത്രമല്ല അത് സ്ഥിതിചെയ്യുന്ന മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനവും കൂടിയാണ്. കാതോലിക്കേറ്റിന്റെ സ്വാതന്ത്ര്യം മലങ്കരസഭയുടെ സ്വാതന്ത്ര്യമാണ്.**

ഫാ. ഡോ. റ്റി. ഐ. വർഗീസ്

**'കാതോലിക്കേറ്റിന്റെ ശതാബ്ദി' അർത്ഥമാക്കുന്നത് എന്താണ്.**

1912 സെപ്തം. 15-നായിരുന്നല്ലോ ആദ്യ കാതോലിക്കായെ വാഴിച്ചത്. മലങ്കരസഭയിലെ അന്നത്തെ നേതൃത്വം കാതോലിക്കേറ്റിനെപ്പറ്റി നിലനിർത്തിയ ചിന്തയിൻപ്രകാരമാണ് ആ നടപടി. അതിൻ പ്രകാരം കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനമാണ് നടന്നത്. വേറെ വിധത്തിലും ചിന്തിച്ച ചരിത്രകാരന്മാർ പിന്നീടുണ്ടായി. എങ്കിലും അവരെ കാര്യമാക്കിയില്ല.

കാതോലിക്കേറ്റിനെപ്പറ്റി അന്നത്തെ പിതാക്കന്മാർ ചിന്തിച്ചിരുന്നത്: 3-ാം നൂറ്റാണ്ടോടെ പേർഷ്യൻ സാമ്രാജ്യത്തിൽ രൂപംകൊണ്ട് 'കാതോലിക്കേറ്റ്' എന്ന് പിന്നീട് പേരുണ്ടായ സ്ഥാനം നെസ്തോറിയരുടെ നിയന്ത്രണത്തിലായതിനെത്തുടർന്ന് 7-ാം നൂറ്റാണ്ടിൽ അത് സത്യവിശ്വാസികളുടെ ഇടയിലേക്ക് തെഗ്രീസ് എന്ന സ്ഥലം കേന്ദ്രീകരിച്ച് മാറ്റി സ്ഥാപിച്ചു എന്നും അത് 19-ാം നൂറ്റാണ്ട് വരെ അഭിവൃദ്ധിക്ഷയങ്ങളോടെ നിലനിന്നുവന്നിരുന്നുവെന്നും അതാണ് 1912-ൽ മലങ്കരയിൽ പുനഃസ്ഥാപിച്ചതെന്നുമാണ്. പുനഃസ്ഥാപിച്ചതു മുതൽ 2012 വരെ 100 വർഷമായതുകൊണ്ട് കാതോലിക്കേറ്റിന്റെ ശതാബ്ദി എന്നു പറയാൻ പ്രേരിതരായി.

എന്നാൽ 1912-ൽ സ്ഥാപിച്ചത് പുനഃസ്ഥാപനമോ യഥാർത്ഥ സ്ഥാപനമോ എന്ന ചോദ്യം വരുമ്പോൾ ചരിത്രപരമായ ചില പ്രതിസന്ധിയുണ്ടാകുന്നു. പുനഃസ്ഥാപനമെന്ന ചിന്തയിൽ 1912-ൽ സ്ഥാപിതമായ കാതോലിക്കേറ്റ് അതിനുശേഷം അന്ത്യോഖ്യാ സുറിയാനി പാത്രിയർക്കീസിനെ ആശ്രയിക്കാതെ സ്വതന്ത്രസഭ എന്ന നിലയിൽ, സ്വതന്ത്രമായി ഈ സ്ഥാനിയെ മേലിൽ നിയമിച്ചാക്കാനും, ഈ സ്ഥാനിയിലൂടെ മലങ്കരസഭയ്ക്കാവശ്യമുള്ള മേൽപട്ടക്കാരെ വാഴിക്കാനും, മൂറോൻകൂദാശ തുടങ്ങിയ കാര്യങ്ങൾ ചെയ്യാനും കഴിഞ്ഞു. അവ 1912 മുതൽ കാതോലിക്കേറ്റിന്റെ സാന്നിദ്ധ്യ - സേവനങ്ങളിലൂടെ ഇവ നിർവഹിക്കുന്നു. കാതോലിക്കേറ്റ് 1934-ലെ സഭാഭരണഘടനയിലൂടെയും 1958-ലെ സുപ്രീംകോടതിവിധിയിലൂടെയും തത്വത്തിൽ ചോദ്യം ചെയ്യാൻ പാടില്ലാത്തവിധം അംഗീകരിക്കപ്പെട്ടു. 1964-ൽ കാതോലിക്കാവാഴ്ചയിലൂടെ പാത്രിയർക്കീസും അതംഗീകരിച്ചു. അതിനുശേഷം അത് പാത്രിയർക്കീസിന്റെ സമസ്ഥാനിയല്ല എന്ന തർക്കങ്ങളും വ്യവഹാരങ്ങളും വിഭജനങ്ങളുമൊക്കെയുണ്ടായെങ്കിലും ഇവയൊന്നും വകവയ്ക്കാതെ കാതോലിക്കേറ്റ് അതിന്റെ സേവനങ്ങൾ കൃത്യമായി നിർവഹിച്ചുവരുന്നു. അത് അങ്ങനെ ശതാബ്ദി തികച്ചിരിക്കുന്നത് തികച്ചും മലങ്കരസഭയ്ക്കു അഭിമാനം തന്നെ.

# മാർത്തോമ്മാ കൈമാറിയ വിശ്വാസദീപ്തി

**പ. കാതോലിക്കാ ബാവാ**

**ന്യൂയോർക്ക്:** മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെയും സ്വയാധികാരത്തിന്റെയും ഉദ്ഘോഷണമാണ് കാതോലിക്കേറ്റ് ശതാബ്ദിയിൽ പ്രതിഫലിക്കുന്നതെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവാ പ്രസ്താവിച്ചു. അമേരിക്കയിലെ നോർത്ത് ഈസ്റ്റ് ഭദ്രാസനത്തിന്റെ കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ സമാപന പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ. ബാവ.

നമ്മുടെ പൂർവ്വ പിതാക്കന്മാർ സഭാജീവിതത്തിലൂടെ പ്രതീക്ഷാനിർഭരമായി നിലകൊണ്ടതിന്റെ സ്മരണയാണ് ഈ ആഘോഷം. ക്രിസ്തുവിൽ നമുക്കുള്ള യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ ഉദ്ഘോഷണവുമാണിതെന്ന് പ. ബാവ പറഞ്ഞു.

മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തോടും അതുവഴിയുള്ള അപ്പോസ്തോലിക പിന്തുടർച്ചയോടും സ്വതന്ത്രമായ നിലനിൽപ്പിനോടും സഭ എക്കാലവും വിശ്വസ്തത പുലർത്തുന്നു. അത് അധികാരത്തിനു വേണ്ടിയുള്ള ദാഹമല്ല, മറിച്ച് ബലിവേദിയുടെ കാണപ്പെടുന്ന വികാസവും വർദ്ധനവും ആണ്. സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അസംഗതമായ താൽപ്പര്യം മൂലവുമല്ല ഇത്. കാരണം ഒരിക്കലും നാം ഒരു മേൽക്കോയ്മയുടേയോ അധികാരത്തിന്റെയോ നുകത്തിന്റെയോ കീഴിലായിരുന്നില്ല. സ്വാഭാവികമായ ഒരു പരിണാമത്തിലൂടെയാണ് ഇതു സാധിതമായത്

തോമാശ്ലീഹായുടെ ജീവിതവും പ്രവർത്തിയും പരിശോധിക്കുമ്പോൾ അദ്ദേഹത്തിന്റെ അഗാധമായ വിശ്വാസവും ഭക്തിയും നമ്മെ അതിശയിപ്പിക്കും. പലസ്തീൻകാരനായ അദ്ദേഹം ജന്മനാടും ബന്ധുക്കളെയും വിട്ട് ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുക എന്ന ദൗത്യവുമായി അജ്ഞാതമായ നാടുകളിലേക്ക് പുറപ്പെട്ടു. കഠിനയാതനകളിലൂടെ കടന്നു പോയിയെങ്കിലും ദൈവം തന്നെ കൈവിടില്ല എന്ന അചഞ്ചലമായ വിശ്വാസം അദ്ദേഹത്തിന്റെ കൈമുതലായിരുന്നു.

ഇതേ ത്യാഗമനോഭാവവും വിശ്വാസ ചൈതന്യവുമാണ് നൂറ്റാണ്ടുകളിലൂടെ മലങ്കര സഭയെയും നയിച്ചത്. തോമാശ്ലീഹായുടെ സ്ഥിരത, സത്യത്തിനായുള്ള അർപ്പണ മനോഭാവം, ക്രിസ്തുവിനോടും നാടിനും വേണ്ടിയുള്ള സമർപ്പണം എന്നിവയെല്ലാം തലമുറകളിലൂടെ സഭാപിതാക്കന്മാരിലൂടെ കൈമാറിപ്പോകുന്നു. മറ്റ് ഓർത്തഡോക്സ് സഭകളിലെപ്പോലെ പീഡനങ്ങൾ മലങ്കര സഭയും നേരിട്ടു. പാശ്ചാത്യ നാട്ടിൽ നിന്നു നാം പീഡനം അനുഭവിച്ചു. പാശ്ചാത്യ ക്രൈസ്തവർ ഓർത്തഡോക്സ് വിശ്വാസികൾക്കിടയിൽ നുഴഞ്ഞു കയറാനും വിശ്വാസത്തെ കളങ്കപ്പെടുത്താനും കീഴടക്കാനും ശ്രമിച്ചു.

പക്ഷേ അവർ വിജയിച്ചില്ല. ക്രിസ്തു ശിഷ്യനായ തോമാശ്ലീഹാ പ്രഘോഷിച്ച വിശ്വാസ സത്യങ്ങളിൽ സഭ അടിയുറച്ചു നിന്നു. ഇന്ന് മറ്റു സഹോദര ഓർത്തഡോക്സ് സഭകൾക്കൊപ്പം മലങ്കര സഭയും ഒരു സുവിശേഷത്തിന് സാക്ഷ്യം വഹിക്കുകയും നമ്മുടെ പിതാവ് തോമാശ്ലീഹായുടെ പ്രവർത്തനങ്ങൾ മുമ്പോട്ട് കൊണ്ടുപോകുകയും ചെയ്യുന്നു.

പ്രിയ മക്കളേ, നിങ്ങളുടെ സുന്ദരമായ മുഖത്തേക്കു നോക്കുമ്പോൾ, അപ്പസ്തോലിക ദൗത്യം അമേരിക്കയിലും നാട്ടിലും അഭംഗുരമായി തുടരുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. സെന്റ് തോമസിന്റെ പാരമ്പര്യം കേരളത്തിൽ മാത്രം ഒതുങ്ങുന്നതല്ല. അത് ലോകത്തിന്റെ എല്ലാ ഭാഗത്തേക്കും വ്യാപിച്ചിരിക്കുന്നു.

ഈ ആഘോഷം പുനർവിചിന്തനത്തിനും വീണ്ടും തങ്ങളെ തന്നെ സമർപ്പിക്കുന്നതിനും ഭാവി തലമുറകളിലേക്ക് വിശ്വാസ ദീപ്തി പകരുന്നതിനും ഇടയാകട്ടെ. പ. ബാവാ ആശംസിച്ചു. ഭദ്രാസനാധിപൻ സഖറിയ മാർ നിക്കോളാവാസ് അദ്ധ്യക്ഷത വഹിച്ചു.

**– ജോർജ് തുമ്പയിൽ, ന്യൂയോർക്ക്**

**1912-ലെ മലങ്കരസഭയുടെ സഭാപരമായ അവസ്ഥ എന്തായിരുന്നു?**

1876 മുതൽ 1912 വരെ മലങ്കരസഭയിലെ നവീകരണേതരവിഭാഗം അന്ത്യോഖ്യൻ സുറിയാനിസഭയുടെ ഒരു അനിഷേധ്യ ഭാഗമായി നിലകൊള്ളുന്നതായി ശഠിച്ചുവന്നിരുന്ന ഒരു സഭാസ്ഥിതിയിലായിരുന്നു നിലനിന്നിരുന്നത്.

മലങ്കരസഭയുടെ ഉൾഭരണസ്വാതന്ത്ര്യം ബഹുമാനിച്ചുകൊണ്ട് ഒരു വ്യവസ്ഥാപിത സ്നേഹസൗഹാർദ്ദം അന്ത്യോഖ്യാ പാത്രിയർക്കാ ബന്ധം നിലനിർത്തി പോരണമെന്നാണ് മലങ്കരസഭയുടെ ആഗ്രഹം. എന്നാൽ അത് പാത്രിയർക്കീസിനോട് നടത്തിത്തരണമെന്ന് മലങ്കരസഭയ്ക്ക് ഒറ്റക്കെട്ടായി നിന്ന് ആവശ്യപ്പെട്ടു നടപ്പിലാക്കാൻ കഴിഞ്ഞില്ല. കാതോലിക്കേറ്റ് സ്ഥാപനം വഴി അതിനെ എതിർക്കുന്നതും അനുകൂലിക്കുന്നതുമായ രണ്ട് കക്ഷികളുണ്ടായി. ഇതിനൊരു പരിഹാരം ശാശ്വതമായിട്ടുണ്ടായില്ല.

**1912-ലേത് കാതോലിക്കേറ്റോ മഫ്രിയാനേറ്റോ? സ്ഥാപനമോ പുനഃസ്ഥാപനമോ?**

വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കിനെത്തുടർന്ന് പാത്രിയർക്കീസിനെ അനുകൂലിക്കുന്നതും വട്ടശ്ശേരിൽ തിരുമേനിയെ അനുകൂലിക്കുന്നതുമായ രണ്ടു കക്ഷികൾ രൂപംപ്രാപിച്ചു. ഇവർ പതിറ്റാണ്ടുകളോളം വ്യവഹരിച്ചു. അതിലേക്ക് നയിച്ച കാരണം 1912-ൽ കാതോലിക്കേറ്റ്, മെത്രാൻകക്ഷിയെന്നറിയപ്പെട്ട വട്ടശ്ശേരിൽ മെത്രാച്ചന്റെ ഭാഗം, സ്ഥാപിച്ചുവെന്നതാണ്. ആ സ്ഥാപനകർമ്മം നടത്തിയ അബ്ദേദ് മശിഹാ, 1912 സെപ്തം. 17-നും 1913 ഫെബ്രു. 8-ലും പുറപ്പെടുവിച്ചതായ രണ്ട് കല്പനകളിൽ പറഞ്ഞിരിക്കുന്നത് 'നിങ്ങളുടെ ആവശ്യപ്രകാരം മഫ്രിയാനയെ അതായത് കാതോലിക്കായെ വാഴിച്ചിരിക്കുന്നു'വെന്നല്ലാതെ ഈ സ്ഥാപനത്തെ 'പുനഃസ്ഥാപിച്ചിരിക്കുന്നുവെന്ന്' സൂചനയില്ല. 1934-ലെ സഭാ ഭരണഘടനയിലാണ് പുനഃസ്ഥാപനമെന്ന് ഉപയോഗിച്ചിരിക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 1912-ൽ അത് സ്ഥാപിതമായപ്പോൾ കാതോലിക്കായും മഫ്രിയാനയും ഒരേ സ്ഥാപനമാണെന്ന രീതിയിലാണ് അർത്ഥമാക്കിയിട്ടുള്ളത്. എന്നാൽ 1934-ലെ ഭരണഘടനയി

ശേഷം 12-ാം പേജിൽ



# വയോശക്തി അപാരശക്തി

## വാർദ്ധക്യം

**ഫാ. ഡോ. ജേക്കബ് കുര്യൻ**
പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി

ഭാരതസംസ്കാരത്തിൽ മനുഷ്യർക്ക് നാലു പ്രധാന ജീവിതാവസ്ഥകൾ ("ആശ്രമം") ഉണ്ട്. ബ്രഹ്മചര്യം, ഗൃഹസ്ഥം, വാനപ്രസ്ഥം, സന്യാസം. ഇവയിൽ 'വാനപ്രസ്ഥം' ഗൃഹസ്ഥത്തിന്റെ ഉത്തരകാണ്ഡവും സന്യാസത്തിന്റെ പൂർവ്വകാണ്ഡവും എന്നുവിശേഷിക്കപ്പെടാം. ജ്ഞാനപൂർണ്ണതയോടെ കർമ്മമനുഷ്ഠിക്കുന്നതിന്റെ അപാരസാധ്യതകൾ വാനപ്രസ്ഥത്തിനുണ്ട്. 'നിഷ്കാമകർമ്മം' അർത്ഥപൂർണ്ണമാകുന്നതും ഈ ഘട്ടത്തിലാണ്. വലിയ ഗുരുക്കന്മാർ ശിഷ്യർക്ക് വിദ്യയുടെ അമൃത് വിളമ്പിയിട്ടുള്ളത് ഈ അവസ്ഥയിലാണ്. പക്ഷെ, ആധുനികതയുടെ ഒരു നിർഭാഗ്യം, വാനപ്രസ്ഥത്തെയും സന്യാസത്തെയും, "വാർധക്യം" എന്നും, "ജീവിതസായാഹ്ന"മെന്നും ഉള്ളരീതിയിൽ തമസ്ക്കരിച്ചുവെന്നതാണ്. ഒന്നും ചെയ്യുവനില്ലാതെ, സാധ്യതകൾ ചോർന്നുപോയ, മരണത്തെകാത്തിരിക്കുന്ന ഭീകരചിത്രം അവയ്ക്കു വന്നുപോയി. ശൈശവവും, ബാല്യവും, യൗവനവും കഴിഞ്ഞ് നേരേ 'വാർധക്യ'ത്തിലേക്ക് 'ഉടനടി'പ്പെട്ടു പോകുന്ന അവസ്ഥ ഭയങ്കരമാണ്! നിർഭാഗ്യവശാൽ 'വയോധിക' എന്നപദത്തിനും 'അധികം വയസ്സുചെന്ന' എന്ന അർത്ഥമാണ് 'ശബ്ദസാഗരം' നൽകിയിരിക്കുന്നത്. "വയോജനം" എന്നുപറഞ്ഞാൽ, 'വയസ്സുള്ള ജനം' എന്ന് സൂചിപ്പിക്കുകയും, അതിനെ ഒത്തിരിവയസ്സുള്ളവർ എന്ന് ധരിക്കുകയും ചെയ്യാതെ പ്രായത്തിന്റെ ശക്തി ('വയോശക്തി') സംഭരിച്ചവർ എന്നയർത്ഥത്തിൽ, വാനപ്രസ്ഥത്തിന്റെ പുതിയ പദപ്രയോഗമായിട്ടെടുക്കുവാൻ നമുക്കു കഴിയണം. വയോശക്തി അപാരശക്തിയെന്ന് അംഗീകരിക്കുവാനും, തെളിയിക്കുവാനും ഉള്ള ചരിത്രനിയോഗം നമ്മുടെ തലമുറ ഏറ്റെടുക്കണം എന്ന് സാരം. സഭയിലും സമൂഹത്തിലും പ്രസ്തുത ശക്തിയെ പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കുമ്പോൾ ജീവിത സായാഹ്നത്തിന് "തണലു" നൽകുന്നതിനുപകരം, "സായാഹ്നം" അനേകർക്ക് "തണലാ"യി മാറുന്ന ചിത്രമാണ് നാം കാണുവാൻ പോകുന്നത്.

"ഉപയോഗിക്കപ്പെടാതെ, പാഴായിപ്പോകുന്ന താലന്തുകളാണ് ഏറ്റവും വലിയ ശവപ്പറമ്പ്"

വയോശക്തിയുടെ പൊതുവായ ആറു തത്വങ്ങൾ ആദ്യം പങ്കുവച്ചിട്ട്, വയോശക്തിയുടെ കർമ്മചൈതന്യം *സഭയ്ക്കും സമൂഹത്തിനും* പ്രയോജനപ്പെടുത്തുവാനുള്ള ആറു സാധ്യതകൾ കൂടി കുറിക്കട്ടെ.

### വയോശക്തിയുടെ ആറു തത്വങ്ങൾ ("ELDERS")

1. ***E**xperience* - *അനുഭവസമ്പത്ത്*

ജീവിതാനുഭവങ്ങളുടെ സമ്പന്നത പങ്കുവയ്ക്കുവാൻ കഴിയുന്ന അപാരസാധ്യത നിസാരമാണോ?

2. **Learning** - അറിവ്

വിദ്യാഭ്യാസത്തിലും ഉപരിയാണ്, ജീവിതപാഠങ്ങൾ നൽകുന്ന വിശാലമായ

അറിവ്. ആ അറിവ് പ്രയോഗിക്കുവാൻ അവസരങ്ങൾ ഉണ്ടാകേണ്ടതല്ലേ?

3. **D**iscernment - *വിവേചനശക്തി*

എന്താണ് കാമ്യം, എന്താണ് വർജ്യം എന്ന വിവേചനശക്തിയിൽ നിന്നുള്ള മാതൃകകളെ അവഗണിക്കാനാവുമോ?

4. **E**nlightenment - *ആത്മവെളിച്ചം*

വിശ്വാസത്തിന്റെയും പൈതൃകത്തിന്റെയും ഉൾവെളിച്ചം ഉള്ള അവസ്ഥയും, യുക്തിയുടെയും വൈകാരികതയുടെയും പ്രലോഭനങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ അനുഭവിച്ചറിയാവുന്നതാണല്ലോ?

**5. R**esources - *വിഭവശേഷി*

വിഭവസമ്പന്നത വ്യക്തമാക്കുന്നത് സമയലഭ്യത, പ്രവർത്തനശേഷി, വൈദഗ്ദ്യം, മികവ്, ബന്ധങ്ങൾ, ധനം, മുതലായ കാര്യങ്ങളിലാണ്. ഇവയെല്ലാം അനുകൂല ഘടകങ്ങളായി വയോശക്തിയിൽ ഏകോപിക്കപ്പെടുന്ന സാധ്യത എങ്ങനെ അവഗണിക്കാനാവും?

**6. S**erviceability - *ശുശ്രൂഷാസന്നദ്ധത*

'ശുശ്രൂഷ'യായി കഴിവുകളെ സമർപ്പിക്കുവാനുള്ള ഏറ്റവും അനുയോജ്യമായ ഒരു ഘട്ടം വയോശക്തിക്കുണ്ട്. മറ്റ് അവസ്ഥകളിൽ, കഴിവുകളെ അനുയോജ്യ വേതനത്തിനുള്ള മൂല്യസാധ്യതയായി കരുതിയെങ്കിൽ, വയോശക്തി പ്രസ്തുത കഴിവുകളെ *ശുശ്രൂഷ*യ്ക്കുള്ള അവസരമായി കരുതുന്നത് ചെറിയ കാര്യമാണോ?

### വയോശക്തിയുടെ കർമ്മ മാർഗ്ഗങ്ങൾ

**1. പ്രബോധന ശുശ്രൂഷയിൽ**

അറിയാവുന്നത് അറിവായി പകർന്നുകൊടുക്കാൻ കഴിവുള്ളവരെ പ്രബോധന ശുശ്രൂഷയിൽ ഉൾപ്പെടുത്താം. ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾക്ക് സീനിയർ ഉപദേശകർ ഉണ്ടായാൽ ഞായറാഴ്ചകളിലും, വിശേഷാവസരങ്ങളിലും, ദിവ്യബോധനം പോലെയുള്ള പഠന വേദികളിലും അവർക്ക് പ്രബോധന ശുശ്രൂഷയിൽ പങ്കുകാരാകുവാൻ കഴിയും.

**2. ആരോഗ്യ പരിപാലന മേഖലയിൽ**

ഇടവകകൾക്ക്, 'House Visiting Medical Team' ഉണ്ടാക്കി, വാർധക്യത്തിലിരിക്കുന്നവർക്കും, ശയ്യാവലംബികളായവർക്കും മറ്റും ശുശ്രൂഷകൾ നൽകുവാൻ, സീനിയർ വ്യക്തികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കാവുന്നതാണ്.

**3. കാർഷിക ഉപദേശകർ**

നല്ല കർഷകരായി കഴിവു തെളിയിച്ച പലരും ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ വിശ്രമത്തിലേക്ക് പ്രവേശിക്കും. ആയവരെ, ഇടവകയുടെ ആഭിമുഖ്യത്തിൽ നടത്താവുന്ന *മാതൃകാകൃഷിത്തോട്ട*ത്തിന്റെ മേൽനോട്ട ചുമതലയ്ക്ക് നിയോഗിക്കാം.

**4. ഗാർഹിക ഉപദേശകർ**

സ്ത്രീകളിൽ പലരും, ഗൃഹാന്തരീക്ഷത്തിലെ ചില പ്രത്യേക മേഖലകളിൽ പ്രാഗത്ഭ്യമുള്ളവരാണ്. ഉദാഹരണത്തിന്, ചിലർ പാചകകലയിൽ, ചിലർ തുന്നൽപ്പണിയിൽ, ചിലർ പൂന്തോട്ടപരിപാലനത്തിൽ, ചിലർ അലങ്കാരപ്പണികളിൽ, ഇങ്ങനെ പലതും. ഇവർക്ക് ഈ കഴിവുകൾ *പങ്കുവയ്ക്കുവാൻ* സ്ഥിരം വേദികൾ ഉണ്ടായാൽ അവർ ഗാർഹിക ഉപദേശകരുടെ തലത്തിൽ പ്രയോജനപ്പെടും.

**5. നിർമ്മാണ, കാരുണ്യ പ്രവർത്തനങ്ങളിൽ**

മുതിർന്നവർ പലരും ഔദ്യോഗിക മേഖലകളിലും അല്ലാതെയും നിർമ്മാണ പ്രവർത്തനങ്ങളിലും, പൊതുസേവന പദ്ധതികളിലും പ്രവർത്തിച്ചു പരിചയമുള്ളവരാണ്. ഇടവകകളിൽ നിർമ്മാണ, കാരുണ്യ പ്രവർത്തനങ്ങളിൽ സുതാര്യതയോടെ മാർഗ്ഗദർശനം നൽകുവാൻ, വയോശക്തി ഉപയോഗിക്കപ്പെടേണ്ടതാണ്.

**6. പ്രാർത്ഥനാസംഘടനയായി**

നല്ലൊരു ശതമാനം വയോജനങ്ങളും വായന, പഠനം, പ്രാർത്ഥന എന്നിവയിൽ പ്രത്യേകം താല്പര്യം കാണിക്കും. അവർക്ക് അക്കാര്യങ്ങൾക്ക് സ്ഥിരമായി ഒരു വേദിയെന്ന നിലയിൽ *വയോജന സംഘടന* ദേവാലയങ്ങളെ കേന്ദ്രീകരിച്ചോ, വീടുകളെ കേന്ദ്രീകരിച്ചോ പ്രവർത്തിക്കാവുന്നതാണ് (കോട്ടയം ഭദ്രാസനത്തിൽ നെടുമാവ് സെന്റ് പോൾസ് പള്ളിയിൽ ഈ പേരിൽ ഒരു സംഘടന ഉണ്ടായിരുന്നത് പ്രശംസാർഹമായ പല പ്രവർത്തനങ്ങളും നടത്തിയിരുന്നു).

### വയോശക്തിയുടെ രണ്ട് തരം പ്രയോഗസാധ്യതകൾ

പ്രായോഗിക തലത്തിൽ, വയോശക്തിയുടെ മികവ് രണ്ട് തരമുണ്ട്. ഒന്ന്, പൊതുവായി സഭയുടെയും, ഭദ്രാസനങ്ങളുടെയും, ആധ്യാത്മിക പ്രസ്ഥാനങ്ങളുടെയും *കേന്ദ്രതലത്തിൽ* പ്രയോജനപ്പെടുത്താവുന്നവർ. ഈ ഗണത്തിൽ സാധ്യതയുള്ള സ്ത്രീ പുരുഷന്മാരുടെ ഒരു ലിസ്റ്റ് എടുത്താൽ നമ്മെ വിസ്മയിപ്പിക്കുന്ന ചില കണ്ടെത്തലുകൾ ഉണ്ടാകും. സേവന സന്നദ്ധതയും, അസാമാന്യ കർമ്മവൈഭവവും ഉള്ള ഈ ഗണത്തിലുള്ള പലരും ഇന്ന് വനപുഷ്പങ്ങൾ ആയികഴിയുന്നു. രണ്ടാമത്തെ തരം, *ഇടവകകൾക്ക്* പ്രയോജനപ്പെടുത്താവുന്നവരാണ്. ഇവരുടെ എണ്ണവും സാധ്യതകളും ആദ്യത്തേതിനേക്കാൾ അതിശയിപ്പിക്കുന്നതാണെന്ന് പറയുന്നതിന് ഒരു ശങ്കയും വേണ്ട.

*"നിങ്ങൾ വഴികളിൽ ചെന്നു നല്ല വഴി*
*ഏതെന്നു പഴയ പാതകളെ നോക്കി*
*ചോദിച്ചു അതിൽ നടപ്പിൻ; എന്നാൽ*
*നിങ്ങളുടെ മനസ്സിനു വിശ്രാമം ലഭിക്കും"*

*(യിരമ്യാവ് 6:16)*

■


**NIRMALA TRAINING COLLEGE**

THALACODE, MULANTHURUTHY,
ERNAKULAM DIST.-Pin- 682314
Phone: 0484 2713957,9447209063
(Affiliated to M.G.. University, Kottayam)

**Scholorship 2012-13 for B.Ed Course**

Optional : Physical Science Natural Science, SocialScience,Mathematics&English
10 Seats are reserved for admission for students from Orthodox Community at a scholorship fee of Rs. 15000/-. Hostal facility available.

Those who are desirous of applying under this category may forward your application in white paper with self attested copies of qualifying examination certificates.

**Principal**

*9-ാം പേജിൽ നിന്നു തുടർച്ച...*

ലാണ് കാതോലിക്കോസ് എന്ന പേര് മഫ്രിയാൻ എന്നുള്ളത് നീക്കിക്കൊണ്ട് ഉപയോഗിച്ചിരിക്കുന്നത്. ഇതിൽനിന്നു ഗ്രഹിക്കാവുന്ന ചില കാര്യങ്ങൾ: ഒന്ന്, അതിന്റെ സ്ഥാപനവേളയിൽ മഫ്രിയാന, കാതോലിക്കാ എന്നിവ ഒരേ സ്ഥാനമാണെന്നാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ പ്രഥമമായും തത്വത്തിൽ ആ സ്ഥാനം മഫ്രിയാനയുടേതായിരുന്നു. എന്നാൽ 1934-ലെ സഭാഭരണഘടനയുണ്ടാകുമ്പോൾ മഫ്രിയാന എന്നത് പാടേ ഉപേക്ഷിച്ചു കാതോലിക്കോസ് എന്ന് മാത്രമാക്കി. രണ്ട്, 1912-ൽ അത് 'സ്ഥാപന'മായിരുന്നെങ്കിൽ 1934-ലെ ഭരണഘടനയിൽ അത് 'പുനഃസ്ഥാപന'മായി.

**കാതോലിക്കേറ്റിന്റെ സ്വാതന്ത്ര്യം എപ്രകാരം നിരീക്ഷിക്കുന്നു.**

'സ്വാതന്ത്ര്യം' എന്ന് പറയുമ്പോൾ ഉദ്ദേശിക്കുന്നത് വൈദേശിക ആധിപത്യത്തിൽ നിന്നും മറ്റും മുക്തമായിരിക്കൽ, സ്വയംഭരണാവകാശം, പ്രവർത്തന സ്വാതന്ത്ര്യം, പരാശ്രയം ഒഴിവാക്കുക, സ്വന്തം കാലിൽ നിൽക്കുക, പ്രവർത്തന സൗകര്യം നൽകുക എന്നീ വിധമുള്ള അനേകം അർത്ഥങ്ങളാണ്.

മലങ്കരയിലെ കാതോലിക്കേറ്റുമായി ഈ പദം ബന്ധപ്പെടുത്തുമ്പോൾ കാതോലിക്കേറ്റ് സ്ഥാപിതമായത് മുതൽ മലങ്കരസഭ വിദേശ സഭാ മേധാവിത്വത്തിൽ നിന്നും വിമോചിതമായി സ്വന്തം കാലിൽ നിന്ന് സ്വതന്ത്രമായി സഭയുടെ സർവ്വകാര്യങ്ങളിലും ചുമതല ഏറ്റെടുത്ത് ചെയ്യാൻ അനുവദിച്ചിരിക്കുന്നു. അതായത്, അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭമേൽ ഉണ്ടെന്നു വിചാരിക്കുന്ന സർവ്വ അധികാരങ്ങളിൽ നിന്നും പാത്രിയർക്കീസ് സ്വയം ഒഴിഞ്ഞുകൊടുത്തു പിൻമാറിയിരിക്കുന്നു. വേറൊരു അധികാരകേന്ദ്രം - കാതോലിക്കേറ്റ് എന്ന പേരിൽ - സംസ്ഥാപിച്ചുകൊണ്ട്. കാതോലിക്കേറ്റ് സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ് എന്നു മാത്രമല്ല അത് സ്ഥിതിചെയ്യുന്ന മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനവും കൂടിയാണ്. കാതോലിക്കേറ്റിന്റെ സ്വാതന്ത്ര്യം മലങ്കരസഭയുടെ സ്വാതന്ത്ര്യമാണ്.

1912 സെപ്റ്റം. 15-ന് കാതോലിക്കായെ പാത്രിയർക്കീസ് വാഴിച്ചതിലൂടെ കാതോലിക്കേറ്റും അതിലൂടെ ഉദ്ദേശിക്കുന്ന സഭാസ്വാതന്ത്ര്യവും നിലവിൽ വന്നു. 1925 മുതൽ രണ്ടാം കാതോലിക്കായേയും തുടർന്നുള്ള കാതോലിക്കാമാരേയും വാഴിച്ചാക്കിയതിലൂടെയും ഈ സ്വാതന്ത്ര്യം ഉറപ്പിച്ചു.

മലങ്കരസഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്, മലങ്കരസഭയുടെ പാർലമെന്റായ സുറിയാനിക്രിസ്ത്യാനി അസോസിയേഷൻ എന്നിവകളുടെ സമ്മതവും അംഗീകാരവും ലഭ്യമാക്കിക്കൊണ്ടാണ് കാതോലിക്കാ വാഴ്ചകൾ നടത്തിയിട്ടുള്ളത്. 1934-ലെ ഭരണഘടനയുണ്ടാക്കിയതും, കാതോലിക്കായുടെ തെരഞ്ഞെടുപ്പ്, വാഴ്ച, അധികാരം ഇത്യാദികൾ വ്യക്തമാക്കിയിട്ടുള്ളതും മലങ്കരസഭയുടേയും, കാതോലിക്കേറ്റിന്റെയും സ്വാതന്ത്ര്യത്തിന്റെ തുടർപ്രവർത്തനമാണ്. കാതോലിക്കേറ്റിന്റെ സാധുതയെ ചോദ്യം ചെയ്തപ്പോൾ വ്യവഹാരനടപടികളിലൂടെ അത് സാധുവാക്കിയതും അംഗീകാരവിധേയമാക്കിയതും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തേയും കാതോലിക്കേറ്റിന്റെ സ്വാതന്ത്ര്യത്തേയുമാണ്. കാതോലിക്കേറ്റ് മലങ്കരസഭയിൽ സ്ഥാപിതമായതു മുതൽ അതിന്റെ സ്വാതന്ത്ര്യത്തെ സംരക്ഷിച്ചു വരുന്നുണ്ട്. മലങ്കരസഭയുടെ തദ്ദേശീകരണത്തിലും, തനതായ വ്യക്തിത്വ വികസനത്തിലും, ഇതര സഭകളുമായുള്ള എക്യുമെനിക്കൽ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിലും, തനതായ വികസന ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ടുള്ള മറ്റനേക മേഖലകളിലും പ്രവർത്തന നിരതമായിട്ടുണ്ട്.

മലങ്കരസഭയെ അനേകം ഭദ്രാസനങ്ങളായി വിഭജിച്ച് ഭദ്രാസനങ്ങളുമായി ഇടവകകളെ ബന്ധപ്പെടുത്തി കേന്ദ്രീകരിച്ചിരിക്കുന്ന ഒരു ഭരണസംവിധാനം കാതോലിക്കേറ്റ് നിലവിൽ വന്നതിനു ശേഷമാണ് കാര്യക്ഷമമായി തീർന്നത്. മുൻ പാത്രിയർക്കീസ് പക്ഷത്ത് വീറോടും വാശിയോടും നിലനിന്നിരുന്ന പല ഇടവകകളും കാതോലിക്കേറ്റിന്റെ ഭരണക്രമത്തിൽ വന്നിരുന്നുവെങ്കിലും അനാവശ്യമായി പാത്രിയർക്കീസിനെ സ്വാധീനിപ്പിച്ചു പ്രശ്നങ്ങളുണ്ടാക്കി കാതോലിക്കേറ്റിൽ വിള്ളലുണ്ടാക്കി വരികയായിരുന്നുവെങ്കിലും അവരും ഇപ്പോൾ കാതോലിക്കേറ്റിൽ ഉള്ള ഒരു സഭാഭരണശൈലിക്ക് വിധേയരായി വരികയാണ് എന്നത് വസ്തുതയാണ്. മലങ്കരസഭയുടെ ഭദ്രാസനങ്ങളുടേയും, ഇടവകകളുടേയും ചുമതലകൾ ഈ സഭയിൽ മാത്രം ഉൾപ്പെട്ടവരാലാണ് നയിക്കപ്പെട്ടും നിർവ്വഹിക്കപ്പെട്ടും പോരുന്നത്. സാമ്പത്തിക ആവശ്യങ്ങളിൽ സഭയുടെ ഭരണകാര്യങ്ങൾ നിർവഹിക്കപ്പെടാൻ മതിയായ ആസൂത്രണത്തോടെയുള്ള പദ്ധതികൾ സഭയിലെ എല്ലാ മേഖലകളിലും ഉണ്ട്. സാമ്പത്തിക മേഖലയിൽ സഭ സ്വയംപര്യാപ്തതയിലാണ് എപ്പോഴും നിലനിന്നുപോരുന്നത്. സ്വന്തം കാലിൽ നിൽക്കുക എന്ന ഈ തത്വം കാതോലിക്കേറ്റിന്റെ മുഖ്യാദർശങ്ങളിലൊന്നാണ്. അത് അത്യധികം അഭിമാനാർഹവുമാണ്; മലങ്കരസഭയെ സംബന്ധിച്ചിടത്തോളം. ഈ വിധം മറ്റനേകം മേഖലകളിൽ മലങ്കരസഭ കാതോലിക്കേറ്റിന്റെ നേതൃത്വത്തിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; കൈവരിച്ചുകൊണ്ടുമിരിക്കുന്നു. ഈ വിധ അനേകനേട്ടങ്ങളുടെ പിറകിൽ പ്രവർത്തിച്ചത് കാതോലിക്കേറ്റിലൂടെ മലങ്കരസഭയ്ക്ക് ലഭിച്ച സ്വാതന്ത്ര്യമാണ് എന്നത് തർക്കമറ്റ വിഷയം.

കാതോലിക്കേറ്റിന്റെ സ്വാതന്ത്ര്യം ഇനി ലക്ഷ്യമാക്കുന്നത് എന്തായിരിക്കണം. സ്വന്തമായ ഒരു വ്യക്തിത്വവും, സ്വകീയതയും, ദർശനവും, സ്വന്തമായ എന്തെങ്കിലുമൊക്കെ മലങ്കരസഭയ്ക്ക് നേടിയെടുക്കാൻ സ്വതന്ത്രാവസ്ഥയിൽ കഴിയേണ്ടതാണ്. സഭയുടെ വിശ്വാസ, ശിക്ഷണ, ആരാധന, ക്രിസ്തീയ ജീവിതസാക്ഷ്യം ഇത്യാദി മേഖലകളിൽ തനി വിദേശീയ സ്വഭാവങ്ങളാണ് മലങ്കരസഭ നിലനിർത്തിപോരുന്നത്. ഇവയിൽ കാര്യമായ മാറ്റമുണ്ടാകണം. അപ്പോഴേ സ്വതന്ത്ര സഭയെന്നവകാശപ്പെടാൻ നിവൃത്തിയുള്ളൂ.

മലങ്കര ഓർത്തഡോക്സ് സഭയ്ക്കുള്ള പ്രശസ്തിയും അതിലെ കാതോലിക്കേറ്റിനുള്ള സ്വാധീനവുമുപയോഗിച്ച് വിശാലമായ ഒരു ഭാരത സഭാ ഐക്യത്തിനുവേണ്ടി കാതോലിക്കേറ്റിനു പരിശ്രമിക്കാവുന്നതാണ്. പാത്രിയർക്കീസ് രംഗത്തുള്ളവരോടും, മുൻകാലങ്ങളിൽ വേറിട്ടു നിൽക്കുന്നവരുമായും അനേകം സഹകരണ മേഖലകളിൽ ഒത്തൊരുമിച്ച് സാക്ഷ്യം വഹിക്കാൻ കഴിയാവുന്നതാണ്. വൈദിക വിദ്യാഭ്യാസം, വേദപുസ്തക പരിഭാഷ, ക്രിസ്തീയ സാഹിത്യ പ്രസിദ്ധീകരണം, ആതുരസേവനരംഗങ്ങൾ എന്നീവിധമുള്ള അനേകം മേഖലകളിലൊക്കെ മറ്റു സഭകളുടെയും, സംഘടനകളുടെയും സഹകരണത്തിൽ പ്രവൃത്തിക്കാവുന്നതാണ്. ■



# കാതോലിക്കേറ്റ് സ്ഥാപനം

## അനുബന്ധ സംഭവങ്ങൾ

**മാർ ഇഗ്നാത്തിയോസ് അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്ന് 1910 ഓഗസ്റ്റ് 28 – ന് മേൽപ്പട്ട സ്ഥാനമേറ്റ ക്നാനായ മെത്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായ മാർ സേവേറിയോസ് 1912 – 13 കാലഘട്ടത്തിൽ മാർ ഇഗ്നാത്തിയോസ് അബ്ദേദ് മ്ശിഹാ പാത്രിയർക്കീസിന്റെ ആഗമനവും കാതോലിക്കാ സ്ഥാനാരോഹണവും സംബന്ധിച്ചു രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്**

(1) മാർ ഇഗ്നാത്യൊാസ അബ്ദംശീഹ് പാത്രിയർക്കീസു കറാച്ചിയിൽ നിന്നു ബൊമ്പായിൽ എത്തുകയും അവിടെ വച്ചു എം. എ. ക്കാരൻ ഗീവറുഗീസ കത്തനാർ മുതൽപെർ ചെന്നു കാണുകയും ഒരുമിച്ചു ബൊമ്പായിൽ നിന്നു 1912 ജൂൺ 8-നു പുറപ്പെട്ടു പട്ടാമ്പി വഴി കുന്നംകുളങ്ങരെ എത്തുകയും അവിടെ കുറച്ചു ദിവസം താമസിച്ചശെഷം കൊച്ചിയിൽ എത്തുകയും ചെയ്തിരിക്കുന്നു. കൊച്ചിയിൽനിന്നു തെക്കൻ പറവൂർ, മുളന്തുരുത്തി ഈ പള്ളികളിലെക്കു പൊയിരിക്കുന്നു.

(2) മാർ ദീവന്നാസ്യൊാസ മെത്രാപ്പൊലീത്തായുടെ കല്പനപ്രകാരം അസൊസിയെഷ്യൻ മാനേജിംങ്ങ കമ്മട്ടിയിൽ അദ്ദെഹത്തിന്റെ ഭാഗത്തുള്ളവർ 1088 ചിങ്ങം 12-ാംനു *(1912 ഓഗസ്റ്റ് 27)* ചൊവ്വാഴ്ച പരുമലെ സിമ്മനാരിയിൽ ഒരു യൊഗം കൂടിയിരുന്നു. അവിടെ എന്തെല്ലാം നിശ്ചയിച്ചു എന്നു പരസ്യമായി അറിയിച്ചിട്ടില്ലെങ്കിലും മുറിമറ്റത്തു മാർ പൌലൂസ ഈവാനിയൊസ മെത്രാപ്പൊലീത്തായെ കിഴക്കിന്റെ കാതൊലിക്കാ (മപ്രിയാനാ) ആയിട്ടു വാഴിക്കണമെന്നും പുന്നൂസു റെമ്പാൻ വാകത്താനത്തു കാരിചിറ റെമ്പാൻ മുതലായി നാലഞ്ചുപെരെ മെത്രാന്മാരായി വാഴിക്കണമെന്നും നിശ്ചയിക്കയും അബ്ദംശീഹ പാത്രിയർക്കീസുബാവാ അതിനു സമ്മതിക്കയും ചെയ്തു.

(3) 1912-ാമാണ്ട സെപ്ടംബർ മാസം 8-ാംനുക്കു 1088 ചിങ്ങം 24-ാംനു ഞായറാഴ്ച പരുമല സിമ്മനാരി പള്ളിയിൽ വെച്ചു കല്ലാച്ചെരിൽ പുന്നൂസ റെമ്പാനെ ഗ്രീഗൊറിയൊസ എന്ന പെരിൽ മെത്രാപ്പൊലീത്തായായി മാർ ഇഗ്നാത്യൊാസ അബ്ദംശീഹ പാത്രിയർക്കീസ വാഴിച്ചിരിക്കുന്നു. അപ്പൊൾ മുറിമറ്റത്തു മാർ ഈവാനിയൊസ മെത്രാപ്പൊലീത്തായും വട്ടശ്ശെരി മാർ ദീവന്നാസ്യൊാസ മെത്രാപ്പൊലീത്തായും കൂടെ ഉണ്ടായിരുന്നു. ഈ ഗ്രിഗൊറിയൊസ കുറിച്ചി പള്ളി ഇടവകയിൽ ഉൾപ്പെട്ട കല്ലാച്ചെരിൽ ഉലഹന്നാന്റെ മകൻ ആകുന്നു.

(4) മെൽ ... പറയുന്ന പ്രകാരം മുറിമറ്റത്തു മാർ പൌലൂസ ഈവാനിയൊസ മെത്രാപ്പൊലിത്തായെ മാർ ബസെലിയൊസ എന്ന പെരിൽ കിഴക്കിന്റെ കാതൊലിക്കാ എന്ന സ്ഥാനത്തിൽ മാർ അബ്ദംശീഹാ പാത്രിയർക്കീസ 1088-ാമാണ്ടു ചിങ്ങം 31-ാംനുക്കു 1912 സെപ്ടംബർ 15-ാംനുക്കു ഈലൂൽ 2-ാംനു ഞായറാഴ്ച നിരണത്തു പള്ളിയിൽവെച്ചു വാഴിച്ചിരിക്കുന്നു. അപ്പൊൾ പാത്രിയർക്കീസിനൊടുകൂടി മാർ ദീവന്നാസ്യൊാസ മെത്രാപ്പൊലീത്തായും പുതിയ മെത്രാൻ മാർ ഗ്രീഗൊറിയൊസും ഉണ്ടായിരുന്നു.

(5) വാകത്താനത്തു കാരുചിറ ഗീവറുഗീസ റെമ്പാനെയും കണ്ടനാട്ടു കരൊട്ടു വീട്ടിൽ യൂയാക്കിം റെമ്പാനെയും 1913 മകരം (സുറിയാനി കണക്കിൽ 27-നു) ക്കു 1088 മകരം 28-നു *(1913 ഫെബ്രുവരി 9)* ഞായറാഴ്ച ചെങ്ങന്നൂർ പള്ളിയിൽ വെച്ചു മാർ അബ്ദംശീഹ പാത്രിയർക്കീസു ബാവാ മെത്രാന്മാരായി വാഴിച്ചിരിക്കുന്നു. പാത്രിയർക്കീസിനൊടുകൂടെ മുറിമറ്റത്തു ബസെലിയൊസ കാതൊലിക്കായും മെത്രാന്മാരായ ദീവന്നാസ്യൊാസും ഗ്രീഗൊറിയൊസും ഉണ്ടായിരുന്നു. ഇവരിൽ ഗീവറുഗീസ റെമ്പാനു പീലക്സീനൊസു എന്നും യൂയാക്കീം റെമ്പാനു ഈവാനിയൊസ എന്നും സ്ഥാനപ്പെർ നൽകിയിരിക്കുന്നു.

(6) മാർ ഇഗ്നാത്യൊാസ അബ്ദംശീഹ് പാത്രിയർക്കീസു ... ബാവാ 1913 മാർച്ച 3-ാംനുക്കു 1088 കുംഭം 20-ാംനു തിംകളാഴ്ച രാത്രി പരുമല നിന്നു എറണാകുളത്തെക്കും ഉടനെ തന്നെ അവിടെ നിന്നു തീവണ്ടി മാർഗ്ഗം ബൊമ്പായിക്കും പൊയി. ആ വഴി സ്വദെശത്തെക്കു മടങ്ങുകയാണു. ഊർശ്ലെം വഴിക്കാണു പൊകുന്നതു.

(7) മെൽ ... വിവരിച്ചിരിക്കുന്ന മുറിമറ്റത്തു മാർ ബസെലിയൊസ കാതൊലിക്കാ വയസ്സുകാലത്തെ രൊഗത്താൽ കൊട്ടയത്തു സിമ്മനാരിയിൽ താമസിക്കുമ്പൊൾ ദീവന്നാസ്യൊാസ മുതലായ മെത്രാന്മാർകൂടി കന്തീലായുടെ ക്രമം കഴിച്ച ശെഷം കാസൊലിക്കായെ പാമ്പാക്കുടെ ചെറിയ പള്ളിയിലെക്കു പാലപ്പള്ളി പൌലൂസ കത്തനാർ മുതൽപെർ വന്നു കൊണ്ടുപൊകയും അവിടെവെച്ചു 1913 നീസൊൻമാസം 18-നുക്കു മെയ്മാസം 2-ാംനു 1088 മെടം 20-ാംനു വെള്ളിയാഴ്ച കാലംചെയ്കയും ആ പള്ളിയിൽ തന്നെ അടക്കപ്പെടുകയും ചെയ്തു. പുത്തനായി വാഴിക്കപ്പെട്ട ഈവാനിയൊസ യുയാക്കീം മെത്രാൻ കബറടക്കത്തിനു ഹാജരുണ്ടായിരുന്നു - ദീവന്നാസ്യൊാസു മെത്രാനും പൊയിരുന്നു.

(8) ബസെലിയൊസ കാതൊലിക്കായുടെ ... അടിയെന്തരം പാമ്പാക്കുടെ ചെറിയപള്ളിയിൽ വെച്ചു 1088 ഇടവം 18-നു *(1913 മേയ് 31)* ശനിയാഴ്ച കഴിച്ചിരിക്കുന്നു.

സമ്പാദകൻ:- **വർഗീസ് ജോൺ തോട്ടപ്പുഴ**

ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ (+ 1927 ജൂൺ 11) ഡയറിയിൽ നിന്നു കുടുംബാംഗമായ ശ്രീ. ഇ. എ. ഫിലിപ്പ് കുറിച്ചു തന്ന വിവരങ്ങൾ. ഇംഗ്ലീഷ് തീയതി സൂചിപ്പിച്ചിട്ടില്ലാത്ത സംഭവങ്ങളുടെ തീയതി സമ്പാദകൻ ഇറ്റാലിക്സിൽ നൽകിയിട്ടുണ്ട്.



## വേദപരിമളം

ഡോ. കെ. എൽ. മാത്യു വൈദ്യൻ
കോർഎപ്പിസ്ക്കോപ്പാ

# കുരുവി നൽകുന്ന പാഠങ്ങൾ

I Lie awake, & am like a sparrow alone on the housetop”

“ഞാൻ ഉറക്കിളച്ചിരിക്കുന്നു. വീട്ടിന്മുകളിൽ തനിച്ചിരിക്കുന്ന കുരുവി പോലെയാകുന്നു”
സങ്കീ. 102:7

കുരുവിയുടെ വിവിധ അവസ്ഥകൾ ബൈബിൾ അനാവരണം ചെയ്യുന്നു.

**1. ഉറക്കിളച്ചിരിക്കുന്ന കുരുവി**

ഉറക്കം കിട്ടാത്തതിനു കാരണങ്ങൾ: ആകുലത, പ്രലോഭനം, സ്വാർത്ഥത, വൈകൃതം, വിദ്വേഷം. അമ്മയുടെ മുലപ്പാലിൽ വിഷം കലർത്തുന്ന കശ്മലന്മാർ പെരുകുന്നു. ഭീകര പ്രവർത്തനങ്ങൾ, അഴിമതിയുടെ തേരോട്ടം, ആയുധ മൽസരം, കടൽക്കൊള്ളകൾ, മാരകരോഗങ്ങൾ, പരസ്ഥിതി നശീകരണം, സൈബർ ഭീഷണികൾ, ആഡംബര ഭ്രമം, സാമ്പത്തിക രംഗത്തും മെഡിക്കൽ രംഗത്തുമുള്ള അതിക്രമങ്ങൾ നീതിരഹിത സാമൂഹിക വ്യവസ്ഥിതി ഇവയൊക്കെ ആകുലത വർദ്ധിപ്പിക്കുന്നു. ആകുലതയ്ക്ക് പരിഹാരം വിശ്വാസം പ്രാർത്ഥനയും സമർപ്പണവും പങ്കിടലുമാണ്. അതോടൊപ്പം നീതിയ്ക്കുവേണ്ടിയുള്ള ശബ്ദവും ഉയരണം. ഫിലി. 4:6 “ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ അറിയക്കയത്രേ വേണ്ടത്.” യോഹ. 14:1. “നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകരുത്. ദൈവത്തിലും വിശ്വസിക്ക. എന്നിലും വിശ്വസിക്ക.”

പ്രലോഭനങ്ങളെ അകറ്റണം. ഉല്പ 3:13. “സ്ത്രീ പറഞ്ഞു. പാമ്പ് എന്നെ വഞ്ചിച്ചു. ഞാൻ തിന്നുപോയി. “കുറ്റങ്ങളെ മറ്റുമുള്ളവരിൽ ആരോപിക്കുന്ന നാം നമ്മുടെ പോരായ്മകളെക്കുറിച്ച് ഗ്രഹിക്കണം. എപ്പോഴും സ്വയപരിശോധന ആവശ്യം. പ്രലോഭനത്തിന്റെ സാഹചര്യങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കണം. വൈകൃതങ്ങളെ അകറ്റുവാൻ ആത്മശിക്ഷണം വേണം. അതിനുള്ള മാർഗ്ഗങ്ങൾ തിരുവചനത്തിലുണ്ട്.

സങ്കീ. 119:164. ദിവസം ഏഴുനേരം പ്രാർത്ഥിക്കണം. സങ്കീ. 55:17 സന്ധ്യയ്ക്കും രാവിലെയും ഉച്ചയ്ക്കും പ്രാർത്ഥിക്കണം. ദാനി. 6:10 ദിവസം മൂന്നുപ്രാവശ്യം മുട്ടുകുത്തി പ്രാർത്ഥിക്കണം. സങ്കീ. 119:55. രാത്രിയിൽ കാത്തിരുന്ന് ധ്യാനിക്കണം. സങ്കീ. 63:5 കിടക്കയിൽ ധ്യാനിക്കണം. ശരീരത്തേയും മനസ്സിനേയും നിയന്ത്രിക്കാനുള്ള ഇത്തരം രീതികൾ പരിശീലിക്കണം.

വിദ്വേഷത്തിന്റെ ലോകത്തിൽ കുടുങ്ങിക്കിടക്കുന്ന മനസ്സ് അതിൽ നിന്ന് പുറത്തുവരണം. ആത്മശിക്ഷണവും ആത്മാർപ്പണത്തിന്റെ സന്നദ്ധതയും ആത്മീയ ചൈതന്യം വർദ്ധിപ്പിക്കുന്നു. ഭയം, കോപം, സ്വാർത്ഥത, പാപം ഇവയെ ജയിച്ച് കീഴടക്കാൻ ക്രൂശിലെ സ്നേഹത്തിന് കഴിയും.”

**2. വീട്ടിന്മുകളിൽ ഇരിക്കുന്ന കുരുവി**

നാം വീട്ടിനകത്ത് പാർക്കുന്നു. ചിലരുടെ ജീവിത ശൈലി വീട്ടിന്റെ കൊമ്പത്ത് ഇരിക്കുന്നതുപോലെയാണ്. അഹങ്കാര മനസ്സിനെ ഇത് സൂചിപ്പിക്കുന്നു. പണത്തിന്റെ , കഴിവിന്റെ, ബുദ്ധിശക്തിയുടെ, ബന്ധുബലത്തിന്റെ, സുഹൃദ്ബന്ധങ്ങളുടെ ഒക്കെ പരിമിതികൾ, അംഗീകരിക്കണം. കാഴ്ചശക്തിയുടെ, ഗ്രാഹ്യത്തിന്റെ, വ്യാഖ്യാനങ്ങളുടെ, പ്രകടിപ്പിക്കലിന്റെ പരിമിതിയും കാണണം. വെള്ളത്തിനടിയിൽ തുള്ളിക്കളിക്കുന്ന തവളക്കുഞ്ഞുങ്ങളുടെ ഉദാഹരണമെടുക്കാം. ഒരു തവള മറ്റേ തവളയോടു പറയുകയാണ്; തവളച്ചേച്ചീ, മേലോട്ടൊന്നും നോക്കല്ലേ. ഈ വെള്ളം കൂടാതെ മറ്റൊന്നുമില്ല. ഭൗതിക വാദികൾ തങ്ങൾക്കു കാണാൻ കഴിയുന്നതു മാത്രമേ വിശ്വസിക്കൂ എന്ന് അഹങ്കരിച്ചു പറയുന്നു. പക്ഷികളെയും മൃഗങ്ങളെയും മറ്റും കഥാപാത്രങ്ങളാക്കി കഥകളെഴുതിയ ഇസോപ്പിന്റെ പ്രസിദ്ധ കഥാപാത്രമാണ് പുസ്സി. ഒരു രാജകീയ രഥം അതിശീഘ്രം പായുന്നു. അതിന്റെ രഥത്തിൽ ഓടുന്നതെന്തുകൊണ്ടെന്നറിയാമോ? ഇവിടെ ഞാനിരിക്കുന്നതുകൊണ്ടാണ് ” ജീവൻ, മരണം, സൗഖ്യദായകപ്രക്രിയ, മനസ്സും ശരീരവും തമ്മിലുള്ള ബന്ധം ഇവയുടെ നിഗൂഢതകൾ വിനയത്തോടെ അംഗീകരിക്കണം.

**3. തനിച്ചിരിക്കുന്ന കുരുവി:**

പലർക്കും പരാതികൾ “ആരും തുണയില്ല. കൂട്ടായ്മയുടെ സന്തോഷമില്ല. മനസ്സ് പങ്കിടാൻ ആരുമില്ല.” മനുഷ്യൻ സാമൂഹ്യജീവിയാണ്. നല്ല സൗഹൃദങ്ങൾ വളർത്തിയെടുക്കണം. സ്രഷ്ടാവിനോടും സമസൃഷ്ടികളോടുമുള്ള കാഴ്ചപ്പാടുകൾ നിർവ്വഹിക്കണം. നമ്മുടെ സമയവും കഴിവും സൗകര്യങ്ങളും മനുഷ്യ സമുദായത്തിന്റെ നന്മയ്ക്കായി വിനിയോഗിക്കണം. സൗഹൃദം നഷ്ടപ്പെടുത്തിയോ ചൂഷണം ചെയ്തോ നമ്മുടെ സൗകര്യത്തിനായി ഒന്നും സ്വീകരിക്കയില്ലായെന്ന് വയ്ക്കണം. സ്വഭാവശുദ്ധിയുള്ളവരായി നമ്മെയും ചുറ്റുമുള്ളവരേയും രൂപാന്തരപ്പെടുത്തുവാൻ കഴിയണം. ക്രിസ്തീയ ആരാധന ഒരു വലിയ കൂട്ടായ്മയാണ്. വിശുദ്ധരും വാങ്ങിപ്പോയവരും മാലാഖമാരും ഒത്തുള്ള കൂട്ടായ്മ. സർവ്വപ്രപഞ്ചവുമായുള്ള കൂട്ടായ്മ. സാക്ഷികളുടെ സമൂഹം നമുക്കു ചുറ്റും നില്ക്കുന്നു. എബ്രാ. 12:1. മരണം ക്രിസ്തുവിലുള്ള സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നില്ല. റോമ. 8:38,39. ഒരു വിശ്വാസിക്ക് മരണമില്ല. യോഹ. 11:25,26. വാങ്ങിപ്പോയവരുടെയും ജീവിച്ചിരിക്കു

ന്നവരുടെയും സജീവ കൂട്ടായ്മയായ വിശുദ്ധ സഭ ഒരു വിശ്വാസിക്ക് ശക്തിയാണ്, പ്രചോദനമാണ്, പ്രത്യാശയാണ്, നിത്യജീവന്റെ ഉറപ്പാണ്.

**4. സുരക്ഷിതത്വം കണ്ടെത്തിയ കുരുവി.**

സങ്കീ. 84:3 "കുരികിൽ ഒരുവീടും മീവൽ പക്ഷി കുഞ്ഞുങ്ങൾക്ക് ഒരു കൂടും കണ്ടെത്തിയിരിക്കുന്നു." അനുയോജ്യമായ വീടു കണ്ടെത്തിയ കുരുവി ദൈവകങ്ങളിൽ അഭയവും ആശ്രയവും ആശ്വാസവും കണ്ടെത്തുന്ന വിശ്വാസികളുടെ അനുഭവം പങ്കിടുന്നു. അവിടെ യഥാർത്ഥ സുരക്ഷിതത്വമുണ്ട്. ശത്രുക്കളെ ഭയക്കേണ്ടതില്ല. നിസ്സാരപ്പെട്ട കുരുവിയെപ്പോലും ദൈവം ഓർക്കുന്നു. ദൈവത്തിന്റെ മുമ്പിൽ ആരും നിസ്സാരല്ല. ലൂക്കോ. 12:6. "രണ്ടു കാശിന് അഞ്ചു കുരുകിലിനെ വില്ക്കുന്നില്ലയോ. അതിൽ ഒന്നിനെപ്പോലും ദൈവം മറന്നുപോകുന്നില്ല."

**5. യാഗവസ്തുവായിത്തീർന്ന കുരുവി.**

ലേവ്യ. 14:5 "പുരോഹിതൻ ഒരു പക്ഷിയെ മൺപാത്രത്തിലെ ഉറവു വെള്ളത്തിന്മീതെ അറുപ്പാൻ കല്പിക്കേണം" ഊനമില്ലാത്ത കുഞ്ഞാടിനെയും പ്രാവിനെയും തങ്ങളുടെ പാപ പരിഹാർത്ഥം ധനവാന്മാർ യാഗം അർപ്പിച്ചിരുന്ന സ്ഥാനത്ത് സാധാരണക്കാർ കുരുവിയെയാണ് യാഗമർപ്പിച്ചിരുന്നത്. യാഗത്തിന്റെ പ്രക്രിയയിൽ ജീവൻ സമർപ്പിക്കപ്പെടുന്നു. ജീവൻ രൂപാന്തരപ്പെടുന്നു. ജീവൻ പങ്കിടപ്പെടുന്നു. യേശുക്രിസ്തുവിന്റെ പരമയാഗവും യാഗവസ്തുവായി കുരുവിയുടെ രൂപാന്തരാനുഭവവും ഒരു വിശ്വാസിയുടെ ഹൃദയത്തെ പുതുക്കുന്നു, മാനസാന്തരത്തിലേക്ക് നയിക്കുന്നു. ■

സന്ദർശിക്കൂ...

## പരുമലയിൽ ഓഫീസ്

പരുമല പെരുനാളിനോടനുബന്ധിച്ച് മലങ്കരസഭ മാസികയുടെ ഓഫീസ് ഒക്ടോ. 30, 31, നവം. 1, 2 തീയതികളിൽ പരുമലയിൽ പ്രവർത്തിക്കുന്നതായിരിക്കും.

വരിസംഖ്യ പുതുക്കുന്നതിനും, പുതിയ വരിക്കാരാകുന്നതിനും സൗകര്യം ഉണ്ടായിരിക്കും.

**ഭിലായ്:** മാർ തേവോദോസ്യോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നവം. 4,5 തീയതികളിൽ ഭിലായ് സെ. തോമസ് ആശ്രമത്തിൽ മലങ്കരസഭ മാസിക കൗണ്ടർ പ്രവർത്തിക്കുന്നതാണ്. **വിവരങ്ങൾക്ക് : 09039787031**

# DRUG ABUSE



**Fr. Jacob Philip Muthoor, Tiruvalla**

## Effects of drug abuse

Alcoholism or heroin addiction can destroy or seriously damage and individual's health and personal life. The regular use of certain drugs, cause psychological dependence. This lead to pshysical dependence and this conditions is usually called addiction.
The effectes of te many abused drugs are many. Overdose of alcohol, Sleeping pills or heroin can cause coma or death. Hallucinogenic drugs can cause delusions. Users of these drugs may become fearful an harm themselves or others. The use of PCP drugs causes users to feel apart from their surroundings and sometimes it triggers violence.
The use of alcohol, marijuna and tranquilizers decrease mental alertness and muscle coordination. These causes traffic deaths and injuries.
Ecessive use of alcohol or sleeping pills causes poor muscle coordination, slurred speech and sleepiness. People who use amphetamines and cocaine become restless and talkative. However the use of drugs such as tobacoo and marijunna may not be noticed.
Even parents and close friends may not be aware that a person abusing drugs. Long absence from school, home, work or a drop or job performance may include drug abuse. A sudden change in personality may also a clue that a person is using drugs.

## Prevention of drug abuse.

Most people who abuse drugs begin doing in their teens or early twenties, Parents of teenagers should establish reasonable guidlines of behavioor and discuss drug abuse openly with their children. Moreover they should set and example for their children, If an young person develops drug abuse problem, the parent should seek help from a pshysician, a professional counselor or a community organizations that provides such assistance.
Some Biblical reference to read.

*St.Luke 21:34, Romans 13:13, Galatians 5:20-21*

# CATHOLICATE & M.D. SCHOOLS

(CORPORATE MANAGEMENT)

**Devalokam, Kottayam-38**
**Ph: 0481-2571485, Fax:2570485, Web:cmdschools.org**

കാതോലിക്കേറ്റ് & എം.ഡി. സ്ക്കൂൾസ്, കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള വിവിധ സ്ക്കൂളുകളിൽ അറബിക്, ഡ്രോയിംഗ് എന്നീ അദ്ധ്യാപക തസ്തികയിലേക്ക് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫാറം കോർപ്പറേറ്റ് മാനേജ്മെന്റിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം, കോർപ്പറേറ്റ് മാനേജർ, കാതോലിക്കേറ്റ് & എം.ഡി. സ്ക്കൂൾസ് എന്ന വിലാസത്തിൽ S.B.T. ദേവലോകം ബ്രാഞ്ചിൽ മാറാവുന്ന 200/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ്, സർട്ടിഫിക്കറ്റുകലുടെ അറ്റസ്റ്റ് ചെയ്ത കോപ്പി എന്നിവ സഹിതം 2012 ഒക്ടോ. 25-നു മുമ്പായി ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്.

Sd/-
മാനേജർ


www.santhula.com

# സന്തുല
ട്രസ്റ്റ് ഹോസ്പിറ്റൽ
കൂത്താട്ടുകുളം 686 662
Ph: 0485-2250745
(A Project of Kandanadu East Diocese)

100 ബെഡ് സൗകര്യം

സന്തുലാ ആശുപത്രിയിലെ ഡിപ്പാർട്ട്മെന്റുകൾ

- സന്തുല മെന്റൽ ഹെൽത്ത് സെന്റർ
- സന്തുല ഡീ–അഡിക്ഷൻ സെന്റർ
- സന്തുല റീഹാബിലിറ്റേഷൻ സെന്റർ
- സന്തുല ചൈൽഡ് ഗൈഡൻസ് സെന്റർ
- സന്തുല കൗൺസെലിംങ്ങ് സെന്റർ
- ലേണിംഗ് ഡിസെബിലിറ്റി ക്ലിനിക്

മാനസികാരോഗ്യ രംഗത്തെ പുത്തൻ സംസ്കാരം






Contact: Fr. Edward George
Director & Clinical Psychologist
Ph: 9400950745


# കാതോലിക്കേറ്റ് സ്ഥാപനം:



വർഗീസ് ജോൺ തോട്ടപ്പുഴ

പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിച്ച തീയതിയെ സംബന്ധിച്ച് ചില ആശയക്കുഴപ്പമുണ്ട്. 1912 സെപ്റ്റംബർ 12, 14, 15, 17 തീയതികൾ പല ചരിത്രകാരന്മാരും ഗ്രന്ഥകാരന്മാരും എഴുതാറുണ്ട്. എന്നാൽ 1912 സെപ്റ്റംബർ 15 ഞായറാഴ്ചയാണ് പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ സ്ഥാനാരോഹണം ചെയ്തതെന്ന് ഈ ലേഖകൻ 1982ൽ തന്നെ ചൂണ്ടിക്കാണിച്ചിരുന്നു.

കേരളത്തിലെ സുറിയാനി സഭകൾ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കുന്നതു (1953) വരെ (1950 വരെയെങ്കിലും) തീയതികൾ രേഖപ്പെടുത്തിയിരുന്നത് പ്രത്യേക രീതിയിലാണ്. വർഷം ക്രിസ്ത്വബ്ദത്തിലേതും (ചിലപ്പോൾ മലയാള അബ്ദത്തിലേതുമാകാം) മാസം മലയാള അബ്ദത്തിലേതും (കൊല്ലവർഷം) തീയതി ജൂലിയൻ കലണ്ടറിലേതുമായിരിക്കും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ജൂലിയൻ കലണ്ടറിലെ ജനുവരിക്ക് മകരം എന്നും ഫെബ്രുവരിക്ക് കുംഭം എന്നും അങ്ങനെ ഡിസംബറിന് ധനു എന്നും പേരു പറയുന്നു. സുറിയാനി പഞ്ചാംഗത്തിലെ മാസങ്ങളും (കോനൂൻഹ്രോയ് മുതൽ കോനൂൻ ക്ദീം വരെ) ഇക്കാലത്ത് ഇതിനോടു ചേർന്നു വന്നിരുന്നു. നമ്മുടെ സഭ 1953 വരെ ജനുവരി ഏഴിന് ക്രിസ്മസ് ആഘോഷിച്ചിരുന്നത് അന്ന് സുറിയാനി കണക്കിൽ ധനു 25 (കോനൂൻക്ദീം 25) ആയതുകൊണ്ടാണ്. ജൂലിയൻ – ഗ്രിഗോറിയൻ കലണ്ടറുകൾ തമ്മിൽ ഇപ്പോൾ (20, 21 നൂറ്റുണ്ടുകൾ) 13 ദിവസം വ്യത്യാസമുണ്ട്. 19–ാം നൂറ്റാണ്ടിൽ 12–ം 18–ാം നൂറ്റാണ്ടിൽ 11–ം 16, 17 നൂറ്റാണ്ടുകളിൽ 10–ം ആണ് വ്യത്യാസം. സുറിയാനിക്കണക്ക് ജൂലിയൻ കലണ്ടറിനോട് ചേർന്നുവരുന്നു.

സുറിയാനി കണക്കിൽ 1912 കന്നി 2 എന്നത് സുറിയാനി പഞ്ചാംഗത്തിൽ 1912 ഈലൂൽ 2–ം ജൂലിയൻ കലണ്ടറിൽ 1912 സെപ്റ്റംബർ 2–ം ഗ്രിഗോറിയൻ കലണ്ടറിൽ 1912 സെപ്റ്റംബർ 15–ം ആണ് (13 ദിവസം വ്യത്യാസം). ഇത് മലയാള അബ്ദത്തിൽ 1088 ചിങ്ങം 31 ആണ്. ഇതൊരു ഞായറാഴ്ചയാണ്. കാതോലിക്കേറ്റ് സ്ഥാപനം നടന്ന തീയതി ഇതാണ്. അന്നൊക്കെ ഞായറാഴ്ചയും മാറാനായപ്പെരുന്നാളിനുമാണ് പട്ടംകൊട ആദിയായ ശുശ്രൂഷകൾ നടന്നിരുന്നത്.

വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ കബറിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്. "....... On Sept. 15, 1912 he effected in India the restoration of the




# 1912 സെപ്റ്റംബർ 15

Catholicate of the East through H.H. Patriarch Abdul Messiah II .....". അദ്ദേഹം കാലം ചെയ്ത് മുപ്പതാം ദിവസമാണ് ഈ ഫലകം വച്ചത്. രേഖകളും ഡയറിക്കുറിപ്പുകളും കൃത്യമായി സൂക്ഷിക്കുന്ന സ്വഭാവമുണ്ടായിരുന്ന അദ്ദേഹത്തിന്റെ സെക്രട്ടറി ബഹു. മണലിൽ യാക്കോബ് കത്തനാർക്ക് (1901 – 1993; മുൻ വൈദികട്രസ്റ്റി) സുറിയാനിക്കണക്കിനെപ്പറ്റി വ്യക്തമായ ധാരണയുണ്ടായിരുന്നു. കൃത്യ തീയതി രേഖപ്പെടുത്തുന്നതിന് ഇത് സഹായമായിക്കാണും.

ഒന്നാം കാതോലിക്കായ്ക്ക് പാത്രിയർക്കീസ് നൽകിയ സ്താത്തിക്കോനിൽ '1912 കന്നി മാസം 2 ഞായറാഴ്ച' എന്നാണ് പറഞ്ഞിരിക്കുന്നത്. ക്നാനായ മെത്രാസത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ഇടവഴീക്കൽ ഗീവർഗീസ് മാർ സേവേറിയോസ് '1088 ചിങ്ങം 31 / 1912 സെപ്റ്റംബർ 15 / ഈലൂൽ 2 ഞായറാഴ്ച' എന്നാണ് അദ്ദേഹത്തിന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വാകത്താനം കാരുചിറ ഗീവർഗീസ് റമ്പാന്റെ (പിന്നീട് രണ്ടാം കാതോലിക്കാ) ഡയറിയിൽ 'കന്നി 2' എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

*പൗരസ്ത്യ കാതോലിക്കോസ്* എന്ന ഗ്രന്ഥത്തിൽ (പൗരസ്ത്യ വിദ്യാപീഠം, കോട്ടയം, 1985) മലങ്കര കത്തോലിക്കാ വൈദികനായ ഫാ. ഡോ. ഗീവർഗീസ് ചേടിയത്ത് ഈ വിഷയം വിശദമായി ചർച്ച ചെയ്ത് (പേജ് 159 – 162) 1912 സെപ്റ്റംബർ 15 ആണ് ശരിയായ തീയതി എന്ന നിഗമനത്തിലെത്തിയിട്ടുണ്ട്.

1912 സെപ്റ്റംബർ 18 (1088 കന്നി 3) മലയാള മനോരമയിൽ വന്ന വാർത്ത '1912 സെപ്റ്റംബർ 15' എന്ന തീയതിയെ ശരിവയ്ക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്

1. *മലങ്കര സഭാചരിത്രഫലകങ്ങൾ,* Orthodox Theological Seminary 175th Year Celebrations Souvenir 1990, pp. 299 - 316

2. *ക്രിസ്ത്വാബ്ദത്തിനൊരു ആമുഖം: വിവിധ കലണ്ടറുകളും അബ്ദങ്ങളും,* മനോരമ ഇയർബുക്ക് 2000 (പേജ് 18–22).

■

## ക്വിസ് സമ്മാനങ്ങൾ നേടു...


ശതാബ്ദി ക്വിസിന്റെ ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2012 നവം. 26. മുഴുവൻ ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മലങ്കരസഭയുടെ പ്രത്യേകം സമ്മാനം. പേരുവിവരം പ്രസിദ്ധീകരിക്കും.

വിലാസം: മലങ്കരസഭ, ശതാബ്ദി ക്വിസ്, ദേവലോകം, കോട്ടയം–686004.

## ശതാബ്ദി ക്വിസ്സ്

**ഫാ. സൈമൺ ജേക്കബ് മാത്യു**

1. മലങ്കരയിൽ സ്വതന്ത്ര കാതോലിക്കേറ്റ് സ്ഥാപിച്ച വർഷം
2. കാതോലിക്കേറ്റ് സ്ഥാപനത്തിന് നേതൃത്വം നൽകിയ പാത്രിയർക്കീസ്
3. മലങ്കരയിലെ കാതോലിക്കാ സ്ഥാപന ചടങ്ങ് നടന്ന സ്ഥലം
4. കാതോലിക്കായുടെ ഔദ്യോഗിക നാമം
5. മലങ്കരസഭയുടെ അത്യുന്നത ബഹുമതി.
6. മലങ്കരയിലെ ഒന്നാം കാതോലിക്കാ.
7. പ. ഗീവർഗീസ് ഒന്നാമൻ കാതോലിക്കാ കബറടങ്ങിയ സ്ഥലം
8. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ മെത്രാപ്പോലീത്താ
9. മലങ്കര മെത്രാപ്പോലീത്താ സ്ഥാനം മാത്രമായി വഹിച്ച അവസാനത്തെ മെത്രാപ്പോലീത്താ
10. മലങ്കര മെത്രാപ്പോലീത്താ–കാതോലിക്കാ സ്ഥാനങ്ങൾ ഒന്നിച്ച് ആദ്യമായി വഹിച്ചതാര്
11. സഭാഭരണഘടന പാസാക്കിയ വർഷം
12. കേരളത്തിനു പുറത്ത് കബറടങ്ങിയ മലങ്കരയിലെ ആദ്യ മെത്രാപ്പോലീത്താ
13. സ്ലീബാദാസ സമൂഹം സ്ഥാപകൻ
14. കാതോലിക്കാ സ്ഥാപനത്തിനു ശേഷം ആദ്യമായി വി. മൂറോൻ കൂദാശ ചെയ്ത വർഷം
15. കാതോലിക്കാ നിധി സംഭരണം ആരംഭിച്ച വർഷം
16. ഭാരതീയനായ ആദ്യത്തെ പ്രഖ്യാപിത ക്രൈസ്തവ വിശുദ്ധൻ
17. പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് വിശുദ്ധനായി പ്രഖ്യാപിച്ച വർഷം
18. മലങ്കരസഭയെ ഏറ്റവും കൂടുതൽ കാലം നയിച്ച കാതോലിക്ക
19. മലങ്കരസഭയിൽ സഭാ സമാധാനം നിലവിൽ വന്ന വർഷം
20. ഓർത്തഡോക്സ് സെമിനാരി അഫിലിയേറ്റ് ചെയ്തിരിക്കുന്ന യൂണിവേഴ്സിറ്റി
21. ദേവലോകത്ത് കബറടങ്ങിയ ആദ്യത്തെ കാതോലിക്കാ
22. സ്ഥാനത്യാഗം ചെയ്ത ആദ്യത്തെ കാതോലിക്കാ
23. മാർതോമ്മാ എന്ന നാമം കാതോലിക്കായുടെ പേരിനോട് കൂട്ടിച്ചേർത്ത കാതോലിക്ക
24. മലങ്കരസഭ ഗ്രീഗോറിയൻ കലണ്ടർ സ്വീകരിച്ച വർഷം.
25. സഭാ കേസിൽ ആദ്യമായി സുപ്രീംകോടതി വിധി കൽപ്പിച്ച വർഷം
26. ആദ്യമായി പിൻഗാമിയെ വാഴിച്ച കാതോലിക്കാ
27. പ. പൗലോസ് പ്രഥമൻ കാതോലിക്കാ കബറടങ്ങിയ സ്ഥലം
28. ലോക്സഭയിലെ പ്രതിപക്ഷ നേതാവായിരുന്ന മലങ്കരസഭാംഗം
29. മലങ്കരയിൽ കബറടങ്ങിയ പാത്രിയർക്കീസ്.
30. W.C.C. അസംബ്ലി ഇന്ത്യയിൽ നടന്ന വർഷം
31. മെത്രാൻ സ്ഥാനത്ത് 50 വർഷം പൂർത്തിയാക്കിയ മലങ്കരയിലെ ആദ്യത്തെ മെത്രാപ്പോലീത്താ
32. കാതോലിക്കായുടെ ക്ഷണപ്രകാരം അന്ത്യോക്യാ പാത്രിയർക്കീസ് അവസാനം മലങ്കര സന്ദർശിച്ച വർഷം
33. മലങ്കര സന്ദർശിച്ച എത്യോപ്യൻ ചക്രവർത്തി
34. W.C.C. യുടെ പ്രസിഡന്റായ മലങ്കരസഭയിലെ വനിത
35. മലങ്കരയിൽ ഏറ്റവും കൂടുതൽ മെത്രാപ്പോലീത്തന്മാരെ വാഴിച്ച കാതോലിക്കാ
36. സ്ത്രീകൾക്ക് ഇടവകയോഗത്തിൽ വോട്ടവകാശം ലഭിച്ച വർഷം
37. സഭാരത്നം ബഹുമതി ലഭിച്ച മെത്രാപ്പോലീത്താ
38. 1934–ൽ മലങ്കര അസോസിയേഷൻ നടന്ന സ്ഥലം
39. മലങ്കര അസോസിയേഷൻ വരണാധികാരിയായി വനിത
40. വി. മാർത്തോമാ ശ്ലീഹായുടെ 19–മത് ചരമ ശതാബ്ദി കൊണ്ടാടിയ വർഷം.



## പ്രതികരണം
### സഭയും സ്ത്രീകളും

# വൈദിക പത്നിമാരുടെ സ്ഥാനവും ശുശ്രൂഷയും

**എൽസി യോഹന്നാൻ ശങ്കരത്തിൽ**

ഒരു വൈദികന്റെ സഹധർമ്മിണി എന്നത് ചുമതലാബോധവും, അർപ്പണവും വേണ്ട ഒരുസ്ഥാനമാണ്. “നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാം വണ്ണം പൂർണ്ണവിനയത്തോടും, സൗമ്യതയോടും, ദീർഘക്ഷമയോടും നടക്കയും” (ഗലാത്യർ 4:2). ഈ വചനം എപ്പോഴും ഓർമ്മിച്ചാൽ വച്ചു കൊണ്ടാൽ എതു സ്ഥാനം വഹിക്കുന്ന വ്യക്തിയും അവരവരുടെ ചുമതലകളിൽനിന്ന് വ്യതിചലിക്കുവാൻ സാധിക്കയില്ല.

വ്യക്തിജീവിതത്തിലും, കുടുംബജീവിതത്തിലും, സഭാ സാമൂഹ്യ തലങ്ങളിലും വളരെ മാതൃകാപരമായ ജീവിതം നയിക്കുവാൻ അവർ കടപ്പെട്ടവരാണ്. എവരോടും സ്നേഹമായി വർത്തിക്കുന്നവരും, കർത്തൃശുശ്രുഷയിൽ വ്യാപൃതനായിരിക്കുന്ന പുരോഹിതനെ സ്നേഹ പരിലാളനങ്ങളോടെ പരിചരിക്കുന്നവളും ആയിരിക്കണം. വൈദികനെ അന്വേഷിച്ചു വരുന്ന സഭാംഗങ്ങളെ സഹാനുതിയോടെ, ആതിഥ്യമര്യാദയോടെ സ്വീകരിക്കുവാൻ കടപ്പെട്ടവരാണ്. വീട്ടിൽ വരുന്ന എല്ലാവർക്കും ഭക്ഷണ പാനീയങ്ങൾ

# സ്ത്രീ പങ്കാളിത്തം അനിവാര്യം

**പ്രൊഫ. മേരി മാത്യു**

പ. സഭയിൽ സ്ത്രീകൾക്കുവേണ്ടി എടുത്തിട്ടുള്ള തീരുമാനങ്ങൾ ശുഭോദർക്കമാണ് പ. സഭയുടെ ആത്മീക രംഗത്തും ഭരണരംഗത്തും സ്ത്രീ പങ്കാളിത്തവും പ്രാതിനിധ്യവും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഇന്നും പല അവസരങ്ങളിലും രണ്ടാംതരം പൗരരായി സ്ത്രീകളെ കാണുന്നു എന്നത് വേദനാജനകമാണ്. എവിടെയും കൂട്ടുത്തരവാദിത്തവും സഹകരണവും വളർച്ചയുടെ അടിസ്ഥാനമാണ്. പദവികളോടുള്ള താല്പര്യമല്ല, ദൈവസൃഷ്ടിയെന്ന നിലയിൽ സ്ത്രീക്കു ലഭിക്കേണ്ട അംഗീകാരമാണ് കാലഘട്ടത്തിന്റെ ആവശ്യം. പുരുഷന്മാരോടൊപ്പം പ. സഭയുടെ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുവാനുള്ള അനുവാദമാണ് സ്ത്രീകൾ ആഗ്രഹിക്കുന്നത്. കൂട്ടുത്തരവാദിത്തത്തിനുവേണ്ടിയുള്ള പ്രാർത്ഥനാപൂർവ്വമായ ശ്രമത്തിൽ സഭയുടെ എല്ലാ തലത്തിലും താമസംവിനാ സ്ത്രീ പങ്കാളിത്തം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

പ. സഭയുടെ വിവിധ രംഗങ്ങളിൽ സ്ത്രീകൾ കടന്നുവരുമ്പോൾ പ്രാർത്ഥനയിൽ ആർജ്ജിക്കുന്ന പരിശുദ്ധാത്മകൃപ അനിവാര്യമാണ്. ദൈവാത്മപ്രേരിതമായ സാന്നിദ്ധ്യവും സംസാരവും സംവാദവും മാത്രമേ സ്ത്രീ പക്ഷത്തു നിന്നുണ്ടാകാവൂ. തെറ്റുകൾ തിരുത്തുവാനുള്ള സന്നദ്ധതയ്ക്കായി സദാ ദൈവത്തിൽ ശരണപ്പെടണം. വിദ്യാസമ്പന്നരും വിവേകമുള്ളവരും പ്രാർത്ഥനാ ജീവിതം കൊണ്ട് പക്വത യാർജ്ജിച്ചവരുമായ അനേകം സ്ത്രീകൾ പുറം ലോകം കാണാതെ ഇന്നും കഷ്ടപ്പെടുന്നു. അവരെ തിരിച്ചറിഞ്ഞു പ. സഭയുടെ കെട്ടുപണിയ്ക്കും ക്രിയാത്മകമായ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുവാൻ ശ്രമിക്കുകയും ശ്രദ്ധിക്കുകയും ചെയ്യേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. സ്ത്രീ പുരുഷന്മാർ ഒത്തൊരുമിച്ചു പ്രവർത്തിക്കുവാനും പരസ്പരം ആദരപൂർവ്വം ഇടപെടുവാനും ഇടവകതലത്തിൽ ചർച്ചകൾ സംഘടിപ്പിക്കുന്നതും നല്ലതായിരിക്കും.

വി. കുർബ്ബാനയ്ക്കു മുമ്പ് ദേവാലയത്തിൽ പഴയനിയമം വായിക്കുവാൻ 1988–ൽ തീരുമാനമുണ്ടായിട്ടുണ്ടെങ്കിലും പലയിടത്തും ഇത് പ്രായോഗികമായിട്ടില്ല. ദൈവസൃഷ്ടികളായ സ്ത്രീപുരുഷന്മാർ ഒരുമിച്ച് പ്രാർത്ഥനയോടെ ആലോചിച്ച് പരസ്പരം ആദരവോടെ അംഗീകരിച്ച് പ്രവർത്തിച്ച് വളർത്തുന്നവരാകട്ടെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ.

സ്ത്രീ പങ്കാളിത്തം, പ്രാതിനിധ്യം, ശുശ്രൂഷ, ക്രിസ്തുവിൽ സമർപ്പിതമായ നേതൃത്വം, സഹകരണാധിഷ്ഠിതമായ പ്രവർത്തന മുന്നേറ്റം, ഉറച്ച സമീപനത്തോടെയുള്ള ആശയസമന്വയം എന്നിവ കാതോലിക്കേറ്റിന്റെ ശതാബ്ദിയിൽ സാധിതമാകട്ടെ. ■

നൽകുവാൻ സാദ്ധ്യമല്ലായിരിക്കും, പക്ഷേ സ്നേഹത്തോടെ ഒരു വാക്ക് പറഞ്ഞ് സ്വീകരിച്ചിരുത്തുന്നത് ഉത്തമം. 'അതിഥി സൽക്കാരം മറക്കരുത്' (എബ്രായർ 13:2).

ഇടവകയിൽ വൈദികൻ പിതാവെന്നപോലെ, വൈദികപത്നി ഒരമ്മയുടെ, സ്ഥാനത്ത് സ്നേഹവും സാന്ത്വനവും നൽകി ജനങ്ങളെ കരുതുവാൻ മനസ്സു കാണിക്കുന്നതാണുത്തമം.

സഭാംഗങ്ങളുടെ വിഷമതകൾ സഹിഷ്ണതയോടെ കേൾക്കുകയും, ഭർത്താവ് വഴി അവരുടെ പ്രശ്നങ്ങ ൾക്ക് പ്രതിവിധി കാണുന്ന തിനും കഴിവതും ശ്രമിക്കാവുന്നതാണ്.

ഇടവകക്കാര്യങ്ങളിൽ അഭിപ്രായപ്രകടനങ്ങൾ നടത്തി പ്രയാസങ്ങൾ സൃഷ്ടിക്കുന്നതിൽ നിന്നും ഒഴിഞ്ഞിരിക്കണം.

എപ്പോഴും തൃപ്തിയുള്ളവരായി, മറ്റുള്ളവരുടെ നന്മ കാണുവാനുള്ള കണ്ണും കഴിവും ഉള്ളവരായിരിക്കുന്നതു നന്ന്. മറ്റുള്ളവരുടെ കയ്യിൽ നിന്നും ആഗ്രഹിക്കാതെ, ലഭിക്കുന്നതിലും നല്ലത് നൽകുന്നതാണ് എന്ന തത്വം ഓർമ്മയിൽ വരണം.

ശുശ്രൂഷാ ജീവിതം എളിമയുടെ ലക്ഷണമാണ്. സഹനമുള്ളവളും, പ്രയാസങ്ങളിലും പ്രസന്നവതിയായിരിന്നു വെങ്കിൽ, അതു മറ്റുള്ളവരെ പ്രസാദമുള്ളവരാക്കാം.

മറ്റുള്ളവർക്ക് സഹായഹസ്തം നീട്ടുന്നതിനുള്ള മനസ്സും ഔദാര്യശീലവും ശീലമാക്കുന്നതു നന്ന്.

അലച്ചിൽ കൊണ്ട് വൈദികൻ ദൈവവേലയിൽ അലസതയോ അലംഭാവമോ കാട്ടിയാലും സൗമ്യമായി ഉപദേശിച്ചും, ഉത്സാഹിപ്പിച്ചും, ധൈര്യപ്പെടുത്തിയും വൈദികനെ കർത്തവ്യശോഭിതനാകുവാൻ ഉത്തമയായ സഹധർമ്മിണിക്ക് സാധിക്കും. കഴിവതും മുടക്കമില്ലാതെ വി. ആരാധനകളിൽ പങ്കെടുക്കുകയും, ഇടവകയിലെ സ്ത്രീജനങ്ങളുടെ വേദപഠനത്തിലും, ദേവാലയത്തിലെയും വീട്ടിലെയും ആത്മീയകാര്യങ്ങളിൽ ശുഷ്ക്കാന്തി കാട്ടുന്നതുമായ ഒരു വൈദിക പത്നി ഇടവകജനങ്ങൾക്കും സമൂഹത്തിനും ഉത്തമ മാതൃകാ സ്ത്രീരത്നം ആയിരിക്കും. ■


## ആവശ്യമുണ്ട്

കംപ്യൂട്ടർ പരിജ്ഞാനമുള്ള Tally & DTP (മലയാളം, ഇംഗ്ലീഷ്) ഓഫീസ് സ്റ്റാഫ് തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ആകർഷകമായ ശമ്പളവും, താമസ സൗകര്യവും ലഭ്യമാണ്. അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി നവം. 31-ന്.

P.O. Box No. 511
**Malankara Sabha Masika**
**Catholicate Aramana,**
**Devalokam P.O., Kottayam-686004**




# സ്ത്രീ നേതൃത്വം സഭയിൽ

**അഡ്വ. ജെയ്സി കരിങ്ങാട്ടിൽ**

മലങ്കര ഓർത്തഡോക്സ് സഭയിൽ സ്ത്രീകൾക്ക് ലഭിച്ച അംഗീകാരമാണ് ഇടവക പൊതുയോഗിത്തിൽ സ്ത്രീകൾക്ക് ലഭിച്ച വോട്ടവകാശം. പ. കാതോലിക്കാ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ കല്പന പ്രകാരം 2011 മുതൽ ഇടവക തലത്തിൽ ഇത് പ്രായോഗികമായി. എങ്കിലും വളരെ കുറിച്ച് ഇടവകകളിൽ മാത്രമേ ഇത് യാഥാർത്ഥ്യമായുള്ളു.

'ഇടവക പൊതുയോഗങ്ങളിലെ പങ്കാളിത്തം' എന്നതിലുപരി ഭരണ നിർവഹണ രംഗത്തേക്ക് വനിതകൾ ഉയർന്നുവരണം. ഇടവക തലത്തിൽ മാത്രമല്ല സഭയുടെ വിവിധ തലങ്ങളിൽ നേതൃത്വം നൽകുവാനുള്ള കരുത്തും നേതൃത്വശേഷിയും നേടി വനിതകൾ ശക്തിയാർജ്ജിക്കണം.

സഭയിലെ അദ്ധ്യാത്മീക പ്രസ്ഥാനങ്ങളിൽ സ്ത്രീപങ്കാളിത്തം ഉണ്ടെങ്കിലും വിവിധ പ്രവർത്തനത്തിലും നേതൃത്വനിരയിലും, ഭരണ രംഗത്തും സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. യുവജനപ്രസ്ഥാനത്തിൽ 2005 മുതൽ വനിതകൾക്ക് അംഗത്വം നൽകിയ കല്പന ഉണ്ടെങ്കിലും പല ഇടവകകളിലും ഭദ്രാസനങ്ങളിലും ഇനിയും ഇത് നടപ്പാക്കിയിട്ടില്ല. അതിനാൽ കല്പനകൾ കൊണ്ട് മാത്രം സ്ത്രീകളെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ കഴിയുമെന്ന് വിശ്വസിക്കുവാൻ പ്രയാസമാണ്. അതിനാവശ്യമായ പ്രവർത്തന പന്ഥാവുകളാണ് ഉണ്ടാകേണ്ടത്.

സ്ത്രീ പങ്കാളിതത്വവും പ്രാതിനിധ്യവും ഉറപ്പാക്കുവാനുള്ള അവസരങ്ങൾ സ്ത്രീകളും പരമാവധി പ്രയോജനപ്പെടുത്തണം. അതിനുള്ള ബോധനം സ്ത്രീ സമാജത്തിൽ ഉണ്ടാകണം. വിവിധ ആദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്തനങ്ങളിലും പരിപാടികളിലും സമ്മേളനങ്ങളിലും സ്ത്രീകൾക്കും നേതൃത്വം നൽകാൻ വേണ്ട ക്രമീകരണങ്ങൾ ഉണ്ടാകണം.

സ്ത്രീകൾ ഇടവക രംഗത്തേക്ക് വരുന്നതിനുള്ള പ. കാതോലിക്കാബാവായുടെ കല്പന പൂർണ്ണമായും നടപ്പിലാക്കുവാൻ വേണ്ട നടപടികൾ ഇനിയും ഉണ്ടാകണം.

ഇടവക തലത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ വൈദീകർക്കും, ഇടവക ജനങ്ങൾക്കും ആവശ്യമായ ബോധനവും കേന്ദ്രതലത്തിൽ നിന്നും നൽകേണ്ടതാണ്.

2013-ലെ സഭയുടെ മാനവശക്തീകരണവിഭാഗം നടപ്പാക്കുന്ന ത്രൈമാസ ബോധന പദ്ധതിയിൽ സ്ത്രീ നേതൃത്വം വളർന്നു വരുന്നതിനാവശ്യമായ നൂതന പദ്ധതികളും ബോധനവും ആവിഷ്ക്കരിക്കണം.

കേന്ദ്ര-ഭദ്രാസ-ഇടവക തലങ്ങളിൽ ബോധവൽക്കരണ സെമിനാറുകളും പഠന ക്ലാസ്സുകളും സംഘടിപ്പിക്കുവാൻ ശ്രമിക്കണം.

കാതോലിക്കേറ്റിന്റെ ശതാബ്ദി ആഘോഷിക്കുന്ന 2012 -ൽ സഭയിൽ സ്ത്രീകൾ മുഖ്യധാരയിലേക്ക് എത്തുവാനുള്ള എല്ലാ സാധ്യതകളും സൃഷ്ടിക്കണം.

സഭയിലും സമൂഹത്തിലും രാഷ്ട്രത്തിലും നല്ല സ്ത്രീനേതൃത്വം മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നും ഉണ്ടാകേണ്ടേ? ■

# ഉപകാര സ്മരണ

എന്റെ ഭാര്യ കുഞ്ഞന്നം വർഗീസിന്റെയും മൂത്തമകൻ റ്റി.വി. ഗീവർഗ്ഗീസിന്റെയും കൊച്ചുമകൻ ഗ്രിഗറിയുടേയും മനസ്സിലും ഉപബോധ മനസ്സിലും അബോധമനസ്സിലും ചിന്തയിലും വിചാരത്തിലും വികാരത്തിലും ആലോചനയിലും ഓർമ്മയിലും ബുദ്ധിയിലും ബോധത്തിലും ബുദ്ധിസാമർത്ഥ്യത്തിലും സംസാരത്തിലും പരിപൂർണ്ണ സൗഖ്യവും വീഴ്ചയില്ലായ്മയും പരിശുദ്ധാത്മ അഭിഷേകവും ധൈര്യവും ദൃഢ വിശ്വാസവും വിശുദ്ധിയും അന്ത്യശ്വാസം വരെ നിത്യമായി ലഭിച്ചു-ഞങ്ങളെ സഹായിക്കാത്തവരും അവഗണിച്ചവരും പരാജയപ്പെട്ടു.

റ്റി.വി. ഗീവർഗ്ഗീസിന്റെ വിവാഹം പരുമലപള്ളിയിൽ നടന്നു. ഗ്രിഗറിയുടെ മാമോദീസ പരുമലപള്ളിയിൽ നടന്നു. ഗ്രിഗറിക്ക് പൂനയിൽ ജോലി ചെയ്യുവാനും ഭക്ഷണം കഴിക്കുവാനും ഉദ്യോഗത്തിൽ വിജയകരമായി വിജയിക്കുവാനും ബുദ്ധിസാമർത്ഥ്യവും കഴിവും ഓർമ്മ ശക്തിയും അനുകൂല പരിതസ്ഥിതികളും പ്രശ്നങ്ങളുടെ പരിഹാരവും ദൈവകൃപയും ധാരാളമായും നിത്യമായും ലഭിച്ചു.











**T.V. Varghese,** Rtd Deputy Director of Education
**Kunjanam,** Rtd Income Tax Officer
Plot 74, Nehru Nagar, Thrissur-6

Ecumenism

**ബോധി**

റിപ്പോർട്ട്

# ക്രൈസ്തവ പത്രാധിപർ ക്രൂശിക്കപ്പെടാൻ സന്നദ്ധമാകണം

**കോട്ടയം:** ക്രൈസ്തവ പത്രാധിപന്മാർ സത്യത്തിനുവേണ്ടി പോരാടുവാൻ കഴിയണമെന്നും അതിനായി ക്രൂശിക്കപ്പെടാൻ സന്നദ്ധമാകണമെന്നും കേരളത്തിലെ ക്രൈസ്തവ പത്രാധിപ സമ്മേളനം ആഹ്വാനം ചെയ്തു.

ക്രിസ്തീയ പത്രാധിപന്മാരുടെയും എഴുത്തുകാരുടെയും ഈ സംഘടന 1998 ൽ ആരംഭിച്ചു. സഭാ വ്യത്യാസമില്ലാതെ എഴുത്തുകാർക്കും പത്രാധിപന്മാർക്കും ഒരുമിച്ചുകൂടി എഴുത്തിന്റെ പുതുദർശനങ്ങൾ പങ്കിടുവാൻ വേദിയൊരുക്കുന്ന ഈ സംഘടനയിൽ കേരളത്തിലെ നൂറിൽപ്പരം ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾക്ക് അംഗത്വമുണ്ട്.

ഫാ. പോൾ തേലക്കാട്ട് അദ്ധ്യക്ഷത വഹിച്ച സമ്മേളനം ബിഷപ്പ് മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. യു.പി.എസ്‌സി മുൻ ചെയർമാൻ റോയിപോൾ ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തി. ബിഷപ്പ് തോമസ് കെ. ഉമ്മൻ, പ്രൊഫ. എം. തോമസ് മാത്യു, പ്രൊഫ. ഡോ. മാത്യു കോശി പുന്നക്കാട് അച്ചൻകുഞ്ഞ് എന്നിവർ പ്രസംഗിച്ചു.

വിവിധ ക്രൈസ്തവ പത്രാധിപന്മാർക്ക് ഒപ്പം ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ (മലങ്കരസഭ) ഫാ. ഏബ്രഹാം കോശി കുന്നുംപുറം(ബഥേൽ പത്രിക) ജോയ്സ് തോട്ടയ്ക്കാട് (എം.ടി.വി.) എന്നിവരും ചർച്ചകൾക്ക് നേതൃത്വം നൽകി.

* * *

സത്യത്തിന് സാക്ഷ്യം വഹിക്കുകയാണ് ക്രിസ്തീയ ദൗത്യം. സത്യാന്വേഷികളെ ആത്യന്തികമായി പരാജയപ്പെടുത്തുവാൻ കഴിയുകയില്ല. സത്യത്തിന്റെ സാക്ഷ്യം ക്രൈസ്തവ സഭകൾ ഏറ്റെടുക്കുന്നില്ലെങ്കിൽ ലോകം അന്ധകാരമാകും. അസത്യങ്ങളും അർദ്ധ സത്യങ്ങളും കൊണ്ട് നിറയും. ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ ലോകത്തിൽ വെളിച്ചമായി തീരുവാൻ കഴിയണം. ദൈവവചനത്തിന്റെ ശക്തിയും സൗന്ദര്യവും ഫലപ്രദമാക്കുമ്പോൾ ക്രൈസ്തവ പത്രാധിപർ വിജയിക്കുന്നു. ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ കഴിയണം. സെൻസേഷണലിസം വർദ്ധിച്ച മാധ്യമ സംസ്ക്കാരത്തിൽ മനുഷ്യനന്മ പരിപോഷിപ്പിക്കാനും പ്രത്യാശയുടെ ചക്രവാളം സൃഷ്ടിക്കുവാനും കഴിയണം. ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ സാമൂഹിക തിന്മകളെ വിശകലനം ചെയ്യണം. തിന്മകളിൽ നിന്നും സമൂഹത്തെ വിമോചിപ്പിക്കുവാൻ കഴിയണം. ക്രിസ്തീയ പത്രങ്ങൾ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ജനങ്ങൾക്ക് ആകർഷകമായി വിഷയങ്ങൾ അവതരിപ്പിക്കുവാനും കഴിയണം.

**– ബിഷപ്പ് മാത്യു മൂലക്കാട്ട്**

* * *

ക്രൈസ്തവ സാക്ഷ്യം ജനങ്ങളിൽ സൃഷ്ടിക്കുക എന്നതാണ് ക്രിസ്തീയ മാധ്യമങ്ങളുടെ ലക്ഷ്യം. ദൈവത്തെ സ്നേഹിക്കുന്നതുപോലെ ഒരോ മനുഷ്യനേയും സ്നേഹിക്കുവാൻ കഴിയണം. ക്രിസ്തു പഠിപ്പിച്ച ദൗത്യങ്ങൾ പരിശീലിപ്പിക്കുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ക്രിസ്തീയ പത്രങ്ങളുടെ ദൗത്യം. വളരുന്ന തലമുറയെ ദൗത്യബോധത്തിൽ പരിശീലിപ്പിക്കുവാനും സമൂഹത്തിൽ സമഗ്രമായ ആത്മീയ രൂപാന്തരം സൃഷ്ടിക്കുന്നതിനും ക്രിസ്തീയ പത്രങ്ങൾ ശ്രമിക്കണം. കേരള സമൂഹത്തെ രൂപാന്തരപ്പെടുത്തിയതിൽ ക്രൈസ്തവ സഭകൾക്കും ദർശനങ്ങൾക്കും വലിയ പങ്കുണ്ട്. സാമൂഹിക പരിവർത്തനം ലക്ഷ്യമാക്കി ക്രിസ്തീയ പത്രങ്ങൾക്ക് പ്രവർത്തിക്കുവാൻ കഴിയണം.

**– റോയി പോൾ ഐ.എ.എസ്.**
**(യു.പി.ഐ.സി. മുൻ ചെയർമാൻ)**

* * *

പൊതുസമൂഹത്തിന് സ്വതന്ത്രമായി വായിക്കാവുന്ന ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ കുറവാണ്. ക്രൈസ്തവ പത്രങ്ങൾക്ക് വ്യത്യസ്തമായി കാണുവാനും എഴുതുവാനുമുള്ള തന്റേടം ഉണ്ടാകണം. സാമൂഹിക തിന്മകളെ ക്രിസ്തീയ പത്രങ്ങൾ സംഘടിതമായി ചെറുക്കണം. വായനകുറഞ്ഞു വരുന്ന കാലത്ത് പുതുതലമുറയെ വായിക്കുവാൻ പഠിപ്പിക്കണം. തിന്മ വർദ്ധിക്കുന്നിടത്ത് പുതുതലമുറ തകർന്നു പോകരുത്. മൂല്യച്യുതിയുടെ ക്രമം കെട്ടലോകത്ത് സഭയും സമൂഹവും ക്രമരഹിതമായി തീരുന്നു. ഇവിടെ സത്യത്തിനും നീതിക്കും വേണ്ടി മരിക്കുവാൻ തയ്യാറുള്ള എഴുത്തുകാർ വളരണം. ക്രൂശിക്കപ്പെടുവാൻ തയ്യാറുള്ള പത്രാധിപന്മാർ ഉണ്ടാകണം. മരിക്കുവാൻ സന്നദ്ധരായ പ്രവാചകന്മാർ ക്രിസ്തീയ പത്രങ്ങളിൽ ഉണ്ടാകണം. സത്യത്തിനു വേണ്ടി ക്രൂശിക്കപ്പെടുവാൻ മനസ്സുള്ള പത്രാധിപന്മാർ ക്രിസ്തീയ പത്രങ്ങളെ നയിക്കുന്ന കാലം വരണം.

**– ബിഷപ്പ് തോമസ് കെ. ഉമ്മൻ**
**(സിഎസ്ഐ. മദ്ധ്യകേരള മഹായിടവക)**

* * *

വായനയുടെ ലോകത്ത് നിന്നേ നല്ല കൃതികൾ ഉണ്ടാകൂ. ക്രൈസ്തവ പത്രങ്ങൾ ജനങ്ങളെ വായിക്കുവാൻ പ്രേരിപ്പിക്കണം. അക്ഷരങ്ങളുടെ പാരമ്പര്യം രക്തധമനികളിൽ പ്രവേശിച്ചെങ്കിലേ വായനക്കാരിൽ ചലനം സൃഷ്ടിക്കുവാൻ കഴിയൂ. എന്താണ് എഴുതേണ്ടത് എഴുത്തുകാരനെ ചൊടിപ്പിക്കുന്ന, വേദനിപ്പിക്കുന്ന കാര്യങ്ങൾ സംവേദിക്കുമ്പോൾ എഴുത്തുണ്ടാകുന്നു. ആന്തരിക സംഘർഷം ഇല്ലാതെ നല്ല എഴുത്തുകൾ ഉണ്ടാകില്ല. ക്രൈസ്തവ പത്രങ്ങളിൽ താളവും സൗന്ദര്യവും നഷ്ടപ്പെടുന്നതാണ് പ്രധാന പരിമിതി. ആത്മാവിൽ എഴുതുവാൻ ക്രൈസ്തവ പത്രാധിപന്മാർക്ക് സാധിക്കണം.

**– പ്രൊഫ. എം. തോമസ് മാത്യു**

* * *

എഴുത്തുകാരൻ ഭാഷയിൽ വസിക്കണം. ഭാഷയുടെ ഭവനത്തിൽ അകത്തേക്കും പുറത്തേക്കും സഞ്ചരിക്കുവാൻ കഴിയണം. വിശുദ്ധ ഭാഷയുടെ അഭാവമാണ് ക്രിസ്തീയ പത്രങ്ങളുടെ പ്രശ്നം. ഭാഷയെ വിശുദ്ധമാക്കുവാൻ വിളിക്കപ്പെട്ടവർ ഭാഷയെ അലക്കി

വെളുപ്പിക്കുവാൻ കഴിയണം. എഴുത്തുകാരന് മരിക്കുവാൻ കഴിയണം. എഴുത്തുകാരനും വായനക്കാരനും ഇല്ലാതാകുമ്പോൾ നല്ല എഴുത്തുകൾ ജനിക്കുന്നു. എഴുത്തു വഴി മരണത്തെ ഉറപ്പിക്കുവാൻ കഴിയണം. അതിന് ചായം വേണ്ട. ന്യൂസ് പ്രിന്റു മതി. എഴുത്തിന് ബലം ഉണ്ടാകുമ്പോൾ സ്വാധീനിക്കുവാൻ കഴിയും. ദൈവത്തെ ഭാഷയിൽ വിളിച്ചു വരുത്തി ഭാഷയെ വിശുദ്ധമാക്കുവാൻ കഴിയണം. ആത്മാവിൽ നിറഞ്ഞ എഴുത്തിന്റെ ദിവ്യ ലോകത്തേക്ക് പ്രവേശിക്കാം. ക്രൈസ്തവ ജീവിതം ആത്മാവിന്റെ പ്രേരണയാണ്. അത് പൂർണ്ണമായും ഉൾക്കൊള്ളുവാൻ കഴിയണം.

**– പോൾ തേലയ്ക്കാട്**

* * *

**പ**ത്രാധിപർ മരിക്കുവാൻ സന്നദ്ധമെങ്കിലെ സാമൂഹിക മാറ്റത്തെ ത്വരിതപ്പെടുത്തുന്ന പത്രപ്രവർത്തനം യാഥാർത്ഥ്യമാകു എന്നത് വാസ്തവമാണ്. എന്നാൽ പത്രാധിപരെ 'വെന്റിലേറ്ററി'ലാക്കുന്ന സാമൂഹിക സംവിധാനമാണ് ഇന്നു നിലവിലുള്ളത്. പരസ്യകമ്പനികളും അധികാര കേന്ദ്രങ്ങളും പത്രാധിപർക്ക് കടിഞ്ഞാണിടുമ്പോൾ പത്രാധിപരുടെ സ്വബോധം നഷ്ടപ്പെടുകയും കമ്പോളമൂല്യങ്ങൾ പത്രത്തെ കീഴടക്കുകയും ചെയ്യും. സർവ്വവിധ വിപണി സംസ്ക്കാരങ്ങളുടെ വിധേയത്വങ്ങളും അതിജീവിക്കുന്ന പത്രാധിപരും പത്രാധിപ സമിതിയും ജാഗ്രതയോടെ പ്രവർത്തിച്ചെങ്കിലെ ക്രൈസ്തവ പത്രങ്ങൾക്ക് ക്രിസ്തീയ ധാർമ്മികത പങ്കിടുവാൻ കഴിയൂ. ക്രൈസ്തവ പത്രങ്ങൾ തത്സ്ഥിതിയുടെ കൂട്ടുവേലക്കാരാകുന്നാണ് ഏറ്റവും വലിയ പത്രാപജയം.

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പത്രമാണ് 'മലങ്കരസഭ'. ഓരോ ലക്കവും പുറത്തിറങ്ങുന്നത് പരസ്യങ്ങൾ ഉള്ളതുകൊണ്ടാണ്. അൻപതു പേജുള്ള മലങ്കരസഭയിൽ കവർ ഉൾപ്പെടെ 14 പേജ് പരസ്യമാണ്.

പരസ്യങ്ങൾ കുറച്ച് കൂടുതൽ വിഭവങ്ങളുമായി മാസിക ഇറങ്ങണമെങ്കിൽ അച്ചടിക്കുള്ള പണം കണ്ടെത്തണം. സഭയിൽ നിന്നു 10 ലക്ഷം രൂപായെങ്കിലും പ്രതിവർഷം ഗ്രാന്റ് ലഭിച്ചെങ്കിലേ ജനങ്ങൾ ഇഷ്ടപ്പെടുന്ന രീതിയിൽ മാസിക ഭംഗിയായി അവതരിപ്പിക്കുവാൻ കഴിയൂ. വരിസംഖ്യയും പരസ്യവും സമാഹരിച്ചാണ് മലങ്കരസഭ ഓരോ ലക്കവും പുറത്തിറക്കുന്നത്. സഭയിലെ എല്ലാവർക്കും മലങ്കരസഭ ലഭിക്കുവാനുള്ള സംവിധാനവും ഉണ്ടാകണമെല്ലോ.

ഇപ്പോൾ ഇൻഡ്യൻ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണവും അതിശക്തമാണ്. കേരളത്തിലെ അനവധി ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ പോസ്റ്റൽ രജിസ്ട്രേഷൻ നഷ്ടമായി. അവയിൽ സഭാകാര്യങ്ങൾ മാത്രം ഉൾക്കൊള്ളിക്കുന്നു എന്നതാണ് പ്രധാനകാരണം.

മലങ്കരസഭ മാസികയിൽ പൊതു സമൂഹത്തിന് പ്രയോജനപ്പെടുന്ന ലേഖനങ്ങളും അഭിമുഖങ്ങളും ഫീച്ചറുകളും ഉൾക്കൊള്ളിക്കുന്നത് വാർത്താ വിതരണ വിഭാഗത്തിന്റെ പ്രത്യേക നിർദ്ദേശ പ്രകാരമാണ്.

ഉള്ളടക്ക വിഭവങ്ങളുടെ ദാരിദ്ര്യം, നവീന രീതിയിൽ അച്ചടിക്കുള്ള സാമ്പത്തിക കുറവ്, മാധ്യമ നടത്തിപ്പിനുള്ള അകാര്യക്ഷമത, വിതരണരീതിയിലുള്ള അപര്യാപ്തത, മാധ്യമ പ്രവർത്തനങ്ങൾക്കുള്ള സന്നദ്ധ പ്രവർത്തകരുടെ അഭാവം വിവിധ തലങ്ങളിൽ നിന്നുള്ള പിടിമുറുക്കങ്ങൾ, ഇങ്ങനെ അനവധി നിയന്ത്രണങ്ങളാണ് ക്രൈസ്തവ പത്രങ്ങൾ അഭിമുഖീകരിക്കുന്ന്. ഇവയ്ക്ക് ഒരു മാറ്റം അനവാര്യമല്ലേ?

**ഫാ. ജോൺതോമസ്**
**കരിങ്ങാട്ടിൽ**


## മലങ്കരസഭയുടെ സമുന്നത സാരഥികൾ


### മാർത്തോമ്മാ ശ്ലീഹാ മുതൽ മാർത്തോമ്മാ പൗലോസ് II വരെ

മലങ്കരസഭയുടെ ഏ.ഡി. 52-2012 വരെയുള്ള സമ്പൂർണ്ണ ചരിത്രം ചതുർവർണ്ണ കവറും ഒട്ടധികം ചിത്രങ്ങളും. പ്രകാശനം 2012 ഡിസംബർ 21-ന്. 1500-ൽ പരം പേജ്. വില 700 രൂപ. (പ്രീ പബ്ലിക്കേഷൻ വില പോസ്റ്റേജ് ഉൾപ്പെടെ 450 രൂപ. ഡിസംബർ 10 വരെ) ഒരു കാതോലിക്കേറ്റ് ശതാബ്ദി സ്മാരക ഗ്രന്ഥം.

ഗ്രന്ഥകർത്താക്കൾ
**ഫാ. ഡോ. ജോസഫ് ചീരൻ**
**കെ. വി. മാമ്മൻ, കോട്ടയ്ക്കൽ**

പണവും ചെക്കുകളും അയയ്ക്കേണ്ട വിലാസം:
**കെ.വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്,**
**പി.ബി. 10-മാങ്ങാനം, കോട്ടയം 686018, േ**
**ഫോൺ: 0481-2578936**


**11th DEATH ANNIVERSARY, 09.09.2012**



*By Sorrowing Family,*

**Mrs. Sosamma Mathai (wife)**
**Anil - Annie, Biji - Anitha,**
**Ani - Biji, Shruthi,**
**Vishalmon & Kripamol**

**MR. M.V. MATHAI**
**SHADHOL (M.P.)**



# അവയവദാനത്തിന്റെ നൻമകളും അറിയേണ്ട നിയമങ്ങളും



കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി
(Vice Chairman , V-Guard Group)

അവയവദാനം ജീവൻ ദാനം തന്നെയാണ്.ആരോഗ്യവാനായ വ്യക്തിക്ക് ഒരു ജീവൻ രക്ഷിക്കുന്നതിന് അവയവങ്ങൾ ദാനം നൽകാവുന്നതാണ്. അതുപോലെ മസ്തിഷ്ക മരണം സംഭവിച്ച വ്യക്തിയുടെ അവയവങ്ങൾ ബന്ധുക്കളുടെ സമ്മതത്തോടെ ദാനം ചെയ്യാം. അവയവമാറ്റം സാധ്യമാക്കിയതിന് മെഡിക്കൽ സയൻസിനോടാണ് നന്ദിപറയേണ്ടത്. അവയവദാനത്തെക്കുറിച്ചുള്ള അറിവില്ലായ്മയും , അബദ്ധധാരണകളും കാരണം പലപ്പോഴും ജനങ്ങൾ ഇതിന് തയ്യാറായിരുന്നില്ല. മാധ്യമങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ താൽപ്പര്യമെടുക്കുന്നത് ഇതിനെക്കുറിച്ച് കൂടുതൽ അറിവ് ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സഹായകമായിട്ടുണ്ട്.

ഇന്ത്യയിൽ 1995ലെ The Transplantation of Human Organs Act അനുസരിച്ചാണ് അവയവദാനം നടത്തുന്നത്. അവയവദാനത്തിന് മുന്നോടിയായി ദാതാവും സ്വീകർത്താവും അനവധി സർട്ടിഫി ക്കറ്റുകൾ കമ്മറ്റി മുൻപാകെ ഹാജരാക്കേണ്ടതുണ്ട്.പ്രത്യേകിച്ച് അടുത്ത ബന്ധുവല്ല ദാതാവെങ്കിൽ നിയമം കുറെക്കൂടി കർശനമാണ്.

ഈ നിയമമനുസരിച്ച് അടുത്ത ബന്ധുവെന്നത് ഭാര്യ/ഭർത്താവ്, മക്കൾ, മാതാപിതാക്കൾ, സഹോദരങ്ങൾ എന്നിവരാണ്.

ഇങ്ങനെയുള്ളപ്പോൾ താഴെപ്പറയുന്നവ ഹാജരാക്കേണ്ടതാണ്. Rule 6F(d) അനുസരിച്ച് കമ്മറ്റി അംഗങ്ങൾ ഇവ വിലയിരുത്തുന്നതാണ്.

1. ഫോം 1(C) , ഫോം 10 എന്നിവ
2. റേഷൻകാർഡ്/വോട്ടേഴ്സ് ഐ.ഡി കാർഡ്/പാസ്സ്പോർട്ട്/ഡ്രൈവിംഗ് ലൈസൻസ്/പാൻകാർഡ് ഇവയിലേതിന്റെയെങ്കിലും കോപ്പി.
3. കഴിഞ്ഞ 3 വർഷത്തെ തൊഴിലിന്റെയും, വരുമാനത്തിന്റെയും വ്യക്തമായ തെളിവ്.
4. ബന്ധപ്പെടുവാൻ ഉണ്ടായ സാഹചര്യം, അതിന്റെ വിവരണം
5. ആധാരപരമായ തെളിവ്.
6. ദാതാവ് ദാനം ചെയ്യാൻ തയ്യാറായതിന്റെ കാരണം.
7. ദാതാവിന്റെയും, സ്വീകർത്താവിന്റെയും ചിത്രങ്ങൾ.
8. ദാതാവ് മയക്കുമരുന്നിന് അടിമയോ, കുറ്റകർത്താവോ അല്ല എന്നത്.
9. ദല്ലാൾ ഉണ്ടാവാൻ പാടുള്ളതല്ല.

പണസംബന്ധമായ യാതൊരുവിധ ഇടപാടുകളും ദാതാവിന്റെയും സ്വീകർത്താവിന്റെയും ഇടയിൽ ഉണ്ടാവാൻ പാടില്ല. ദാതാവിന്റെ അടുത്ത ബന്ധുക്കളുമായി അവയവദാനത്തക്കുറിച്ചും ദാതാവിന്റെ തീരുമാനത്തെക്കുറിച്ചും ദാതാവിന്റെയും സ്വീകർത്താവിന്റെയും യോജിപ്പിനെക്കുറിച്ചും അവയവദാനത്തിന്റെ കാരണങ്ങളെക്കുറിച്ചും ചർച്ചചെയ്യുന്നതാണ്. എന്തെങ്കിലും ശക്തമായ അഭിപ്രായമോ വിയോജിപ്പോ ഉണ്ടെങ്കിൽ അവയൊക്കെ കമ്മറ്റി ശ്രദ്ധിക്കുന്നതായിരിക്കും. മേൽപ്പറഞ്ഞവയുടെ അടിസ്ഥാനത്തിൽ കൂടുതൽ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്. എന്റെ കിഡ്നി ജോയി എന്ന ഒരു പാവപ്പെട്ട ട്രക്ക് ഡ്രൈവർക്ക് നൽകാൻ ഞാൻ തയ്യാറായപ്പോൾ ഇവ സമർപ്പിച്ചിരുന്നു;

1. Identification certificate from Village Officer, 2. Identification certificates of wife and children from Village Officer, 3. Residential and Relationship certificates from Village Officer, 4. Conduct certificate from a Gazetted Officer, 5. Police verification certificate from officer not below Dy.S.P., 6. Combined affidavit attested by Judicial First Class Magistrate., 7. Affidavit attested by Notary. 8. Combined Affidavit of donor & recipient attested by Notary., 9. Consent letters from wife and children. 10. Non - addiction certificate from registered Medical Practitioner, 11. Certificate of Marriage, 12. Marriage declaration with photo attested by Notary, 13. Certificate of MP.

അടിയന്തരഘട്ടങ്ങളിൽ ഇവയ്ക്ക് ഇത്രമാത്രം പ്രാധാന്യം കൊടുക്കേണ്ടതില്ല. മാധ്യമങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തിയ സ്വാതിയുടെ കാര്യം എടുക്കുകയാ ണെങ്കിൽ, അമ്മയ്ക്ക് അവയവദാനം കഴിയാതിരുന്ന സാഹചര്യത്തിലാണ് ഇളയമ്മ മുന്നോട്ട് വന്നത്. പക്ഷേ അവർ അടുത്ത ബന്ധു അല്ലാത്തതുകൊണ്ട് ആക്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ ഫോമുകളും കമ്മറ്റി അധികാരികളുടെ മുൻപിൽ സമർപ്പിക്കേണ്ടതായി വന്നു. കമ്മറ്റിയുടെ അടുത്ത മീറ്റിംഗ് മാസാവസാനം ആലപ്പുഴയിൽ വച്ചായിരുന്നു. മാധ്യമങ്ങളുടെ ഇടപെടലും സ്വാതിയുടെ അവസ്ഥയും പരിഗണിച്ച് കേരളാഗവൺമെന്റ് കോട്ടയത്തുള്ള കമ്മറ്റിക്ക് തീരുമാനം എടുക്കുവാൻ അനുമതി നൽകി. ഇതുപോലെയുള്ള അടിയന്തരഘട്ടങ്ങളിൽ അടുത്ത ബന്ധുവെന്നതിന് നൽകിയിരിക്കുന്ന നിർവ്വചനം വിപുലമാക്കുന്നത് വഴി രോഗിക്ക് കമ്മറ്റിയിൽ നിന്നും അനുമതി അനായാസമാണ്

ആക്ടിന്റെ സെക്ഷൻ 17 പ്രകാരം ഏതെങ്കിലും അപേക്ഷ കമ്മറ്റിയുടെ മുൻപിൽ തള്ളിപ്പോവുകയാണെങ്കിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ കമ്മറ്റിയാവട്ടെ മാസത്തിൽ ഒരിക്കൽ മാത്രമേ കൂടുകയുള്ളു. സ്വാതിയുടെ കാര്യത്തിൽ കേരള സംസ്ഥാനം മുഴുവനും ഇടപെട്ടിരുന്നു. അങ്ങനെ എപ്പോഴും സംഭവിക്കണമെന്നില്ല. അതിനാൽ കമ്മറ്റിയുടെ തീരുമാനം കാത്തു നിൽക്കാതെ അടിയന്തരഘട്ടത്തിൽ രോഗികൾക്ക് സമീപിക്കുവാൻ ഒരു ഏജൻസി അത്യാവശ്യമാണ്. ഇതൊരു ‘Single Window Clearance’ ആയി പ്രവർത്തിച്ച്, ഗുരുതരാവ സ്ഥയിലുള്ള രോഗികളുടെ കാര്യത്തിൽ പെട്ടെന്ന് തീരുമാനമെടുക്കാനുള്ള അധികാരം നൽകേണ്ടതാണ്. ഏറ്റവും കുറഞ്ഞത് Kidney Federation of India യോ അതുപോലെയുള്ള രജിസ്റ്റർ ചെയ്ത മറ്റു NGOs തിരഞ്ഞെടുത്തിട്ടുള്ളതുമായ രോഗികളുടെ കാര്യത്തിൽ മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകളിൽ ഇളവു നൽകേണ്ടതാണ്.

ഒരു ജീവൻ നിലനിർത്താൻ എനിക്കു കഴിഞ്ഞതിൽ ഞാൻ സന്തോഷവാനാണ്. മാത്രമല്ല, എന്നിലൂടെ അവയവദാനത്തിന്റെ ഒരു ശൃംഖലയ്ക്ക് തുടക്കമായി എന്നതുകൊണ്ടും ഞാൻ വളരെ സംതൃപ്തനാണ്.സമൂഹം ബോധവാൻമാരായിക്കൊണ്ടിരിക്കുന്നതിന്റെ തെളിവാണ് സ്വാതിയും , ഷാമിനും, വിസ്മയി പ്പിക്കുന്ന മറ്റു പല ഉദാഹരണങ്ങളും. അരുൺ ജോർജിന് മസ്തിഷ്ക മരണം സംഭവിച്ചപ്പോൾ മാതാപിതാക്കൾ മകന്റെ അവയവങ്ങൾ മറ്റുള്ളവർക്ക് ദാനം നൽകി.സരസ്വതി ടീച്ചറുടെ പെൺമക്കൾ , ടീച്ചറുടെ മസ്തിഷ്ക മരണശേഷം അവയവങ്ങൾ ദാനം നൽകാൻ സമ്മതം നൽകി. ഇവരെല്ലാം നമുക്ക് പ്രചോദനം നൽകുന്നവരാണ്. ഇവരെ അനുകരിച്ച് നമ്മളിലൂടെ ഈ സന്ദേശം ലോകം മുഴുവൻ എത്തണം . Donate Organs Donate Life..



## ഓർമ്മച്ചെപ്പ്



ദീർഘകാലം മലങ്കരസഭാ മാസികയുടെ പത്രാധിപരായിരുന്ന റ്റി. വി. ജോർജ് നെടുമാവിലച്ചന്റെ സതീർത്ഥ്യ സ്മരണകളുമായി മറ്റപ്പള്ളി കനകപ്പലം ബേബിച്ചായൻ



# കിളിക്കൂട്ടങ്ങൾക്ക് കല്ലെറിയാത്തവർ



പത്തു തൊണ്ണൂറ് വർഷങ്ങൾക്ക് മുമ്പ് കോട്ടയം നെടുമാവ് താഴേൽ വീട്ടിൽ റ്റി. വി. ജോർജ് എന്ന കൊച്ചൻ അമ്മച്ചി അന്നമ്മയോട് ഹൃദയഭേദകമായ ഒരു ചോദ്യം ചോദിച്ചു.

"നമ്മുടെ കഷ്ടപ്പാട് എന്നു മാറു മമ്മേ"?

പാക്കുകച്ചവടവും മറ്റു ചില്ലറ കൃഷിപ്പണികളുമായി അപ്പൻ നടന്നിരുന്ന കാലം 'ചക്രം' കൈയ്യിൽ അധികം വരാത്ത കാലത്ത് ദാരിദ്ര്യം ഒരളവുവരെ ആ കുടുംബത്തെ ബുദ്ധിമുട്ടിച്ചിരുന്നു.

പതറിപ്പോയെടെങ്കിലും അമ്മ യുക്തമായ മറുപടി നല്കി.

"എന്റെ മോൻ പ്രാർത്ഥിക്ക്..."

വീടിനോട് ചേർന്നുണ്ടാക്കിയ പാക്ക് ഉണക്കുന്ന ചേരിയുടെ മുകളിൽ കയറി ആ ബാലൻ പ്രാർത്ഥിച്ചു. "ദൈവമേ എന്റെ ഹൃദയം അവിടുത്തെ ആലയമായിത്തീരണമേ...."

നിരന്തരമായ ഈ പ്രാർത്ഥനയുടെ പിൻബലമാണ് നെടുമാവ് ജോർജ്ജ് അച്ചനെന്ന പത്രാധിപരെ വാർത്തെടുത്തത്.

ഈ ഓർമ്മച്ചെപ്പ് തുറക്കുന്ന സതീർത്ഥ്യനായ തൊണ്ണൂറ്റി ഒന്നു കഴിഞ്ഞ മറ്റപ്പള്ളിൽ എം.റ്റി. ചെറിയാൻ....

* * *

നെടുമാവ് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ കരിങ്ങണാമറ്റത്തിൽ ദിവ്യശ്രീ മാത്യൂസ് അച്ചൻ ആത്മ പ്രതാപിയായി വിളങ്ങുന്ന കാലം. വില്ലുവണ്ടിയിൽ നിരത്തിലൂടെ സഞ്ചരിച്ചിരുന്നപ്പോഴും ഇടവകയുടെ ആത്മീയ സന്താനങ്ങളെ താൻ ചേർത്തു നിർത്തിയിരുന്നു. രാവിലെ, ഏഴുമണിമുതൽ സണ്ടേസ്ക്കൂളായിരുന്നു 7,8,9 ക്ലാസ്സുകൾ എടുത്തിരുന്നത് വികാരിയച്ചൻ തന്നെയായിരുന്നു. എട്ടുമണിക്ക് പ്രഭാത നമസ്ക്കാരം തുടരും.... എല്ലാം തീർന്നു വരുമ്പോഴേക്കും ഏതാണ്ട് ഉച്ചയാകും.

വീട്ടിൽ നിന്നും 6 മൈൽ നടന്നാണ് നമസ്ക്കാരത്തിന് മുമ്പ് പള്ളിയിലെത്തുന്നത്. ഭൂരിപക്ഷം ആളുകൾക്കും അതൊരു നിർബന്ധമായിരുന്നു. പ്രഭാതനമസ്ക്കാരത്തിനു മുമ്പ് പള്ളിയിലെത്തണമെന്ന് വികാരിയേക്കാൾ വിശ്വാസികൾ ശഠിച്ചിരുന്ന ഒരു കാലം...

* * *

കൊടുങ്ങൂരിലെ സ്ക്കൂൾ ജീവിതം അവസാനിച്ചപ്പോൾ പഴയ സെമിനാരിയിലെ വലിയ ബാവായെ (ഗീവർഗീസ് ദ്വിതീയൻ ബാവാ) സന്ദർശിച്ചു.

സെമിനാരിയലെ ശീമ പുളിയിലിരുന്ന കിളിയെ കല്ലെറിഞ്ഞ് ഓടിക്കാൻ ബാവാ നിർദ്ദേശിച്ചു. ജോർജ് എറിഞ്ഞ കല്ലൊന്നും പക്ഷിയുടെ പുറത്തു കൊണ്ടില്ല...

ബാവാ പൊട്ടിച്ചിരിച്ചു.... ഇവനെക്കൊണ്ട് ഒരു കിളിയെപോലും ഓടിക്കാൻ പറ്റുമെന്ന് തോന്നുന്നില്ല. (പഴയ കാലത്തെ പിള്ളേരുടെ കല്ലേറ് പോലുള്ള ശീലങ്ങൾ ഒന്നും വശമില്ലാത്ത ഒരാളെന്ന് ബാവാ പിന്നീട് വ്യക്തമാക്കി)

റ്റി. വി. ജോർജിനെ വളരെ താല്പര്യത്തോടെ ചേർത്തു നിർത്തുകയും കോടതി നടപടികളുടെ റിപ്പോർട്ടിങ് ഏൽപിക്കുകയും ചെയ്തു പ. ബാവാ. പഴയ സെമിനാരിയിൽ താമസിച്ച് സഭാ ശുശ്രൂഷകളിൽ ഏർപ്പെടുകയും മലങ്കരസഭാ മാസികയുടെ എഡിറ്ററും കൺവീനറുമായി ദീർഘകാലം പ്രവർത്തിക്കുകയും ചെയ്തു. മലങ്കര സഭാ മാസികയെ നെഞ്ചോടു ചേർത്തു നിർത്തിയ പത്രാധിപരായിരുന്നു റ്റി. വി. ജോർജച്ചൻ... മറ്റപ്പള്ളി ചെറിയാൻ അപ്പച്ചൻ കണ്ണു തുടച്ചു...

അകാലത്തിൽ വൈദ്യശാസ്ത്രത്തിന്റെ പിഴവു കൊണ്ടാണ് അദ്ദേഹം മരിച്ചതെന്നും തന്റെ ഓർമ്മകളിൽ നിന്നും അപ്പച്ചൻ ചികഞ്ഞെടുത്തു...

* * *

നെടുമാവ് നിന്നും മൈലപ്രയിലേക്കും അവിടെ നിന്നും കൂടലിലേക്കും മറ്റപ്പള്ളി കുടുംബം ചേക്കേറി. മൈലപ്രയിൽ താമസിച്ചപ്പോൾ സെന്റ് ജോർജ് പള്ളിയിലെ 250 പേരിൽ 170 പേർ മാർ ഈവാനിയോസിനോടൊപ്പം പോയത് ദുഃഖത്തോടെയാണ് ഈ വന്ദ്യ വയോധികൻ ഓർമ്മിക്കുന്നത്.

പ്രവാസിയായി, ശൂന്യകരങ്ങളുമായി കൂടലിൽ എത്തിയപ്പോഴും ശുശ്രൂഷ മുടക്കിയില്ല കലഞ്ഞൂർ പള്ളിയിലെ മദ്ബഹായിൽ നിന്നുകൊണ്ട് ഉള്ളിലുയർന്ന സങ്കടങ്ങളടക്കി ഉറക്കെ പാടി...

അൻപുടയോനേ നിൻ വാതിൽ....
മുട്ടുന്നു....
ആവശ്യത്താൽ യാചിക്കും
അടിയാരേ തള്ളീടല്ലേ...

കൺകോണിലെ നനവുകൾ തുടച്ച് ശുശ്രൂഷ പൂർത്തിയാക്കിയ മറ്റപ്പള്ളിയെ കാത്ത് തോമസ് മുതലാളി പുറത്ത് നിന്നിരുന്നു; ആരാണ് ഈ പുതിയ ശബ്ദത്തിന്റെ ആളെന്നറിയുവാൻ...

എല്ലാം കേട്ട് തോമസ് മുതലാളി പറഞ്ഞു 6 ഏക്കർ ഉണ്ട്... കൃഷി ചെയ്ത് ജീവിച്ചു കൊള്ളുക പാട്ടച്ചീട്ട് ഞാൻ തന്നെ എഴുതിച്ചു കൊള്ളാം...

"വി. ത്രോണോസിലെ പ്രാർത്ഥനയ്ക്ക് ഉടൻ മറുപടി..." ചെറിയാൻ അപ്പച്ചൻ വിശുദ്ധീകരിച്ചു.

സഭയുടെ തീവ്ര സ്മരണകൾ പേറുന്ന ഒരസാമാന്യ വിശ്വാസിയാണ് ഈ വന്ദ്യ വയോധികൻ. വേദവിപരീതങ്ങൾ ഇദ്ദേഹത്തിന്റെ അറിവിന്റെ അയലത്തു വരില്ല ദേഷ്യപ്പെട്ട് ഒരാൾ പറഞ്ഞു വച്ചുവത്രെ... അപ്പച്ചൻ ക്രിസ്തുവിന്റെ സാക്ഷിയല്ല സഭയുടെ സാക്ഷിയാണെന്ന്...

അപ്പച്ചൻ ഊറിച്ചിരിക്കുന്നു 'സഭ' എന്നാൽ ക്രിസ്തു ശരീരമല്ലേ.. അതുപോലും മനസ്സിലാകാത്തവരാണ് വേദവിപരീതികൾ...

ഭാര്യ കോഴഞ്ചേരി ചൂരയ്ക്കാട് മണ്ണിൽ ഏലിയാമ്മ മക്കൾ.

ഫാ. മുകളിൽ



സ മ കാ ലി കം

ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്

# നീതിയും സമാധാനവും : നവ സമൂഹ നിർമ്മിതിയിൽ

നീതിയിൽ അടിസ്ഥാനപ്പെട്ടുള്ള ഒരു സമൂഹത്തിലേ സമാധാനം ശാശ്വതമായി നിലനിൽക്കൂ. അസമത്വത്തിലടിസ്ഥാനപ്പെടുത്തി സൈന്യബലവും അധികാരവും കൊണ്ട് അടിച്ചമർത്തിയുണ്ടാക്കിയെടുക്കുന്ന സമാധാനം നിലനിൽക്കുകയില്ല. അനീതിയുടേയും അസമത്വത്തിന്റെയും ഘടനകളെ പൊളിച്ചെഴുതി പുതിയൊരു അടിത്തറയിൽ രൂപപ്പെടുത്തിയെടുക്കുന്ന സമൂഹത്തിനുമാത്രമേ സമാധാനം കൈവരിക്കാനാവൂ.

## നീതിയും സമാധാനവും

സമാധാനത്തിന് ഒരു സാമൂഹ്യ-സാമുദായിക-രാഷ്ട്രീയ പരിസരം ഉണ്ട്. അത് നീതിയുടെയും സത്യത്തിന്റെയും സമത്വത്തിന്റെയും ആകുന്നു. അനീതിയും അസത്യവും അടിച്ചമർത്തലുമുള്ളിടത്ത് സമാധാനം സഫലീകരിക്കപ്പെടുന്നില്ല. നീതി എന്ന വൃക്ഷത്തിന്റെ സ്വാഭാവികഫലമാണ് സമാധാനം. സാമൂഹ്യനീതിയെക്കുറിച്ച് ശക്തമായി പ്രസംഗിച്ചവരാണ് ക്രിസ്തുവിനുമുമ്പ് എട്ടാം നൂറ്റാണ്ടിലെ പ്രവാചകന്മാരായ യെശയ്യാവ്, ഹോശയ, ആമോസ്, മീഖാ എന്നിവർ. 'നീതിയിൽ വിതപ്പിൻ, ദയക്കൊത്തവണ്ണം കൊയ്യുവിൻ' എന്ന് ഹോശയയും (10:12). 'എന്നാൽ ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകട്ടെ'എന്ന് ആമോസും (5:24) 'കിടക്കമേൽ നീതികേടു നിരൂപിച്ച് തിന്മ പ്രവർത്തിക്കുന്നവർക്ക് അയ്യോ കഷ്ടം' എന്നും 'ന്യായം പ്രവർത്തിപ്പാനും ദയാതൽപ്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്' എന്ന് മീഖയും (2: 1; 6: 8) പ്രവചിക്കുന്നു. നീതിയും സമാധാനവും തമ്മിലുള്ള പാരസ്പര്യം വ്യക്തമായി എടുത്തുപറയുന്ന ഒരു വാക്യം സങ്കീർത്തനങ്ങളിലുണ്ട്. 'ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു. നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു' (85:10). മറ്റൊരു ഭാഗം യെശയ്യാ പ്രവചനത്തിലുണ്ട് : 'നീതിയുടെ പ്രവർത്തി സമാധാനവും നീതിയുടെ ഫലം ശാശ്വത വിശ്രാമവും നിർഭയതയും ആയിരിക്കും. എന്റെ ജനം സമാധാന നിവാസത്തിലും നിർഭയവസതികളിലും സ്വൈര്യമുള്ള വിശ്രാമ സ്ഥലങ്ങളിലും പാർക്കും' (32: 17-18).

## അന്യായവും അനീതിയും

അന്യായവും അനീതിയും ചൂഷണവും നിക്ഷിപ്ത താൽപ്പര്യവും സ്വജനപക്ഷപാതവും നിലനിൽക്കുന്ന സമൂഹത്തിൽ നിയമസമാധാനസംവിധാനം ആദരിക്കപ്പെടുന്നില്ല; സ്വീകരിക്കപ്പെടുന്നുമില്ല. അതു കപടവും വഞ്ചിക്കുന്നതുമായി മാത്രമേ അടിച്ചമർത്തപ്പെടുന്നവർക്ക് അനുഭവപ്പെടുന്നുള്ളൂ. കാരണം നീതി നടപ്പാക്കേണ്ട സ്ഥാപനങ്ങളും ഘടനകളും അന്യായക്കാർക്കു സംരക്ഷ നൽകുന്നവയായും ചൂഷിതരെ അടിച്ചമർത്തുന്നതിനുള്ള ഉപാധിയായും പരിണമിച്ചിരിക്കുന്നു. ഇവിടെ അക്രമികൾ ആരാണ്? സർക്കാരോ, അതോ കുടി ഒഴിപ്പിക്കപ്പെട്ടവരോ? അധികാരികൾ അക്രമത്തെ സ്ഥാപനവൽക്കരിക്കുന്നു. പീഡിതർ പ്രക്ഷോഭം അക്രമാസക്തമാക്കുന്നു; ചിലയിടങ്ങളിൽ അവ സമാധാനപരമായി പോകുന്നു. നർമ്മദ ബച്ചാവോ ആന്തോളൻ, നന്ദിഗ്രാം കർഷകരുടെ പ്രക്ഷോഭങ്ങൾ, കേരളത്തിലെ മുത്തങ്ങ, പ്ലാച്ചിമട, ചെങ്ങറ സമരങ്ങളും കാസർകോട്ടെ കശുവണ്ടിത്തോട്ടം പ്രദേശത്തെ എൻഡോസൾഫാൻ ഇരകൾക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങളും, തമിഴ്നാട്ടിൽ കൂടംകുളം ആണവനിലയത്തിനെതിരായ പ്രക്ഷോഭങ്ങൾ; ഇവയെല്ലാം സൂക്ഷ്മവും സമഗ്രവുമായ പഠനത്തിനു വിധേയമാക്കേണ്ടതാണ്. അക്രമത്തെ സ്ഥാപനവൽക്കരിക്കുമ്പോൾ ഇരകളുടെ സംരക്ഷ ഏറ്റെടുക്കുന്നു എന്ന മറവിൽ സാമൂഹ്യദ്രോഹികളുടെയും ഭീകരരുടെയും മറ്റൊരു നിര നേർവിപരീത ചേരിയിൽ നിന്ന് ആവിർഭവിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ യഥാർത്ഥ മർദ്ദകരിൽ നിന്നും യഥാർത്ഥ മർദ്ദിതരെ വേർതിരിച്ചറിയാനാവാതെ പ്രശ്നം ഏറെ സങ്കീർണ്ണമായി മാറുന്നു.

## അധിനിവേശം

ട്രാൻസ് നാഷണൽ കോർപ്പറേറ്റുകളുടെ സാമ്പത്തികാധിപത്യം അധിനിവേശത്തിന്റെ പുതിയരൂപമാണ്. രാഷ്ട്ര സമ്പത്ത് മുഴുവൻ കോർപ്പറേറ്റുകൾ കയ്യടക്കുന്നു. ഒരു രാഷ്ട്രത്തിന്റെ സാമ്പത്തികനയങ്ങൾ പോലും വരുതിക്കുകീഴിൽ കൊണ്ടുവരാൻ കോർപ്പറേറ്റുകൾക്കു കഴിയും. കോർപ്പറേറ്റുകളുടെ ലക്ഷ്യം ലാഭമാണ്; ജനക്ഷേമമല്ല. ക്ഷേമരാഷ്ട്രം ലക്ഷ്യം വയ്ക്കുന്ന സർക്കാരിന്റെ സാമ്പത്തിക നയം ലാഭം ലക്ഷ്യമാക്കുന്ന കോർപ്പറേറ്റുകളുടെ നയത്തിൽ നിന്നും ഭിന്ന



മായിരിക്കും. സമ്പത്തുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റുകയാണ് കോർപ്പറേറ്റുകൾ. കോടിക്കണക്കായ പാവങ്ങളുടേയും സാധാരണക്കാരുടെയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനുള്ള ക്ഷേമരാഷ്ട്രസങ്കല്പം പുതിയ സാമ്പത്തിക നയത്തിനു മുമ്പിൽ വീണുടഞ്ഞുപോകുന്നു. വാങ്ങുവാനുള്ള കെല്പ് സാമ്പത്തിക ശേഷിയുള്ളവർക്കാണ്. അല്ലാത്തവർ ഓരങ്ങളിലേക്ക് തള്ളപ്പെടുന്നു. ബഹുഭൂരിഭാഗത്തെ അവഗണിച്ചും ഒരു വരേണ്യ വിഭാഗത്തെ പരിഗണിച്ചും കൊണ്ടുള്ള ഏതു സാമ്പത്തിക നയവും ഇൻഡ്യക്ക് നന്നല്ല. അനീതിയും അസമത്വവും കൂടുതൽ സൃഷ്ടിക്കാനേ അതു വഴി സാധ്യമാവൂ. ഇതിന്റെ ആത്യന്തിക ഫലം അസമാധാനമായിരിക്കും.

## മൂല്യാധിഷ്ഠിത വികസനം

ഭാരതത്തിൽ വികസനത്തിന് രണ്ടു പ്രമാണങ്ങൾ ഉണ്ടായിരിക്കണം. ഒന്ന്, വികസനത്തിനായി ആവിഷ്ക്കരിക്കുന്ന ഏതു പദ്ധതിയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് എത്രകണ്ട് പ്രയോജനം ചെയ്യും എന്നു നോക്കിക്കൊണ്ടുള്ളതാവണം. രണ്ട്, ധനസമ്പാദനവും ഒരിക്കലും അടങ്ങാത്ത ലൗകീകസുഖസൗകര്യങ്ങളുടെ പരിപൂർത്തിയും ലക്ഷ്യം വച്ചുകൊണ്ടുള്ളതാവരുത്, നമ്മുടെ വികസന നയം. ഇതു ചൂണ്ടിക്കാണിച്ചുകൊണ്ട് വി. ആർ. കൃഷ്ണയ്യർ മഹാത്മാ ഗാന്ധിയെ ഉദ്ധരിക്കുന്നു, 'ആധുനിക ലൗകിക ദുര നാം ലക്ഷ്യം വക്കുന്നിടത്തോളം പുരോഗതിയുടെ പാതയിൽ നാം കുന്നിറങ്ങി താഴേക്ക് പോവുകയായിരിക്കും'. ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം ഇത്യാദി അടിസ്ഥാന ആവശ്യങ്ങൾ സാമാന്യജനങ്ങളിലെത്തിക്കാൻ നേരായ രാഷ്ട്രീയ ദിശാബോധവും, സമഗ്രമായ നയരൂപീകരണവും അതിനനുസരണമായ പദ്ധതികളുടെ ആവിഷ്ക്കാരവും നമുക്കാവശ്യമുണ്ട്. ഇതിന് ഗാന്ധിയിലേക്ക് നാം മടങ്ങിപോവണം. ഗാന്ധിയൻ ദർശനത്തിന് എന്നത്തേയും കാൾ പ്രസക്തി ഇന്നുണ്ടായിട്ടുണ്ട് എന്നതിൽ സംശയമില്ല.

## ഗ്രാമങ്ങളിലേക്ക് തിരിയണം

ഇൻഡ്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു എന്ന് മഹാത്മാഗാന്ധി ഊന്നിപ്പറഞ്ഞു. ഗാന്ധിയൻ മാർഗ്ഗത്തിന്റെ കാലിക പ്രസക്തി എടുത്തു കാട്ടാൻ കഴിയുന്ന മേഖലകളിൽ ഒന്നു ഗ്രാമീണ ആരോഗ്യപരിപാലനം ആണ്. മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ നഗരങ്ങളിൽ സ്വകാര്യ മേഖലയിൽ ഉണ്ടാവുന്നു. സമ്പന്നവിഭാഗത്തിനാണ് ഇതിന്റെ പ്രയോജനം. ഇത്തരം ആശുപത്രികൾ ഗ്രാമങ്ങളിൽ ലാഭകരമല്ല. അതുകൊണ്ട് അവിടെ സ്വകാര്യ മേഖല മുതൽ മുടക്കാൻ മുമ്പോട്ടു വരില്ല. ഗ്രാമീണർക്ക് അതിനുള്ള സാമ്പത്തിക ശേഷിയുമില്ല. കേരളത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് പ്രാധാന്യം കൊടുത്ത ഒരു കാലഘട്ടമുണ്ടായിരുന്നു. ഒരു ഗ്രാമത്തിലെ ആരോഗ്യപരിപാലനം ഈ കേന്ദ്രങ്ങളിലൂടെ സാമാന്യം തൃപ്തികരമായി നടന്നു വന്നിരുന്നു. കൂടുതൽ കേന്ദ്രങ്ങൾ തുടങ്ങിയും ഉള്ളവ നന്നായി സജ്ജീകരിച്ചും ഗ്രാമീണ ആരോഗ്യപരിപാലനം ഇന്ന് ഫലപ്രദമാക്കുകയാണ് വേണ്ടത്. വികസനത്തിൽ ശ്രദ്ധയൂന്നേണ്ട മറ്റൊരു മേഖല ഭക്ഷ്യവിഭവങ്ങളുടെ പൊതുവിതരണമാണ്. ഭാരതത്തിൽ ഭക്ഷ്യവിഭവങ്ങൾ ആവശ്യത്തിനുണ്ട്. എന്നാൽ വിതരണം കാര്യക്ഷമമല്ല. താരതമ്യേന മെച്ചപ്പെട്ട ഭക്ഷ്യവിതരണസംവിധാനം കേരളത്തിലുണ്ട്. എന്നാൽ കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ഇതുപോലെ തന്നെ ഗൗരവമായി പരിഗണിക്കേണ്ട മേഖലകളാണ് പൊതു വിദ്യാഭ്യാസം, മാലിന്യനിർമ്മാജനം, ശുദ്ധജലവിതരണം എന്നിവ. ഗ്രാമീണർക്ക് വികസനത്തിന്റെ ഗുണങ്ങൾ ലഭ്യമാവണം. നീതി എല്ലാവർക്കും കിട്ടുമ്പോൾ സമൂഹം സമാധാനത്തിലേക്കു നീങ്ങും.

## ദർശനവും ദൗത്യവും

“നിന്റെ രാജ്യം വരേണമേ; (മത്താ. 6: 10, 11; ലൂക്കോ.11: 2,3) എന്ന് നാം നിരന്തരം പ്രാർത്ഥിക്കുന്നു. ദൈവരാജ്യം നമ്മുടെ ഇടയിൽ തന്നെ (മത്താ.12:28) ഇവിടെയും എവിടെയും ഇപ്പോഴും എപ്പോഴും ഉണ്ട്, ഉണ്ടാവണം എന്നതാണ് സഭയുടെ ദർശനം (vision). ത്യാഗവും സ്നേഹവും, നീതിയും സമാധാനവുമാണ് ദൈവരാജ്യത്തിന്റെ പ്രമാണം. ഇത് പ്രയോഗത്തിൽ കൊണ്ടുവരികയാണ് സഭയുടെ ദൗത്യം(mission). ഇതോടൊപ്പം സമൂഹത്തിന്റെ സമഗ്രമായ സ്ഥാവരവുമായ പരിവർത്തനത്തിനായി നീതിക്ക് വിശന്ന് ദാഹിക്കുന്നവരുടെയും സമാധാനം ഉണ്ടാക്കുന്നവരുടെയും (മത്താ.5: 6,8) കൂട്ടായ്മയായി സഭ സ്വയം പുതുക്കി സമർപ്പിക്കണം.

## ഉപസംഹാരം

അനീതിയും അസമാധാനവും നീങ്ങി നീതിയും സമാധാനവും പുലരാൻ നിലവിലുള്ള സാമൂഹ്യ-രാഷ്ട്രീയ ഘടനകൾക്കും സ്ഥാപനങ്ങൾക്കും രൂപാന്തരം വരണം. ഇതിനായി സുവിശേഷത്തിൽ ഊന്നി സാമൂഹ്യപ്രതിബദ്ധമായ ഒരു ദർശനത്തിനും പ്രായോഗിക സമീപനത്തിനും സഭ രൂപം കൊടുക്കണം. ഇതിന് സഹായകമായ ഒരു മാതൃക ഭാരതം ലോകത്തിന് സംഭാവന ചെയ്തിട്ടുണ്ട്; ഗാന്ധിയൻ ദർശനം. സമകാലീന സാമൂഹ്യ പരിസരം ഗൗരവമായി കണ്ടും സുവിശേഷത്തിൽ ഊന്നി നിന്നും ഗാന്ധിയൻ ദർശനത്തിന് പ്രമാണത്തിലും പ്രയോഗത്തിലും ഒരു പുതിയ ഭാഷ്യം ചമയ്ക്കാൻ സഭകൾക്ക് ദൗത്യവും നിയോഗവുമുണ്ട്. നീതിയും സമാധാനവും ഒത്തിണങ്ങിപ്പോവുന്ന ഒരു നവസമൂഹ നിർമ്മിതിക്കായിത്തീരട്ടെ നമ്മുടെ അന്വേഷണങ്ങളും പര്യാലോചനകളും.

*(കെ.സി.സി. ബാഹ്യസമ്മേളനത്തിൽ നടത്തിയ പ്രഭാഷണം, 2012 സെപ്റ്റം. 20, മേലുകാവ്)*

■



കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കോലഞ്ചേരിയിൽ ആരംഭിച്ച പ്രസാദം സെന്റർ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.

പരിസ്ഥിതി


ഡോ.ജോർജ് വറുഗീസ് കൊപ്പാറ
(പ്രിൻസിപ്പൽ, കാതോലിക്കേറ്റ് കോളേജ്)


# അന്തരീക്ഷത്തെ സംരക്ഷിക്കാം

ഒരിക്കൽ ജമദഗ്നി എന്ന മഹർഷി സൂര്യൻ വമിപ്പിക്കുന്ന കൊടുംചൂടിൽ നിന്നു രക്ഷപ്പെടാനായി അമ്പുകൾ എയ്ത് ഒരു കുട തീർത്തു സൂര്യഭഗവാനോടു പ്രതിഷേധം അറിയിക്കാൻ ശ്രമിച്ചു. ഇതു കണ്ട സൂര്യഭഗവാൻ മഹർഷിയുമായി സന്ധിസംഭാഷണത്തിന് സന്നദ്ധമായി. സൂര്യന്റെ പ്രതാപം കുറയ്ക്കുവാൻ ഭഗവാൻ തയ്യാറായില്ല, പകരം ഒരു കുട നൽകാൻ സന്നദ്ധമായി എന്നാണ് 'ഓസോൺ കുട' യെപ്പറ്റിയുള്ള ഹൈന്ദവ സങ്കല്പം. എന്നാൽ ഈ കുടയ്ക്ക് (ആകാശം) അഴിവ് ഉണ്ടാകുമെന്നും ബൈബിൾ പറയുന്നു. "ആകാശം നശിക്കും, അവയെല്ലാം വസ്ത്രംപോലെ നേർത്തു പോകും, അവ മാറിപ്പോകും, എന്നാൽ ദൈവത്തിന്റെ വചനം നിലനിൽക്കും. ദൈവം നിന്റെ മക്കളെ സംരക്ഷിക്കും. അവർ നിർഭയം വസിക്കും." എന്നാണ് സങ്കീർത്തനക്കാരനായ ദാവീദ് രാജാവ് ഉദ്ഘോഷിക്കുന്നത് (സങ്കീ: 102:25-27). ദൈവം നമ്മെ സംരക്ഷിക്കും എന്ന് ഉറപ്പുപറയുമ്പോഴും ഈ ദൈവദത്ത ഗൃഹത്തോടു നാം ചെയ്യുന്ന ക്രൂരത അവസാനിപ്പിക്കേണ്ടതല്ലേ.

ആഡംബര ജീവതത്തിന്റെ ആർത്തി ഒരിടത്തും, ജീവൻ നിലനിർത്താനുള്ള പോരാട്ടം മറുവശത്തും നടക്കുന്നു. അവിടെയാണ് ഓസോൺ ദിനത്തിന്റെ പ്രസക്തി. 1987-ൽ കാനഡായിൽ മോൺട്രിയോളിൽ ലോകരാഷ്ട്രങ്ങൾ ഓസോൺപാളിയുടെ നശീകരണത്തിന് കാരണഭുതമാവുന്ന ക്ലോറോഫ്ളൂറോ കാർബൺ (CFC) കുറയ്ക്കാൻ ഒരു ഉടമ്പടിക്ക് ഒപ്പുവച്ചു. 'Montreol Protocol'. 2012 സെപ്തംബർ 16-ന് 25 വർഷം തികയുന്നു. 1970 കളിൽ 10 ലക്ഷം ടൺ (CFC) വാതകം ആണ് അന്തരീക്ഷത്തിലേക്കു പുറംതള്ളിയത്. ഈ ഉടമ്പടി മൂലം അത് 2002 ആയപ്പോഴേക്കും ഒരു ലക്ഷം ടൺ ആയി കുറയ്ക്കാൻ കഴിഞ്ഞു.

എന്താണ് CFC (Chloro Flouro Carbon). നമ്മുടെ എയർ കണ്ടീഷനറുകളിലും, ഫ്രിഡ്ജുകളിലും ശീതീകരണത്തിനുവേണ്ടി ഉപയോഗിക്കുന്ന വാതകമാണ് ക്ലോറോ ഫ്ളൂറോ കാർബൺ എന്ന വാതകം. ഇവ പുറത്തേക്കു വമിക്കുമ്പോൾ 25-30 കി.മീ. ഉയരത്തിൽ സ്ട്രാറ്റോസ്ഫിയറിൽ ചെല്ലുമ്പോൾ അൾട്രാ വയലെറ്റ് രശ്മികളുമായി ചേർന്ന് ക്ലോറിൻ ആറ്റങ്ങൾ ഉടലെടുക്കുകയും അവ ഓസോൺ ($O_3$) ആറ്റങ്ങളെ നശിപ്പിക്കുകയും ചെയ്യും. ഒരു ക്ലോറിൻ ആറ്റം അനേകായിരം ഓസോൺ ആറ്റങ്ങളെ തകർക്കും - അങ്ങനെ ഓസോൺ പാളികളിൽ വിള്ളലുകൾ ഉണ്ടാകുകയും അൾട്രാ വൈലറ്റ്, ഗാമാ, എക്സറേ രശ്മികൾ തുടങ്ങിയ മാരക കിരണങ്ങൾ ഭൂമിയിലെത്തി മനുഷ്യരാശിക്കും ജീവജാലങ്ങൾക്കും നാശം വിതയ്ക്കുന്നു.

കൂടുതൽ സമയം മനുഷ്യശരീരത്തിൽ അൾട്രാ വയലറ്റ് രശ്മികൾ പതിച്ചാൽ അതു ശരീരത്തിലുള്ള DNA യെ നശിപ്പിക്കും. ഇതാണ് പിന്നീട് ചർമ്മാർബുദത്തിന് വഴി തെളിക്കുന്നത്. ഈ വികിരണങ്ങൾ ശരീരത്തിന്റെ പ്രതിരോധശക്തിക്കു (Immuno Suppression) കുറവു സംഭവിപ്പിക്കുന്നു. ഏതു രോഗത്തിനും നമ്മുടെ ശരീരത്തെ അടിമയാക്കാൻ കഴിയും. കണ്ണിന്റെ കാഴ്ചശക്തിയും അൾട്രാ വയലറ്റ് വികിരണങ്ങൾ ഏൽക്കുന്നതുമൂലം നഷ്ടപ്പെടും.

ഈ രശ്മികൾ സസ്യങ്ങളിൽ വീണാൽ അവയുടെ DNA യ്ക്കും നാശം സംഭവിക്കുന്നു. അൾട്രാവയലറ്റ് വികിരണങ്ങളുടെ ആഗിരണം പ്രകാശസംശ്ലേഷണത്തെ കുറയ്ക്കുന്നു. തത്ഫലമായി സസ്യത്തിന്റെ വളർച്ചയെയും, കായ്ഫലത്തേയും ബാധിക്കും.

വാഹനങ്ങളിൽ നിന്നും, വ്യവസായ ശാലകളിൽ നിന്നും പുറംതള്ളുന്ന വാത കങ്ങളായ നൈട്രിക് ഓക്സൈഡ്, കാർബൺ മോണോക്സൈഡ് തുടങ്ങിയവ ഓസോൺ പാളികളിൽ വലിയ വിള്ളലുകൾ ഉണ്ടാക്കുന്നു. ഓസോൺ പാളികളുടെ വിള്ളലുകൾക്ക് മൂന്നു ഘടകങ്ങളാണ്. 1) അഗ്നിപർവ്വതങ്ങളിൽ നിന്നും ബഹിർഗമിക്കുന്നു സൾഫർ ഡൈഓക്സൈഡ് ക്ലോറിനേക്കാൾ അപകടകാരിയാണ്. ഇതു മൂലമുണ്ടാകുന്ന ക്ഷതം 1 – 5% ആണ്.

2) പ്രകൃതിയിൽ നിന്നുമുള്ള ഘടകങ്ങൾ മൂലം ഓസോൺ പാളികൾക്കുണ്ടാകുന്ന ക്ഷതം 20–25% വരെയാണ്. 3) മനുഷ്യന്റെ പ്രകൃതിവിരുദ്ധ നടപടികൾ മൂലമുണ്ടാകുന്ന ക്ഷതം 75–85% വരെയാണ്. മനുഷ്യ നിർമ്മിത വാതകങ്ങളായ ക്ലോറിൻ, ഫ്ളൂറിൻ, കാർബൺ എന്നിവയുടെ മിശ്രിതത്താൽ രൂപപ്പെടുന്ന CFC, കാർബൺ ടെട്രാക്ലോറൈഡ്, ക്ലോറോഫോമും, ഓസോണിന് ഏറ്റവും അപകടകാരികളാണ്. CFC മിശ്രിതത്തിന് 10–100 വർഷങ്ങൾ വരെ ആയുസ്സുണ്ട്. നശിപ്പിക്കുവാൻ പ്രയാസമാണ്.

ശാസ്ത്ര സാങ്കേതിക വിദ്യയുടെ മികവിലൂടെ പരിസ്ഥിതി സൗഹൃദബദലുകൾ ഉണ്ടാക്കുവാൻ കഴിയും. വാഹന ങ്ങൾക്കും, വ്യവസായശാലകളിലെ പുകക്കുഴലുകൾക്കും ഫിൽട്ടറുകൾ ഘടിപ്പിച്ച് കാർബണിന്റെ ബഹിർഗമനം ഒരു പരിധിവരെ തടയാം. CFC യ്ക്കു പകരം ഓസോൺ സൗഹൃദ വാതകങ്ങളായ ഹൈഡ്രോഫ്ളൂറോ കാർബൺ (HFC) ഫ്രിഡ്ജുകളിലും എയർകണ്ടീഷനറുകളിലും ഉപയോഗിക്കാം – പ്രൊപ്പെയിനിന്റെയും (Propane), ഐസോബ്യൂട്ടെയിനിന്റേയും (Isobutane) മിശ്രിതവും നല്ല ഒരു ഓസോൺ സൗഹൃദവാതകമായി ഗവേഷണങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. അവ ക്ലോറിൻ, ഫ്ളൂറിൻ വാതകങ്ങൾ പുറപ്പെടുവിക്കുന്നില്ല. അമേരിക്കയിലും, യൂറോപ്പിലും, ചൈനയിലും അടുത്തകാലത്തായി ഇന്ത്യയിലും ഇതുമാതിരിയുള്ള മിശ്രിതങ്ങളാണ് ശീതികരണ ഉപകരണങ്ങളിൽ ഉപയോഗിക്കുന്നത്. സൈക്ലോപെൻറ്റെൻ (Cyclopentane) എന്ന ഓർഗാനിക്ക് പദാർത്ഥവും ഓസോൺസൗഹൃദമായി ഉപയോഗിക്കുന്നു. ഉത്തരം പ്രവർത്തനങ്ങൾ മൂലം ഓസോൺ പാളിയുടെ വിള്ളലുകൾ ഒരു അളവുവരെ പരിഹരിക്കാനാവും – വരും തലമുറയ്ക്കായി അന്തരീക്ഷത്തേയും, ഓസോൺ പാളികളെയും സംരക്ഷിക്കാം എന്നാതാവട്ടെ നമ്മുടെ മുദ്രാവാക്യം. ■




പ്രകൃതിയിൽ നിന്നും ഉത്ഭവിച്ച് ഒടുവിൽ പ്രകൃതിയിൽ തന്നെ വിലയം പ്രാപിക്കുന്ന മനുഷ്യന്റെ പൂർണ്ണതയിലേക്കുള്ള പ്രയാണമാണ് ഈ ജീവിതം. അനന്തവിശാലമായ പ്രപഞ്ചത്തിലെ ഒരു കണ്ണി മാത്രമാണ് മനുഷ്യൻ. മണ്ണും വായുവും ആകാശവും വൃക്ഷലതാദികളും പക്ഷിമൃഗാതികളും അണുജീവികൾ വരെയും വിഭിന്ന ദൗത്യങ്ങൾ പേറുന്ന നമ്മുടെ സഹയാത്രികർ. ഈ പ്രകൃതിയ്ക്ക് താളഭ്രംശം വന്നിട്ടുണ്ടെങ്കിൽ അതിന് ഏക ഉത്തരവാദി മനുഷ്യൻ മാത്രം. സ്വാർത്ഥലാഭത്തിനായി പ്രകൃതിയുടെ മേൽ കടന്നുകയറ്റം നടത്തുന്നതിന് ശാസ്ത്രത്തെപ്പോലും ഒരു ആയുധമാക്കുവാൻ മടിക്കാത്ത മനുഷ്യർ. ശരീരത്തേയും മനസ്സിനേയും കുറിച്ച് ശരിയായ അറിവ് ഒന്നും തന്നെ നേടാത്ത ഉപരിപ്ലവമായ അവന്റെ ജീവിത ശൈലി. തൽഫലമായി അസ്വാരസ്യങ്ങൾ, പരിസ്ഥിതി നാശം, നാനാവിധ അസന്തുലനങ്ങൾ എല്ലാം ചേർന്ന് മനുഷ്യനെ പലവിധ രോഗങ്ങൾക്ക് അടിമയാക്കുന്നു. രോഗങ്ങൾ ഇല്ലാതാവുന്നതിന് പകരം രോഗങ്ങളും രോഗികളും വർദ്ധിക്കുകയാണ് ചെയ്തത്. പുതിയ രോഗങ്ങളുടെ ആവിർഭാവവും പൂർണ്ണ പരിഹാരം കണ്ടെത്താൻ കഴിയാത്ത രോഗങ്ങളുടെ ആധിക്യവും ചികിത്സാസമീപനത്തിൽ വ്യാപകമായ പുനർചിന്തനത്തിന് കാരണമായി. ആ ചിന്തകൾ ആൾട്ടർനേറ്റിവ് മെഡിസൺ എന്നറിയപ്പെട്ടു.

### അൾട്ടർനേറ്റിവ് മെഡിസൺ

അൾട്ടർനേറ്റീവ് മെഡിസിൻ എന്ന വാക്ക് അർത്ഥമാക്കുന്നത് ഇംഗ്ലീഷ് ചികിത്സയുടെ മുഖ്യധാരയിൽ പെടാത്ത ചികിത്സാരീതിയായിട്ടാണ്. Traditional Medicine, Indigenous Medicinen, Folk Medicine എന്നീ പേരുകളിൽ അൾട്ടർനേറ്റിവ് മെഡിസിൻ അറിയപ്പെടുന്നു. അക്യുപ്രഷർ, റെയ്കി, പ്രാണിക് ഹീലിങ് തുടങ്ങിയ ചികിത്സാരീതികൾ മരുന്നില്ലാത്തവയാണ്. അത്തരം ചികിത്സകളെ മരുന്നുള്ള ചികിത്സകളുമായി കൂട്ടിയോജിപ്പിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടും ഇല്ല. മറ്റുള്ള ചികിത്സകളെ സഹായിക്കുകയും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്ന ചികിത്സകളെയാണ് അനുപൂരക ചികിത്സകൾ അഥവാ ആൾട്ടർനേറ്റീവ് മെഡിസിൻ എന്ന് പറയുന്നത്. ഇത് ഇംഗ്ലീഷ് ചികിത്സയ്ക്ക് പകരമായിട്ടല്ല മറിച്ച് അവയ്ക്കു അനുപൂരകമായ ചികിത്സാ രീതിയായിട്ടാണ് അറിയപ്പെടുന്നത്. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് മുതൽ ഈ ചികിത്സാരീതി ഇന്ത്യയിൽ പ്രചാരത്തിൽ ഉണ്ടായിരുന്നു. സമീപ ഭൂതകാലത്തിൽ ആൾട്ടർനേറ്റിവ് മെഡിസിനിൽ ആളുകൾക്ക് കൂടുതൽ താല്പര്യം വർദ്ധിച്ചുവരുന്നതായി കാണുന്നു.

### 1. പ്രാണിക്ഹീലിങ്

ജീവശക്തി ഉപയോഗിച്ച് നടത്തുന്ന രോഗസൗഖ്യ വിദ്യയാണ്പ്രാണിക് ഹീലിങ്. ശരീരത്തെ ജീവനിലും ആരോഗ്യത്തിലും നിലനിർത്തുന്ന അടിസ്ഥാന ശക്തിയാണ് ജീവശക്തി എന്നു പറയുന്നത്. ഈ ജീവശക്തിയുടെ സംസ്കൃതനാമമാണ് പ്രാണ എന്നത്. പ്രാണ എന്ന പദത്തിൽ നിന്നാണ് പ്രാണിക് ഹീലിങ് എന്ന സംജ്ഞ രൂപപ്പെടുന്നത്. പ്രാണ എന്ന പദത്തിന് സമാനങ്ങളാണ് 'ചി ' (ചൈനീസ്), 'കി' (ജാപ്പനീസ്), 'ന്യൂമ' (പോളിനേഷ്യൻ), റൂഹ് (ഹീബ്രു), 'മന'(ഗ്രീക്ക്), ജീവശ്വാസം (ബൈബിൾ) തുടങ്ങിയവ.


പ്രാചീനഭാരതത്തിൽ യോഗശാസ്ത്രത്തിൽ നിലനിന്നിരുന്ന ഈ ചികിത്സാരീതി ചൈനീസ് വംശജനായ മാസ്റ്റർ ചൊവാ കോക് സൂയി ആണ് 20–ാം നൂറ്റാണ്ടിൽ ഗവേഷണത്തിലൂടെ വികസിപ്പിച്ച് ഒരു ചികിത്സാരൂപമായി ചിട്ടപ്പെടുത്തിയത്. ശരീരത്തിലെ പ്രാണശക്തിയെ ഭൗതികസാഹചര്യങ്ങൾക്കൊപ്പം ശാരീരിക, മാനസിക, ആത്മീയ കാരണങ്ങളും സ്വാധീനിക്കുന്നു. അതുകൊണ്ട് രോഗസൗഖ്യത്തിന് ഈ ഘടകങ്ങളെയെല്ലാം പരിഗണിക്കേണ്ടിയിരിക്കുന്നു. മനുഷ്യശരീരത്തിൽ

## WEDDING



മല്ലപ്പള്ളി ഐരൂത്തറയിൽ ഡോ. ഐസക് തോമസിന്റെയും ശ്രീമതി എൽസമ്മ ഐസക് തോമസിന്റെയും മകൻ **ഡോ. തോമസ് ഗ്രിഗർ ഐസക്കും** (Nimhans, Banglore) കൊട്ടാരക്കര പുലമൺ വടക്കുംകൃപയിൽ പ്രൊഫ. ജേക്കബ് വർഗീസിന്റെയും ഡോ. സൂസൻ അലക്സാണ്ടറിന്റെയും മകളും നന്ദൻകോട് പാവൂർ വീട്ടിൽ ഫാ. റ്റി. ജി. അലക്സാണ്ടറിന്റെ പൗത്രിയുമായ **മെറിൻ വർഗീസും** (Medical College, Thrissur) തമ്മിലുള്ള **വിവാഹം 27-8-2012 തിങ്കളാഴ്ച പാതിക്കാട് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് അഭി. ഡോ. ജോസഫ് മാർ ദീവന്നാസിയോസ്** (കൽക്കട്ട ഭദ്രാസനം) തിരുമേനിയുടെ പ്രധാന കാർമികത്വത്തിൽ നടന്നു. രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ, കേരളാ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, എം.എൽ.മാർ, ബഹു. റ്റി. ജെ. ജോഷ്വാ അച്ചൻ ഉൾപ്പെടെ സാന്നിദ്ധ്യം കൊണ്ടും ആശംസകൾകൊണ്ടും പ്രാർത്ഥനകൾ കൊണ്ടും അനുഗ്രഹിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

## WEDDING



പള്ളിപ്പാട് ആബു വില്ലയിൽ മാത്യു വർഗീസിന്റെയും അന്നമ്മ വർഗീസിന്റെയും മകൻ **ഡോ. ആബു വർഗീസും,** കോട്ടയം കുറവിലങ്ങാട് ഐക്കരപ്പറമ്പിൽ പരേതനായ ജോസഫ് മാത്യുവിന്റെയും, വൽസമ്മ ജോസിന്റെയും മകൾ **ഡോ. ജോവിൽ ജോസും പള്ളിപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസന പള്ളിയിൽ അഭി. ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനിയുടെ** മുഖ്യകാർമ്മികത്വത്തിൽ 2012 സെപ്റ്റംബർ 3 തിങ്കളാഴ്ച വിവാഹിതരായി.

നിറഞ്ഞും അതിനെ പൊതിഞ്ഞും സ്ഥിതിചെയ്യുന്ന പ്രാണ ശക്തിയുടെ മണ്ഡലത്തിലാണ് (Bioplasmic body or Aura) ചികിത്സ നടത്തുക എന്നതിനാൽ രോഗിയുടെ ശരീരത്തിൽ സ്പർശിക്കേണ്ടതില്ല. രോഗിയുടെ ശരീരത്തിലെ രോഗശമനശേഷി വർദ്ധിപ്പിക്കുവാൻ ഉപയോഗിക്കുന്നത് പ്രാണശക്തിയായതിനാൽ പ്രാണിക് ഹീലിങ്ങിൽ മരുന്ന് ഉപയോഗിക്കുന്നില്ല.

**2. അക്യുപ്രഷർ**

നമ്മുടെ ശരീരത്തിലെ നാഡികളുടെ മർമ്മ സ്ഥാനങ്ങളിൽ കൈകൊണ്ടും പ്രത്യേക ഉപകരണങ്ങൾ കൊണ്ടും അമർത്തി പ്രഷർ കൊടുക്കുന്നു. രോഗമുള്ള ഗ്രന്ഥികളുമായി ബന്ധപ്പെട്ട മർമ്മസ്ഥാനങ്ങളിൽ അമർത്തുമ്പോൾ രോഗിയ്ക്ക് വേദന ഉണ്ടായിരിക്കും. രോഗത്തിന്റെ കാഠിന്യം അനുസരിച്ച് വേദനയ്ക്ക് ഏറ്റക്കുറച്ചിൽ ഉണ്ടായിരിക്കും. ചികിത്സകന്റെ യുക്തിയ്ക്കനുസരിച്ച് ദിവസം ഒന്നോ, രണ്ടോ തവണ വേദനയുള്ള മർമ്മ സ്ഥാനങ്ങളിൽ ഒരുമിനിട്ട് 50 തവണ, 100 തവണ എന്നിങ്ങനെ അമർത്തി മർദ്ദംകൊടുക്കുന്നതാണ് ചികിത്സ. ഇതുവഴി ഗ്രന്ഥികളും അവയവങ്ങളും ഉത്തേജിക്കപ്പെടുകയും പ്രവർത്തനക്ഷമമാകുകയും ചെയ്യുന്നു. രോഗമില്ലെങ്കിലും ചില ഗ്രന്ഥികളുടെ മർമ്മങ്ങളിൽ അമർത്തി ആരോഗ്യം നിലനിർത്താം.

**3. മ്യൂസിക് തെറാപ്പി (സംഗീതചികിത്സ )**

ആദിയിൽ വചനമുണ്ടായി അത് ശബ്ദമായിരുന്നു. അത് സൃഷ്ടിയുടെ തുടക്കമായിരുന്നു. വികാരങ്ങളെ സന്നിവേശിപ്പിക്കാനുള്ള കഴിവ് ശബ്ദത്തിനുണ്ട്. ഉറങ്ങാനും ഉറക്കം കെടുത്താനും ശബ്ദത്തിന് കഴിയും. ശബ്ദമില്ലാതെയും ശബ്ദത്തോടുകൂടിയും ധ്യാനിക്കാറുണ്ട്. മന്ത്രങ്ങളിലും ശബ്ദം തന്നെയാണ് ഉപയോഗിക്കുന്നത്. വ്യത്യസ്ത സംഗീതോപകരണങ്ങൾക്ക് വ്യത്യസ്തമായ വികാരങ്ങളെ ഉണർത്താൻ കഴിയും. വാദ്യോപകരണങ്ങളിൽ ദേവ-അസുര വാദ്യങ്ങൾ ഉണ്ട്. ചെണ്ടയെ അസുരവാദ്യമായി പരിഗണിക്കുന്നു.

നല്ലസംഗീതം മനസ്സിനേയും അതുവഴി ശരീരത്തേയും ഗന്ഥികളേയും ഉണർത്തുവാൻ കഴിയും. സംഗീതം മൃഗങ്ങളിലും സസ്യങ്ങളിലും പരീക്ഷിച്ച് ഗുണഫലങ്ങൾ കിട്ടിയിട്ടുണ്ട്. എല്ലാത്തരം രോഗങ്ങളിലും പ്രത്യേകിച്ച് സാന്ത്വന ചികിത്സയിലും മനോചികിത്സയിലും സംഗീത ചികിത്സ ഉപയോഗിച്ചുവരുന്നു. സമൂഹപ്രാർത്ഥനയിൽ കൂട്ടായ ശബ്ദം കൂടുതൽ ആത്മവിശ്വാസം ഉണ്ടാക്കി കൂടുതൽ ഊർജ്ജം പകർന്ന് വിശ്വാസത്തെ ഉറപ്പിക്കുകയും രോഗത്തെ മാറ്റിക്കളയുകയും ചെയ്യുന്നു.

**4. കിർലിയൻ ഫോട്ടോഗ്രാഫി**

ശരീരത്തിന് ചുറ്റുമുള്ള പ്രഭാവലയത്തെ കിർലിയൻ ഫോട്ടോഗ്രാഫിയുടെ സഹായത്താൽ കണ്ടെത്താൻ കഴിയും. 1939-ൽ റഷ്യൻ ശാസ്ത്രജ്ഞരായിരുന്ന സെമിയോൺ ഡാവിഡോവിച്ച് കിർലിയനും അദ്ദേഹത്തിന്റെ ഭാര്യയും കൂടി ഉയർന്ന ആവൃത്തിയുള്ള വൈദ്യുത ക്ഷേത്രത്തെ അടിസ്ഥാനമാക്കി കിർലിയൻ ഫോട്ടോഗ്രാഫി വികസിപ്പിച്ചു. ഊർജ്ജ ശരീരത്തിലെ ഊർജ്ജ മണ്ഡലത്തിന്റെ പ്രത്യേകതകളും രോഗാവസ്ഥയും വളരെ വ്യക്തമായി പ്രതിഫലിപ്പിക്കുന്നതിന് കഴിയുന്ന കമ്പ്യൂട്ടറൈസിഡ് കിർലിയൻ സംവിധാനമായ G.D.V. (Gas Discharged Visualization Technique St. Peter's Burg University, Russia)കിർലിയൻ പ്രതിഭാസത്തെ അടിസ്ഥാനമാക്കി കിർലിയോണിക്സ് എന്നൊരു ശാസ്ത്രശാഖ തന്നെയുണ്ട്. ആധുനികശാസ്ത്രത്തിൽ ഭൗമോപരിതലത്തിലെ ചിന്താതരംഗങ്ങൾ വരുത്തുന്ന സ്വാധീനങ്ങൾ പരിശോധിക്കുവാൻ കഴിയുന്ന R.E.G. (Random Event Generator, Prinston University, USA) മാനസിക വൈകാരിക ഭാവങ്ങൾക്കനുസരിച്ച് മാറ്റം വരുത്തുന്ന ഈ ഊർജ്ജവലയത്തെ നിരീക്ഷണ വിധേയമാക്കാൻ സഹായിക്കുന്ന ഓറ (Aura)ഇമേജിങ് ഫോട്ടോഗ്രാഫി എന്നിവ നിലവിലുണ്ട്.

**5. സൈക്കോ തെറാപ്പി (മനോചികിത്സ)**

മനോരോഗത്തിന് സൈക്കോളജിസ്റ്റുകൾ നടത്തുന്ന മരുന്നില്ലാത്ത ചികിത്സാരീതിയാണ് സൈക്കോ അനാലിസിസ്. രോഗിയുടെ മാനസികാവസ്ഥ വിശകലനം ചെയ്ത് മനസ്സിലാക്കി രോഗിക്ക് നിർദ്ദേശം കൊടുക്കുകയും അതോടൊപ്പം ഉപവാസം, വ്യായാമം, പ്രാണായാമം, സജഷൻ, ഓട്ടോസജഷൻ എന്നിവ രോഗാവസ്ഥയ്ക്കനുസരിച്ച് ചിത്സകന്റെ യുക്തിയ്ക്കനുസരിച്ച് ചെയ്യാവുന്നതാണ്. മനോജന്യ ശാരീരിക രോഗങ്ങളിൽ സൈക്കോതെറാപ്പിയ്ക്ക് വളരെ പ്രാധാന്യമുണ്ട്.

**6. ലോഫ് തെറാപ്പി (ചിരിചികിത്സ)**

ചിരി രണ്ടുതരമുണ്ട്. ഒന്ന് പുഞ്ചിരി മറ്റേത് പൊട്ടിച്ചിരി. പുഞ്ചിരി ചികിത്സയെ പുഞ്ചിരിധ്യാനം എന്നു പറയുന്നു. പുഞ്ചിരിച്ചുകൊണ്ട് മനസ്സിനെ സ്വസ്ഥമാക്കി ശാസ്ത്രീയമായി ശ്വാസോച്ഛ്വാസം ചെയ്ത് ധ്യാനിക്കുക. മറ്റുള്ളവരോട് സംസാരിക്കുമ്പോൾ പുഞ്ചിരിച്ചുകൊണ്ട് സംസാരിക്കുക. പുഞ്ചിരി ചികിത്സ കൂടുതൽ മാനസികവും ആത്മീയവുമാണ്. ഡയഫ്രവും ശരീരത്തിലെ മറ്റുഭാഗങ്ങളും ഇളകും വിധം പൊട്ടിച്ചിരിക്കുന്ന രീതിയാണ് ലോഫ് തെറാപ്പി. ഇതിൽ പലതരം ചിരികൾ പലശാരീരിക അവസ്ഥകളിൽ ചെയ്യുകവഴി ശ്വസനവ്യായാമം ശരിയായി നടക്കുകയും ഡയഫ്രവും മറ്റ് അവയവങ്ങളും ശരിയായി പ്രവർത്തിക്കുകയും ഇതുവഴി ആരോഗ്യവും ഉന്മേഷവും കിട്ടുന്നു.

മനുഷ്യൻ യഥേഷ്ടം റിപ്പയർ ചെയ്യപ്പെടാവുന്നതും മാറ്റിവയ്ക്കപ്പെടാവുന്നതുമായ ഘടകങ്ങൾ ചേർന്ന ഒരു യന്ത്രമല്ല. അവൻ അതിനെക്കാൾ ഉന്നതമായ ഒന്നാണ്. ശരീരത്തിന്റെയും ആത്മാവിന്റെയും ചൈതന്യത്തിന്റെയും ഒരു സംയുക്തമാണ് മനുഷ്യനെ അവന്റെ പൂർണ്ണതയിൽ മനസ്സിലാക്കിയെങ്കിൽ മാത്രമേ രോഗമെന്തെന്നും രോഗശാന്തിയെന്തെന്നും മനസ്സിലാക്കുവാൻ കഴിയു. എല്ലാരോഗങ്ങളുടേയും കാരണങ്ങൾ കുടികൊള്ളുന്നത് മനുഷ്യന്റെ തെറ്റായ ചിന്തകളും ജീവിതരീതികളും മൂലമാണ്.

പോസിറ്റീവ് ചിന്തകൾക്കും ജീവിത രീതിയ്ക്കും നമ്മെ ആശ്വസിപ്പിക്കുവാനും രോഗശമനം പ്രദാനം ചെയ്യുവാനും ആരോഗ്യം പുനഃസ്ഥാപിക്കുവാനും കഴിയും. നാം പോസിറ്റീവ് ആയി സ്വാർത്ഥതയില്ലാതെ അതായത് ദൈവികമായി ചിന്തിക്കുമ്പോൾ ദിവ്യ ശക്തികളുമായി സമ്പർക്കപ്പെടുന്നു. ആത്മികവും ശാരീരികവുമായ ആരോഗ്യത്തിന്റെ പ്രധാനഘടകം പോസിറ്റീവ് ചിന്തകളും ജീവിത രീതികളുമാണ്. പോസിറ്റീവ് ചിന്തകൾ സർഗ്ഗാത്മക ചിന്തകളാണ്. അവ സൃഷ്ടിപരമാണ് നിസ്വാർത്ഥ സ്നേഹത്തിന്റെ അനുഭൂതികളാൽ ചൈതന്യമാക്കപ്പെടുന്ന ചിന്തകളാണ്. സ്നേഹ നിർഭരമായ ചിന്തകൾ ദൈവിക എനർജ്ജിയാകുന്നു. എന്തെന്നാൽ ദൈവം സ്നേഹമാകുന്നു. അതിനാൽ നമുക്കും പോസിറ്റീവ് ആയി ചിന്തിക്കാം. Think Positive, Act Positive, Be Positive for you and others. ■

## പാവനസ്മരണയ്ക്ക്



**എ.കെ. കോശി** 15-10-1992


**ശോശാമ്മ കോശി** 28-8-1980

**അമ്പിയിൽ, പറക്കോട്**

അമ്പിയിൽ കുടുംബാംഗങ്ങൾ

**13th Death Anniversary**
**27-10-2012**

17.8.1912



27.10.1999

## ALEYAMMA MATHEW

**VADAKKE VEEDU**
**ERUVA, KAYAMKULAM**

"നിന്റെ മഹത്വമുദിക്കും നാൾ
നില്ക്കണമിവൾ വലഭാഗത്തിൽ"

## സെന്റ് തോമസ് ഓർത്തഡോക്സ്, കുമാരപുരം, തിരുവനന്തപുരം

### ചികിത്സാ സഹായം

മലങ്കര ഓർത്തഡോക്സ് സഭയുടെ തിരുവനന്തപുരം ഭദ്രാസനത്തിൽപ്പെട്ട കുമാരപുരം സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ പെരുന്നാൾ ഭാഗമായി നിരാലംബരും സാധുക്കളുമായ രോഗികൾക്ക് പരിമിതമായ ധനസഹായം നൽകുന്നു. രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തി വെള്ളപേപ്പറിൽ എഴുതിയ അപേക്ഷയോടൊപ്പം ചികിത്സിക്കുന്ന ഡോക്ടറുടെ മൂന്നു മാസത്തിനുള്ളിൽ വാങ്ങിയ സർട്ടിഫിക്കേറ്റ് സഹിതം 2012 നവം. 30 നു മുമ്പായി ലഭിക്കത്തക്കവണ്ണം **Fr. Jacob C. Philip, Vicar, St. Thomas Orthodox Syrian Church, Kumarapuram, Medical College P.O., Trivandrum -695011** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. എല്ലാ സഹായങ്ങൾക്കും ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശ ഉണ്ടായിരിക്കണം.

വിവാഹധന സഹായം

തിരുവനന്തപുരം ഭദ്രാസനത്തിൽപ്പെട്ട നിർധനരായ ഓർത്തഡോക്സ് യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹധനസഹായ അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ പള്ളിവികാരിയുടെ ശുപാർശയോടൊപ്പം മേൽപ്പറഞ്ഞ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

## ഭവന നിർമ്മാണ സഹായം

തീർത്തും നിർദനരായ സഭാ വിശ്വാസികൾക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നു. വിശദ വിവരങ്ങളോടും വികാരിയുടെ സാക്ഷ്യപത്രത്തോടും കൂടി താഴെ കാണുന്ന അഡ്രസ്സിൽ അപേക്ഷ അയയ്ക്കുക.

P.O. Box No. 510
**Malankara Sabha Masika**
**Catholicate Aramana,**
**Devalokam P.O., Kottayam-686004**

**BRIDE GROOM WANTED**

Orthodox Syrian Christian NRI Parents invite proposal from P.G. Doctors for their daughter 26/159 fair, slim Good looking joined MD Dermatology.

*Contact:*
**jc9084@yahoo.com**
**Mob. 00965 99084591**

## സ്ത്രൈണം

**രോഹിണി വർഗീസ്, തിരുവല്ല**

# പൊയ്മുഖങ്ങൾ

**ഓ**ണക്കാലത്ത് ഗതകാലസ്മരണകൾ പൊടി തട്ടി എടുത്താഘോഷമാക്കിയ മലയാളികളുടെ ചുണ്ടുകളിൽ തത്തിക്കളിച്ച ചില വരികളുണ്ട്: "മാവേലി നാടുവാണീടും കാലം, മാനുഷരെല്ലാരുമൊന്നുപോലെ... കള്ളവുമില്ല ചതിവുമില്ല, എള്ളോളമില്ല പൊളിവചനം." സത്യവാനാവുക എന്നതിന് ഇക്കാലത്തെന്തു വില! "വലിയ ഹരിശ്ചന്ദ്രനൊന്നും കളിയ്ക്കണ്ടാ" എന്ന പരിഹാസം കേൾക്കാം, അത്ര തന്നെ.

'സത്യം ഒഴികെ ബാക്കിയൊക്കെ കാലത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചു പോകും' എന്നു പറയുന്ന ശബ്ദം രാഷ്ട്രപിതാവിന്റേതാണ്. "സത്യത്തിനു വേണ്ടി എല്ലാം ത്യജിക്കുവാൻ കഴിയും, പക്ഷെ സത്യം ഒന്നിനു വേണ്ടിയും ത്യജിക്കാനാവില്ല" എന്ന് സ്വാമി വിവേകാനന്ദൻ.

വാക്കിലും പ്രവൃത്തിയിലും സത്യസന്ധത പുലർത്തണമെന്ന് എല്ലാ വിശുദ്ധ ഗ്രന്ഥങ്ങളും നിഷ്ക്കർഷിക്കുന്നു. 'സത്യം ശിവം സുന്ദരം' എന്ന മൂന്നു മൂല്യങ്ങളാണ് മനുഷ്യനെ ദിവ്യനാക്കുക എന്നാണ് ഭാരതസങ്കല്പം. സത്യം അറിഞ്ഞവൻ അതിനെ സ്നേഹിക്കും, അതിൽ ജീവിക്കും. ദൈവ വചനം സത്യമാണെന്നും, അതിൽ നമ്മെ നടത്തണമെന്നും, സത്യം ക്രിസ്തുമുഖാന്തരം വന്നു, അതു നമ്മെ സ്വതന്ത്രരാക്കും എന്നും വി.ബൈബിൾ പറഞ്ഞുതരുന്നു. ക്രിസ്തു കൃപയും സത്യവും നിറഞ്ഞവനായിട്ടാണ് നമ്മുടെ ഇടയിൽ വന്നു പാർത്തത് (1 യോഹ 1:14). "ഞാൻ ആകുന്നു വഴിയും സത്യവും ജീവനും; എന്നിൽ കൂടിയല്ലാതെ ആരും പിതാവിന്റെയടുക്കൽ എത്തുന്നില്ല" (യോഹ 14:1-14) എന്ന മാറ്റമില്ലാത്ത സനാതനമായ സത്യം നമുക്കു നൽകുന്നതും ക്രിസ്തു തന്നെ.

"പരമസത്യം നിങ്ങളെ നൃത്തമാടിക്കുന്നു". എന്നു ഗുരുക്കന്മാർ കണ്ടെത്തിയിട്ടുണ്ട്. സത്യം കണ്ടെത്തിയവന് ഏതു സാഹചര്യത്തിലും എല്ലാം മറന്ന് ആനന്ദത്തോടെ ജീവിതം തുടരുവാൻ സാധിക്കുന്നു. അതുകൊണ്ടാണ് കൊടുങ്കാറ്റിന്റെ നടുവിലും വള്ളത്തിന്റെ അമരത്തു സുഖനിദ്രയിലാവാൻ യേശുവിനു സാധിക്കുന്നത്. അതുകൊണ്ടാണ് കാളിന്ദീ നദിയുടെ നടുക്കാണെങ്കിലും സർപ്പത്തിന്റെ തലയിൽ നൃത്തമാടുവാൻ ശ്രീകൃഷ്ണനു കഴിയുന്നത്. പരമ സത്യമായ യേശുവിനെ ദർശിച്ച ശമരിയാക്കാരി കുടത്തെയും ജലത്തെയും ഉച്ചയ്ക്ക് പാകം ചെയ്യേണ്ട ഭക്ഷണത്തെയും ഒക്കെ മറന്ന് നിർവൃതിയോടെ ഗ്രാമവാസികളുടെ നടുവിലേക്കോടിപ്പോയത്, അവളുടെ നൃത്ത സമാനമായ ഓട്ടം നോക്കി നിറഞ്ഞ സംതൃപ്തിയോടെ യേശു കൊയ്ത്തിനെക്കുറിച്ചാലോചിക്കുന്നത്, ഒക്കെ സത്യം കണ്ടെത്തിയവരുടെ അവസ്ഥ തന്നെ.

സത്യത്തിന്റെ സ്ഥാനം ഇന്നെവിടെ എത്തി നിൽക്കുന്നു? സത്യം മാത്രം ബോധിപ്പിക്കുവാൻ പ്രതിജ്ഞാ ബദ്ധരായ സാക്ഷികൾ കോടതിമുറികളിൽ എന്തൊക്കെയാണ് വിളിച്ചു പറയേണ്ടിവരിക! സത്യം ഇന്ന് ജയിലറയ്ക്കുള്ളിലും, മനുഷ്യമനസ്സിന്റെ കാണാക്കയങ്ങളിലും അമർത്തപ്പെട്ട്, ചങ്ങലയിൽ കഴിയുന്നു. പൊയ് മുഖങ്ങൾ അണിഞ്ഞ സമൂഹമനഃസാക്ഷി എന്നെങ്കിലും സത്യത്തെ അനാവരണം ചെയ്യുവാൻ ധൈര്യം കാട്ടുമോ?

കള്ളം പറഞ്ഞതായി ഏറ്റു പറഞ്ഞപ്പോൾ, മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന കുട്ടിയെ അവന്റെ അച്ഛൻ ശിക്ഷിച്ചില്ല. പകരം അദ്ദേഹം സ്വന്തം മകനെ ഓർത്തു കണ്ണുനീരൊഴുക്കുകയാണു ചെയ്തത്. ആ സംഭവം മകനെ അപ്പാടെ മാറ്റിക്കളഞ്ഞു. എന്നേക്കുമായി സത്യത്തിന്റെ പാതയിലെത്തിക്കുകയും ചെയ്തതായി ചരിത്രം പറയുന്നു. ഇന്നോ! അച്ഛൻ വീട്ടിലുണ്ടോ എന്നു തിരക്കുന്ന സന്ദർശകരോട് "അപ്പൻ വീട്ടിലില്ല എന്നു പറയാൻ പറഞ്ഞു" എന്നു മടി കൂടാതെ പറയുന്ന കുട്ടികളാണുള്ളത്. കള്ളം പറയുവാൻ ചെറുപ്പത്തിലേ പരിശീലനം കുടുംബത്തു നിന്നു തന്നെ. "കുറേക്കാലമായി ഞാൻ കള്ളം പറയാറില്ല ചേച്ചീ" എന്നു ആണയിട്ടു പറയുന്ന ഒരു യുവാവിന്റെ വാക്കുകൾ ഓർക്കുന്നു. പൊള്ളത്തരങ്ങൾ കേട്ടു ചെകിടിച്ച ചെവിയിൽ ഒരു കുക്കു പക്ഷിയുടെ ഗാനം എന്ന പോലെ അവ എന്നെ പുളകിതയാക്കുന്നു........

യേശു പറഞ്ഞു, "സത്യത്തിനു സാക്ഷി നില്ക്കേണ്ടതിനു ഞാൻ ജനിച്ചു. അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു. സത്യ തല്പരനായവൻ എല്ലാം എന്റെ വാക്കു കേൾക്കുന്നു".

"എന്താണ് സത്യം"? പീലാത്തോസ് എന്ന റോമൻ ഗവർണ്ണർ ചോദിച്ചു. തന്റെ മുമ്പിൽ മനുഷ്യരൂപത്തിൽ നിൽക്കുന്ന ദൈവമെന്ന സത്യത്തെ അഭിമുഖീകരിക്കുവാനയാൾ ഭയന്നു. എങ്കിലും സത്യത്തെ രക്ഷിക്കുവാൻ അയാൾ ചില വിഫല ശ്രമങ്ങൾ നടത്തുന്നുമുണ്ട്. എന്നിട്ടും റോമൻ പടയാളികൾ സത്യത്തെ ക്രൂരമായി ആണി തറച്ച് തൂക്കിക്കൊന്ന്, കല്ലറയിൽ അടച്ച്, കല്ലുരുട്ടി വച്ച്, മുദ്രവെച്ച് കാവലിരുന്നു..... "സത്യത്തെ നിങ്ങൾ അടിച്ചമർത്തി മണ്ണിനടിയിൽ മറവു ചെയ്താലും അതു വളരും, ശക്തി പ്രാപിച്ച് ഒരു പൊട്ടിത്തെറിയോടുകൂടെ പുറത്തു വരും" (എമിലി സോളാ). മൂന്നാം നാൾ പുലരിയിൽ അതാണു സംഭവിച്ചത്. സത്യം പുറത്തു വന്ന് പ്രകാശം പരത്തിനിന്നു. അതു കണ്ടു വിശ്വസിച്ചവരും കാണാതെ വിശ്വസിച്ചവരും പിന്നീട് ക്രിസ്ത്യാനികൾ എന്നറിയപ്പെട്ടു.

അദ്ധ്യാപകൻ നിർദ്ദേശിച്ചിട്ടുപോലും കളവു കാട്ടി ഉത്തരം ശരിയാക്കാൻ ബാലനായ ഗാന്ധി കൂട്ടാക്കിയില്ല. സത്യം തന്നെയാണു ദൈവമെന്നു കണ്ടെത്തിയ ആ സത്യാന്വേഷിയുടെ ഓർമ്മ ഭാരതമെങ്ങും കൊണ്ടാടുമ്പോൾ ഏതെങ്കിലും ഒരു സ്കൂൾ കുട്ടി സത്യത്തിന്റെ നിഷ്ക്കളങ്ക സൗന്ദര്യം കണ്ട് പ്രലോഭിതനായെങ്കിൽ എന്നു വെറുതെ മോഹിച്ചു പോ
.....വുകയാണ് ■



അനുസ്മരണം

**ഫാ. ജോർജ്ജ് മാത്യു റമ്പാൻ**
ഉപാദ്ധ്യക്ഷൻ, ഭിലായ് മിഷൻ

# സ്തേഫാനോസ് മാർ തേവോദോസിയോസ്
# കൽക്കട്ടാ ഭദ്രാസനത്തിൻെറ ശില്പി



കൽക്കട്ടാ ഭദ്രാസനത്തിൻെറ പ്രഥമ അധിപനും ശില്പിയുമായ കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോ ലീത്തായുടെ അഞ്ചാം ഓർമ്മപ്പെരുന്നാൾ ആ പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന ഭിലായ് അരമനയിൽ നവംബർ നാല്, അഞ്ച് തീയതികളിൽ ഭക്തിപുരസ്സരം കൊണ്ടാടു കയാണ്. അതിനോടനുബന്ധിച്ച് ഭിലായ് സെൻറ് തോമസ് മിഷൻെറ നാല്പതാം വാർഷികവും ഭദ്രാസന അടിസ്ഥാന ത്തിലുള്ള കാതോലിക്കേററ് ശതാബ്ദി ആഘോഷങ്ങളുടെ സമാപനവും ഈ ദിവസങ്ങളിൽ നടത്തപ്പെടുകയാണ്. മലങ്കര സഭയിലെ കേരളത്തിന് പുറത്തുള്ള ഭദ്രാസനങ്ങളിലെ തിരുമേനിമാർ ഭദ്രാസനകേന്ദ്രങ്ങളിൽ വച്ച് കാലം ചെയ്യുമ്പോൾ കേരളത്തിൽ കൊണ്ടുപോയി കബറടക്കം നടത്തുന്ന ഒരു രീതിയാണ് കണ്ടുവരുന്നത്. എന്നാൽ അതിനു വിപരീതമായി താൻ ജീവിച്ച് പ്രവർത്തിച്ച മണ്ണിൽ തന്നെ തൻെറ അന്ത്യവിശ്രമസ്ഥലം മുൻകൂട്ടി നിശ്ചയിച്ച് അന്ത്യവിശ്രമം കൊള്ളുന്നത് എക്കാലവും നല്ല ഒരു മാതൃകയാണ്. തൻെറ ഭദ്രാസനത്തിൽ തന്നെ സ്ഥിരമായി താമസിച്ച് പ്രവർത്തിച്ച് എല്ലാവിധത്തിലും നല്ല കെട്ടുറപ്പുള്ള ഭദ്രാസനമായി ഇതിനെ വളർത്തിയെടുത്തു എന്നത് അദ്ദേഹത്തിൻെറ വലിയ ഒരു നേട്ടമായി പരിഗണിക്കാം. 1950-മുതൽ ഉത്തര ഇന്ത്യയിലേക്ക് ഉദ്യോഗാർത്ഥം സുറിയാനി ക്രിസ്ത്യാനികളുടെ ഒഴുക്ക് ആരംഭിച്ചു. 1954-ൽ ജബൽപൂരിൽ എത്തിയ പിതാവ് മറുനാട്ടിലെ സഭാമക്കൾക്ക് ശരിയായ മാർഗ്ഗദർശനം നൽകുന്നതിന് വളരെയധികം ശ്രദ്ധിച്ചു. ദീർഘദൂരം യാത്രചെയ്ത് എത്താവുന്ന സ്ഥലങ്ങളിൽ എല്ലാം തന്നെ സഭാമക്കളെ സംഘടിപ്പിച്ചു ആരാധനാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

> **‘ സാധാരണക്കാരോട് ചേർന്ന് ദൈവാശ്രയത്തോടെ നടത്തിയ കഠിന പരിശ്രമത്തിൻെറ ഫലമാണ് അദ്ദേഹം ഉണ്ടാക്കിയ നേട്ടങ്ങൾ ’**

തുടങ്ങാവുന്ന സ്ഥലങ്ങളിൽ ഒക്കെ സ്കൂളുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹിപ്പിച്ചു. ഇന്ന് വടക്കേ ഇന്ത്യയിൽ നമ്മുടെ സഭാഅംഗങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആരാധനാ സൗകര്യവും സാമ്പത്തിക സുരക്ഷിതത്വവും മുന്നിൽ കണ്ടുകൊണ്ടാണ് ഈ പിതാവ് സ്കൂളുകൾ സ്ഥാപി ക്കുന്നതിനായി മുൻകൈ എടുത്തത്. നല്ല സ്ഥാപനങ്ങളാണ് ഇവിടെ സഭയുടെ മുഖമുദ്ര.

ഇന്ന് കൽക്കട്ടാ ഭദ്രാസനം ആ പിതാവിൻെറ കാലടികളെ പിൻതുടർന്നുകൊണ്ട് അദ്ദേഹത്തിൻെറ പിൻഗാമിയായ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ മുന്നേറുകയാണ്. അദ്ദേഹം നട്ടുവളർത്തിയ സ്ഥാപനങ്ങൾ എല്ലാം തന്നെ വളർന്നു വലുതായി ക്കൊണ്ടിരിക്കുന്നു. ഭിലായ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് സഭയുടെ ആദ്യത്തെ സാങ്കേതിക ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആണ്. ക്യാപ്പിറേറഷൻ ഫീസ് ഒന്നും തന്നെ വാങ്ങാതെ വളരെ പ്രശസ്തമായ രീതിയിൽ അതു പ്രവർത്തിക്കുന്നു. പോസ്ററ് ഗ്രാജുവേററ് തലത്തിലുള്ള കോഴ്സുകളും ഇവിടെ ആരംഭിക്കുന്നുണ്ട്. അതുപോലെ തന്നെ സെൻറ് തോമസ്സ് പോസ്ററ് ഗ്രാജുവേററ് കോളേജും, ബി.എഡ്. കോളേജും ഈ സംസ്ഥാനത്തേയും സർവ്വകലാശാലയിലേയും മികച്ചകോളേജുകളിൽ ഒന്നാണ്. നാക് അക്രഡിഷൻ B++ പദവി ലഭിച്ചിട്ടുള്ള ഈ കോളേജിൽ ഡോക്ടറൽ ഡിഗ്രിയ്ക്കുള്ള സൗകര്യവും വനിതാ

ഹോസ്ററലും ഉണ്ട്. ഇരുപതിൽപരം മികച്ച സീനിയർ സെക്കണ്ടറി സ്കൂളുകൾ വിവിധ സ്ഥലങ്ങളിലായി പ്രവർത്തിച്ചുവരുന്നു. നമ്മുടെ ആളുകൾ വടക്കേഇന്ത്യയിൽ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഭാവിയിൽ ഈ സ്ഥാപനങ്ങളെ ആശ്രയിച്ചാണ് സഭയുടെ നിലനിൽപ്. ഇത് മുന്നിൽ കണ്ടുകൊണ്ട് കൂടുതൽ സ്ഥാപനങ്ങളും മിഷൻ സെന്ററുകളും ആരംഭിക്കുവാനുള്ള ക്രമീകരണങ്ങൾ ഭദ്രാസനാധിപൻെറ പ്രത്യേകശ്രദ്ധയിൽ നടന്നു. തേവോദോസിയോസ് പിതാവ് ഭദ്രാസനത്തിൻേറയും മിഷൻെറയും കീഴിലാണ് ഈ സ്ഥാപനങ്ങളൊക്കെ പടുത്തുയർത്തിയത്. അതിൻെറ ഫലമായി കേന്ദ്രീകൃതമായ ഒരു ഭരണ സംവിധാനവും വിഭവ പങ്കിടിലുകളും അനായസേന സാദ്ധ്യമാകുന്നുണ്ട്. കഴിഞ്ഞ വർഷം ബിലാസ്പൂർ സ്കൂളിനുവേണ്ടി രണ്ടര ഏക്കർ സ്ഥലവും ഈ വർഷം കോർബാ സ്കൂളിനുവേണ്ടി ഒന്നര ഏക്കർ സ്ഥലവും വാങ്ങുകയുണ്ടായി. ഈ വർഷം റായ്പൂർ സ്കൂളിന് സി.ബി.എസ്സ്. അംഗീകാരവും ലഭിക്കുകയുണ്ടായി. ഇപ്പോഴത്തെ ഇടവക മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ ശക്തമായ നേതൃത്വം ഭദ്രാസനത്തെ പുരോഗതിയിലേക്ക് നയിച്ചു കൊണ്ടിരിക്കുന്നു.

മിഷൻ പ്രവർത്തന രംഗത്തും ഭദ്രാസനം പുതിയ കാൽവയ്പുകൾ നടത്തികൊണ്ടിരിക്കുന്നു. ഇററാർസിക്കു സമീപമുള്ള 'മക്കോഡിയാ' ഗ്രാമവികസന പ്രവർത്തനങ്ങൾ ഒരു പുതിയ ദിശയിൽ എത്തിയിരിന്നു. ചുററുമുള്ള ഗ്രാമങ്ങളെ കോർത്തിണക്കി ബാലവാടികൾ, തയ്യൽ പരശീലന കേന്ദ്രങ്ങൾ, കുഷ്ഠരോഗ നിവാരണ പ്രവർത്തനങ്ങൾ, പ്രാഥമിക വൈദ്യസഹായകേന്ദ്രം എന്നിവ പ്രവർത്തിക്കുന്നു. പന്ത്രണ്ടാം ക്ലാസ്വരെയുള്ള നല്ല ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ അവിടെ പ്രവർത്തിക്കുന്നു. ഗ്രാമവാസികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ തികച്ചും സേവനം മാത്രം ലക്ഷ്യമാക്കിയാണ് ഇത് പ്രവർത്തിക്കുന്നത് ബൊക്കാറോ, ചന്ദ്രാപ്പൂർ, പാററ്നാ തുടങ്ങിയ സ്ഥലങ്ങളിലും ഗ്രാമങ്ങളെ കേന്ദ്രീകരിച്ചു കൊണ്ടുള്ള പ്രവർത്തനം നടക്കുന്നു. ഭിലായിൽ ഒരു തയ്യൽ പരിശീലനകേന്ദ്രവും ഒരു ബാലവാടിയും ഗ്രാമത്തിലെ മുതിർന്ന കുട്ടികൾക്കായി സൗജന്യ കമ്പ്യൂട്ടർ ക്ളാസ്സുകളും നടത്തിവരുന്നു.

നാഗ്പൂർ സെമിനാരി അദ്ദേഹത്തിൻെറ അതുല്യ സംഭാവനയാണ്. അത് ഭിലായിൽ സ്ഥാപിക്കുന്നതിന് അദ്ദേഹം അശ്രാന്തപരിശ്രമം നടത്തി. ഒരു മിഷൻ പരിശീലന കേന്ദ്രം അദ്ദേഹത്തിൻെറ സ്വപ്നമായിരുന്നു. ലോകമുള്ള കാലത്തോളം അദ്ദേഹ ത്തിൻെറ നാമം നിലനിർത്തുന്നതിന് ഈ സ്ഥാപനങ്ങൾ ധാരാളം മതിയാകും.

മുന്നോട്ടുള്ള വളർച്ച ലക്ഷ്യമാക്കി നൂറിൽ അധികം ഏക്കർ ഭൂമി പല സ്ഥലങ്ങളിലായി അദ്ദേഹം സഭയ്ക്കു വേണ്ടി വാങ്ങി. തനിക്ക് കൈമുത്തായി ലഭിച്ചപണം ധൂർത്തടിക്കാതെ സ്വന്തം ആവശ്യങ്ങൾ പോലും പരിമിതപ്പെടുത്തി സമ്പാദിച്ചതാണ് അവ എല്ലാം.

സ്വയം പര്യപ്തമായ ഒരു മിഷൻ എന്നതായിരുന്ന അദ്ദേഹത്തിൻെറ മിഷനറി വീക്ഷണം. അതിനുവേണ്ടി കൃഷി, കന്നുകാലിവളർത്തൽ, മീൻവളർത്തൽ, അച്ചടിശാല മുതലായവ സ്ഥാപിച്ച് അദ്ധ്വാനിച്ച് ജീവിക്കണം എന്ന നല്ല മാതൃക കാണിച്ചുതന്നു. ഇന്ന് പല പ്രസ്ഥാനങ്ങളും മററുള്ളവരുടെ സഹായം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുമ്പോൾ തിരുമേനി അതിനു വിപരീതമായി പ്രവർത്തിച്ചു. അദ്ദേഹം തുടങ്ങിവച്ച ഈ പ്രസ്ഥാനങ്ങൾ എല്ലാം തന്നെ വിജയകരമായി പുരോഗമിച്ചു.

വലിയ ബുദ്ധിമാനോ, എഴുത്തുകാരനോ, വാഗ്മിയോ ഒന്നും ആയിരുന്നില്ല തിരുമേനി. സാധാരണക്കാരോട് ചേർന്ന് ദൈവാശ്രയത്തോടെ നടത്തിയ കഠിന പരിശ്രമത്തിൻെറ ഫലമാണ് അദ്ദേഹം ഉണ്ടാക്കിയ നേട്ടങ്ങൾ. ഒരു സാധാരണ കുടുംബത്തിൽ ജനിച്ച്, ജീവിച്ച് ഒരു മനുഷ്യായുസ്സിൽ ചെയ്യാവുന്നതിൻെറ പരമാവധി പ്രവർത്തിച്ച് കാലയവനികക്കുള്ളിൽ മറഞ്ഞുപോയ അദ്ദേഹത്തിൻെറ ജീവിതം വരും തലമുറയ്ക്ക് എന്നും മാതൃകയത്രേ. ഇങ്ങനെയുള്ള പിതാക്കന്മാരുടെ കുറവ് ക്രിസ്തീയ സാക്ഷ്യത്തിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മാദ്ധ്യമങ്ങളുടെ ശ്രദ്ധപിടിച്ചു പററാനുള്ള ശ്രമമാണ് ഇന്ന് എവിടെയും നടക്കുന്നത്.

ഭാരതീയ സഭകൾ പ്രത്യേകിച്ച് പ്രോട്ടസ്ററൻറ് സഭകൾ മിഷൻ പ്രവർത്തന ശൈലിക്ക് ഒരു പുനർവായന നടത്തിക്കൊണ്ടിരിക്കുന്ന സമയമാണിപ്പോൾ. വിദേശീയ കൊളൊണിയൻ ഭരണസംവിധാനത്തിൻെറ ഭാഗമായി ഇന്ത്യയിൽ ആരംഭിച്ച മിഷൻ പ്രവർത്തനങ്ങളും അതിനെ തുടർന്ന് സ്ഥാപിക്കപ്പെട്ട സഭകളും പുതിയ അർത്ഥവും, മാനവും നൽകുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വിവിധ മത വിഭാഗങ്ങൾ ഇടതിങ്ങി വസിക്കുന്ന നമ്മുടെ രാജ്യത്ത് ന്യൂനപക്ഷമായ ക്രിസ്തീയ സഭകളുടെ സാന്നിദ്ധ്യം, അനിവാര്യമാണ്.

മിഷൻ എന്നത് സുവിശേഷഘോഷണവും ദൈവവചന പ്രഘോഷണവുമാണ്. ക്രിസ്തുവിൻെറ ശരീരമായ സഭ ദൈവരാജ്യത്തിൻെറ സ്വഭാവം അതിൻെറ ജീവിതരീതിയിൽ കൂടി പ്രതിഫലിപ്പിക്കേണ്ടതാണ്. മിഷൻ എന്നത് ഒരു കൂട്ടായ്മയുടെ അനുഭവമാണ്.

പരിസ്ഥിതി സംരക്ഷണത്തിൽ സഭ മുൻകൈ എടുക്കുകയും അതിന് എതിരായ നീക്കങ്ങളെ ശക്തമായി എതിർക്കുകയും ചെയ്യേണ്ടതാണ്.

ആഘോഷങ്ങളും, ആർഭാടങ്ങളും ആത്മീയ ജീവിത പുതുക്കത്തിന് ഉതകുന്ന വിധത്തിൽ ക്രമീകരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ഓരോ പ്രാദേശിക ഇടവകകളും ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ സജീവമായി ഭാഗഭാക്കാകുകയും നമുക്ക് ചുററും വസിക്കുന്ന അക്രൈസ്തവ സമൂഹത്തോട് ദൈവരാജ്യത്തിൻെറ മഹത്വം വിളിച്ചറിയിക്കുന്ന സാക്ഷ്യമുള്ള ഒരു സമൂഹമായി വർത്തിക്കുകയും ചെയ്യേണ്ടതാണ്. ഈ പിതാവിൻെറ മദ്ധ്യസ്ഥത കാവലായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. ■


**പള്ളികൾ മനോഹരമാക്കൂ**

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ
വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...

**ഫോൺ: 0481-2571126, 2574183**
**0484-3292390 മൊബൈൽ: 9447259003**

**എം.എ. കയർ ഹൗസ്**

**ജീ-മാർട്ടിനു സമീപം**
**കഞ്ഞിക്കുഴി, കോട്ടയം**



## BRIDE WANTED

Orthodox parents Seek proposals for their son, Decaon (31/168) professionally qualified from parents of God fearing fair girls employed/unemployed with NET from Orthodox/Marthoma denominations. Orthodox preferred.

*Contact:*

Mob. 9447139240

## BRIDE GROOM WANTED

ഡന്റൽ സർജനായി പ്രൈവറ്റ് ക്ലിനിക്കിൽ ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഓർത്തഡോക്സ് യുവതിക്ക് (26/152 cm) ഓർത്തഡോക്സ് സഭാംഗമായ ദൈവഭയമുള്ള യുവാക്കന്മാരുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. M.D.S. പാസ്സായവർക്കും, M.D.S. പഠിച്ചുകൊണ്ടിരിക്കുന്നവർക്കും B.D.S. കഴിഞ്ഞവർക്കും മുൻഗണന.

*Contact*

**9447009377**

**johnem50@gmail.com**

## BRIDE WANTED

Adoor Based Ahmedbad settled Orthodox Parents Invite Proposals from Parents of God fearing, employed Girls, for their son, 28 years, 170 cms, BE (IT) working in private sector in Navi Mumbai

*Contact:*

**09537818742**

**matros178@gmail.com**

## BRIDE GROOM WANTED

Orthodox parents from Pathanamthitta Dist. at present settled in Delhi seeks proposal for their Daughter (B/B North India) 27/5'3" fair/Medium built. Software Engineer Railway, New Delhi from parents of God fearing and professionaly qualified boys preferably from Delhi/NCR.

*Contact:*

**johnkg3@gmail.com/simplex.tech@yahoo.com**
**Mob. 9936294046/9810382801**



# വിശ്വാസപാഠം

**– ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്**



ക്ദൂസ്കുദുശായുടെ ഉത്ഭവും ഉദ്ദേശ്യവും എന്താണ്? മലങ്കരയിൽ ഇത് എങ്ങനെ ഉണ്ടായി. ഇതിന്റെ പിന്നിലെ വേദശാസ്ത്രം വിശദീകരിക്കാമോ?

**– കെ. കെ. ജോർജ്**

**ശ്രീ.** കെ. കെ. ജോർജ് ഉദ്ദേശിക്കുന്നത് നമ്മുടെ ചില പ്രധാന ദേവാലയങ്ങളിൽ പ. മദ്ബഹായ്ക്കകത്ത് ത്രോണോസിനു മുന്നിലായി ഗോപുര രൂപത്തിൽ ത്രോണോസിലേക്കുള്ള കവാടമായി പണിതിരിക്കുന്ന ഘടനയെക്കുറിച്ചായിരിക്കും എന്നു കരുതുന്നു. മദ്ബഹാ എന്ന വാക്കിന് ബലിസ്ഥലം എന്നാണർത്ഥം. ബെത്കുദ്ശാ (ശുദ്ധസ്ഥലം), ക്ദുശ്കുദ്ശിൻ (അതിവിശുദ്ധസ്ഥലം) എന്നീ പേരുകളും മദ്ബഹായ്ക്കായി ഉപയോഗിക്കാറുണ്ട്. പഴയനിയമ ഭാഷയിൽ ശുദ്ധതകളുടെ ശുദ്ധസ്ഥലം എന്നും കൃപാസനം എന്നും അതിവിശുദ്ധമന്ദിരമെന്നുമൊക്കെ മദ്ബഹായെ വിളിക്കാവുന്നതാണ്. മദ്ബഹായ്ക്കുള്ളിലാണ് ത്രോണോസ് സ്ഥാപിതമായിരിക്കുന്നത്. യെശയ്യാ 6:1–ൽ യെശയ്യാവു ദർശിച്ച ഉയർന്നും പൊങ്ങിയുമുള്ള സ്വർഗ്ഗീയ സിംഹാസനത്തിന്റെ പ്രതീകവും കർത്താവിന്റെ ബലിപീഠവുമായി (വെളി. 4:5, 7:9–11) ത്രോണോസിനെ നാം ദർശിക്കുന്നു.

ദൈവം ആദ്യം സൃഷ്ടിച്ച പ്രകാശത്തിന്റെ പ്രഭവസ്ഥാനമായ സൂര്യൻ ഉദിക്കുന്നത് കിഴക്കായതുകൊണ്ടും ഏദൻതോട്ടം സൃഷ്ടിക്കപ്പെട്ടത് കിഴക്കായിരുന്നു എന്നതുകൊണ്ടും സ്വർഗ്ഗത്തിന്റെയും പറുദീസായുടെയും പ്രതീകമായ ത്രോണോസ് മദ്ബഹായുടെ കിഴക്കേ അറ്റത്താണ് ക്രമീകരിച്ചിരിക്കുന്നത്. ദൈവപുത്രൻ വീണ്ടും വരുന്നത് കിഴക്കുനിന്നായിരിക്കുമെന്ന വിശ്വാസവും (മത്താ. 24:27) ഇതിന്റെ പിന്നിലുണ്ട്.

ക്ദുശ് കുദിശാ എന്ന ശ്രീ. ജോർജ് ഉദ്ദേശിക്കുന്ന വി. ത്രോണോസിനു മുമ്പിലുള്ള ഗോപുര കവാടം വി. മദ്ബഹായ്ക്ക് അകത്തു സ്ഥാപിതമായിരിക്കുന്നതും സുറിയാനി പാരമ്പര്യത്തിൽ മാത്രം കാണുന്നുള്ളതുമായ ഒന്നാണ്. സുറിയാനി സഭയോടുള്ള ബന്ധത്തിൽ 1665–നുശേഷമായിരിക്കാം മലങ്കരയിൽ ഇത് ഉണ്ടായിട്ടുള്ളത്.

വി. കുർബ്ബാന അർപ്പിക്കുന്ന ത്രോണോസും അതിന്റെ ചുറ്റുപാടുകളും സാധാരണ വിശ്വാസികൾക്ക് അപ്രാപ്യമായ സ്ഥലമായി നാലാം നൂറ്റാണ്ടു മുതലെങ്കിലും കണക്കാക്കപ്പെടുന്നുണ്ട്. അതിവിശുദ്ധനായ ദൈവം വസിക്കുന്ന സ്ഥലവും മാലാഖമാർ ദൈവത്തെ ആരാധിക്കുന്ന സ്വർഗ്ഗീയ മദ്ബഹായുടെ പ്രതീകവുമാകയാൽ ത്രോണോസ് സാധാരണ വിശ്വാസികൾക്ക് അപ്രാപ്യമാകണമെന്ന ചിന്ത ഉണ്ടായിരുന്നിരിക്കാം. പൂർണ്ണശെമ്മാശ്ശനിൽ താഴെയുള്ള ആർക്കും വി. മദ്ബഹായിൽ പ്രവേശിക്കുവാൻ അനുവാദം ഉണ്ടായിരുന്നില്ല. ഇപ്പോഴും ബൈസന്റയിൽ സഭയിലും കൽദായ സഭയിലും ആ രീതി തുടരുകയാണ്.

ബൈസന്റയിൽ സഭകളിലും കൽദായ സഭയിലും എത്യോപ്യൻ സഭയിലുമൊക്കെ പ. മദ്ബഹായിലേക്കുള്ള കവാടം വളരെ ചെറുതാണ്. ബൈസന്റയിൽ സഭകളിൽ തടികൊണ്ടുള്ള വാതിലാണ് ത്രോണോസിനെ മറയ്ക്കുന്നത്. ദൈവമാതാവിന്റെയും വിശുദ്ധരുടെയും മാലാഖമാരുടെയും ചിത്രങ്ങൾ (icons) കൊണ്ടുള്ള Iconostasis (ഐക്കണോസ്റ്റാസിസ്) വി. മദ്ബഹായെ മുഴുവനായി മറച്ചിരിക്കുന്നു. നമ്മുടെ പാരമ്പര്യത്തിൽ വി. മദ്ബഹായിലേക്കുള്ള കവാടം വലുതും മദ്ബഹായെ മറയ്ക്കുന്നതിനു തിരശ്ശീലകളുമാണുള്ളത്. മദ്ബഹാ കവാടത്തിലെ തിരശ്ശീല മാറ്റിയാലും ത്രോണോസിന്റെ അതിവിശുദ്ധിയും ദൈവസന്നിധിയുടെ അദൃശ്യാവസ്ഥയും, ത്രോണോസിൽ അർപ്പിക്കുന്ന വി. കുർബ്ബാനയുടെ രഹസ്യാത്മകതയും സൂചിപ്പിക്കുവാനായിരിക്കും വി. മദ്ബഹായ്ക്കകത്ത് ത്രോണോസിന് മുമ്പിലായി ക്ദുസ്കുദിശാ സ്ഥാപിച്ചിരിക്കുന്നത്. 2 ദിന. 3, എബ്രാ. 9:3–7 ഭാഗങ്ങൾ ചില സൂചനകൾ നൽകുന്നുണ്ട്. കർത്താവിന്റെ കബറിടത്തിന്റെ രൂപം സൂചിപ്പിക്കുവാൻ തക്കവണ്ണം ത്രോണോസിന്റെ സാധാരണ അളവ്, ഉയരം നാലടി, നീളം ആറടി, വീതി മൂന്നര/നാലടി എന്നിങ്ങനെയാണ്. ത്രോണോസിന്റെ വലിപ്പത്തിന് ചേരുന്ന രീതിയിലും മദ്ബഹായിലേക്കുള്ള കവാടത്തിന്റെ വലുപ്പത്തിന് അനുസരിച്ചും ത്രോണോസിനു മുമ്പിൽ ക്ദുസ്കുദിശിൽ സ്ഥാപിക്കുക എന്നല്ലാതെ എന്തെങ്കിലും പ്രത്യേക അളവ് അതിന് നിശ്ചയിച്ചുണ്ടോ എന്നറിയുവാൻ കഴിയുന്നില്ല. സ്വർഗ്ഗത്തിലേക്കുള്ള കവാടത്തിന്റെ പ്രതീകം എന്ന നിലയിൽ യെരുശലേം ദേവാലയത്തിന്റെ അതിവിശുദ്ധ മന്ദിരത്തിനു നൽകിയിരിക്കുന്ന അലങ്കാരങ്ങളും (പഴയനിയമം) ക്രിസ്തുവിന്റെ ശരീര രക്തങ്ങളുടെ പ്രതീകങ്ങളും (പുതിയനിയമം) കൊണ്ട് ക്ദുസ്കുദിശിൻ അലങ്കരിക്കാവുന്നതാണ്. ■


14TH DEATH ANNIVERSARY
28-10-2012



EASO ANDREWS (KUNJUMON)

9TH DEATH ANNIVERSARY
24-07-2012



MARIAMMA ANDREWS

OOLAMACKAL, PULICKAL KAVALA

*Inserted by:*

**Ponnamma, Leenu, Lijo**








**കു**മളി-കട്ടപ്പന റോഡരുകിൽ കുമളിയിൽ നിന്നും 17 കിലോമീറ്റർ ദൂരെ പ്രകൃതിരമണീയമായ സ്ഥലത്താണ് പുറ്റടി സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയം സ്ഥിതിചെയ്യുന്നത്. ഈ ദേവാലയത്തോട് ചേർന്ന് പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിലുള്ള പുണ്യതീർത്ഥാടന കേന്ദ്രമാണ് കർമ്മേൽ കുരിശുമല. മലങ്കരസഭയിലെ ഏക കുരിശുമലതീർത്ഥാടന കേന്ദ്രമാണിത്. വി. വേദപുസ്തകത്തിൽ ആത്മീയ നിറവിന്റെ ഉറവിടങ്ങളായി നാം കാണുന്ന പല മലകൾ പോലെ അനേകായിരങ്ങൾ പരിശുദ്ധ പരുമല തിരുമേനിയുടെ സജീവ സാന്നിദ്ധ്യത്തെ തിരിച്ചറിയുകയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുന്ന ഒരു വിശുദ്ധ മലയാണ് പുറ്റടിയിലേതും.

ദേവാലയ സ്ഥാപനകാലം മുതൽ ഇതിനോട് ചേർന്നുള്ള മലമുകളിൽ അനേക പ്രാർത്ഥനാനുഭവങ്ങൾക്ക് മുഖാന്തിരമായ ഒരു കുരിശ് സ്ഥാപിക്കപ്പെട്ടിരുന്നു. ബഹു. ജോസഫ് ഒ.ഐ.സി അച്ചൻ വികാരിയായിരുന്ന കാലത്ത് ഈ മലയ്ക്ക് "കർമ്മേൽ മല" എന്ന് നാമകരണം ചെയ്തു. ക്രമേണ പ്രാർത്ഥനയ്ക്കായി ഇവിടെയെത്തുന്ന വിശ്വാസികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായി. നോമ്പനുഷ്ഠാനങ്ങളോടുകൂടി, നഗ്നപാദരായി മലകയറി പ്രാർത്ഥിക്കുന്ന അനേകർക്ക് പരിശുദ്ധ തിരുമേനിയുടെ മദ്ധ്യസ്ഥതയാൽ അനവധി അത്ഭുതങ്ങൾ നേരിട്ടനുഭവിക്കുവാൻ കഴിഞ്ഞു. 2001-ൽ ഇവിടെ സ്ഥാപിതമായ ചാപ്പലിൽ പ. മാത്യൂസ് ദ്വിതീയൻ ബാവാ പ. പരുമല തിരുമേനിയുടെ തിരുശേഷിപ്പ് 2004 നവംബർ 6-ാം തീയതി സ്ഥാപിച്ചു. ജാതിമതഭേദമില്ലാതെ ആയിരക്കണക്കിന് വിശ്വാസികൾ പ്രധാനമായി വെള്ളിയാഴ്ചകളിലും മറ്റുള്ള ദിവസങ്ങളിലുമായി പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത യാചിച്ച് ഇവിടെയെത്തുന്നു. വെള്ളിയാഴ്ചകളിൽ പുലർച്ചെ ആരംഭിക്കുന്ന തീർത്ഥാടകരുടെ വരവ് രാത്രി വൈകുന്നതുവരെ തുടരുന്നു.

ആദ്യ വെള്ളിയാഴ്ചകളിൽ മലമുകളിലുള്ള ചാപ്പലിൽ വിശുദ്ധ കുർബാനയും, മൂന്നാം വെള്ളിയാഴ്ചകളിൽ മലയടിവാരത്തുള്ള ദേവാലയത്തിൽ ധ്യാനയോഗവും, എല്ലാവെള്ളിയാഴ്ചകളിലും രാവിലെ 11.00 മണിയ്ക്കും വൈകിട്ട് 5.30 നും കർമ്മേൽ ചാപ്പലിൽ നമസ്കാരം, മദ്ധ്യസ്ഥ പ്രാർത്ഥന, തിരുശേഷിപ്പിങ്കൽ ധൂപാർപ്പണം ഇവയും നടത്തപ്പെടുന്നു. എല്ലാ ദിവസങ്ങളിലും സന്ധ്യനമസ്കാരവും ധൂപാർപ്പണവും നടത്താറുണ്ട്. ആദ്യ വെള്ളിയാഴ്ചകളിൽ അവൽ നേർച്ച, മൂന്നാം വെള്ളിയാഴ്ചകളിൽ കഞ്ഞി നേർച്ച, പാച്ചോർ, നെയ്യപ്പം നേർച്ചകൾ, ആദ്യവെള്ളി കുർബ്ബാന ഇവ വിശ്വാസികൾ ഏറ്റുനടത്തുന്നവയാണ്.

ഇടുക്കി ഭദ്രാസനത്തിൽ നിന്നും യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തുന്ന പരുമല പദയാത്ര കർമ്മേൽ മലയിലെ തിരുശേഷിപ്പിങ്കൽ നിന്നാണ് ആരംഭിക്കുന്നത്.

ഈ തീർത്ഥാട കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സ്തോത്രകാഴ്ച രോഗികളുടെ ചികിത്സയ്ക്ക് പ്രത്യേകിച്ച് ഹൃദ്രോഗികൾ, ക്യാൻസർ രോഗികൾ മറ്റ് അശരണർ ഇവർക്ക് നൽകിവരുന്നു.

കുടുംബപ്രശ്നങ്ങൾ, മദ്യപാനം മറ്റ് അസ്വസ്ഥതകൾ ഇങ്ങനെ ധാരാളം ആളുകൾ കൗൺസിലിംഗിനായി ഇവിടെ എത്തിച്ചേരുന്നു. ഹൈറേഞ്ചിലെ ഈ പുണ്യതീർത്ഥാടന കേന്ദ്രത്തോടനുബന്ധിച്ച് ഒരു ധ്യാന മന്ദിരവും, ആവശ്യമായ ഇതര സൗകര്യങ്ങളും ഉണ്ടാകുന്ന പക്ഷം മലങ്കര സഭയ്ക്ക് അഭിമാനിക്കത്തക്ക കേന്ദ്രമായി ഇതിനെ ഉയർത്തുവാൻ കഴിയു.

കേന്ദ്ര ഗവൺമെന്റിന്റെ സ്പൈസ് പാർക്കും ഇതിനു തൊട്ടടുത്താണ്.

*(ഇടുക്കി, തേക്കടി, മൂന്നാർ, രാമക്കൽമേട് എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഈ പാതയിലാണ്.)*

**ഫാ എൻ.പി.ഏലിയാസ്,**
**വികാരി**

# Breaking the Word




# അകപ്പൊരുൾ

ഫാ. ജോജി കെ. ജോയി, അടൂർ

*2012 നവം 4*

## *വിശുദ്ധീകരണം*

*(വി. മത്താ. 16:13 – 23)*

ആരാധനാ വർഷത്തിലെ ആദ്യ ഞായർ ശുദ്ധീകരണത്തിന്റെ പൂർണ്ണതയിലേക്ക് എത്തിക്കാനുള്ള സമാരംഭമാണ്. "ലക്ഷണങ്ങൾ എണ്ണമെങ്കിലും ആരംഭിക്കേണ്ടത് ഒന്നിലാണ്." അപ്പോൾ ആദ്യത്തേതാണ് ഏറ്റവും പ്രധാനം. ഈ ദിവസം പരിപൂർണ്ണവിശുദ്ധീകരണത്തിനായി സമർപ്പിച്ചാൽ പടിപടിയായി ദൈവിക വിശുദ്ധിയിലേക്ക് ഈ ആരാധനാ വർഷത്തിൽ നമുക്ക് വളരുവാൻ കഴിയും.

പുറപ്പാട് 30:7–11 വരെയുള്ള ഭാഗത്ത്, പഴയ നിയമ ആരാധനയിൽ വിശുദ്ധീകരണത്തിനായുള്ള ദീപാർപ്പണം, ധൂപാർപ്പണം, യാഗാർപ്പണം എന്നിവയിൽ ധൂപാർപ്പണം എങ്ങനെ നടത്തണം എന്നത് വിശദമാക്കുന്നു. സുഗന്ധ ധൂപം ചുറ്റുപാടുകളെ സുഗന്ധ പൂരിതമാക്കുന്നോടൊപ്പം അന്തരീക്ഷത്തെ ശുദ്ധമാക്കിത്തീർക്കുന്നു.

പുറപ്പാട് 40:17–38–ൽ സമാഗമന കൂടാരത്തിലെ ആരാധനാ ക്രമീകരണവും, സാക്ഷ്യപെട്ടകത്തിന്റെ പ്രാധാന്യവും പ്രതിപാദിക്കുന്നു ബാഹ്യവിശുദ്ധിയോടെ (പുറ. 40:31) സമാഗമന കൂടാരത്തിൽ ദൈവവാക്കുകൾ അനുസരിച്ച് മോശ പ്രവർത്തിക്കുമ്പോൾ അവിടെ ദൈവീക തേജസ്സ് നിറയുന്നു (പുറ 40:35)

ഏശയ്യാ 6:1–8: ആറു ചിറകുള്ള സറാഫുകൾ ദൈവത്തെ പരിശുദ്ധൻ എന്ന് മൂന്ന് പ്രാവശ്യം സ്തുതിക്കുന്നതും, യശയ്യാവ് പാപബോധത്തോടെ (6:5) ദൈവത്തെ സമീപിക്കുമ്പോൾ യാഗപീഠത്തിലെ തീക്കനൽ കൊടിൽ കൊണ്ടെടുത്ത് യശയ്യാവിന്റെ അധരത്തിൽ തൊടുവിച്ച് അകൃത്യം നീങ്ങി പാപത്തിന് പരിഹാരം (6,7,8) വന്ന സംഭവം വിവരിച്ചിരിക്കുന്നു.

ക്രിസ്തു ശിഷ്യന്മാരോട് രണ്ട് ചോദ്യങ്ങൾ ചോദിക്കുന്നു. ജനങ്ങൾ എന്നെ (മനുഷ്യപുത്രനെ) ആർ എന്നു പറയുന്നു? വാ. 14 നിങ്ങൾ എന്നെ ആർ എന്നു പറയുന്നു? വാ. 15 വിശുദ്ധീകരണത്തിന്റെ രണ്ട് തലങ്ങളാണ് ഈ ചോദ്യങ്ങൾ.

**ബാഹ്യമായ തിരയൽ വിശുദ്ധീകരണത്തിന്റെ ആദ്യപടി**

ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു എന്ന് ശിഷ്യന്മാരോട് ക്രിസ്തു ചോദിക്കുമ്പോൾ, ചുറ്റുപാടുകളിൽ തന്നെക്കുറിച്ചുള്ള അഭിപ്രായം നേടുക അല്ലായിരുന്നു എങ്കിൽ ഈ ചോദ്യത്തിന് ആവശ്യമേ ഇല്ലായിരുന്നല്ലോ. അതുമല്ല ശിഷ്യന്മാരുടെ മറുപടി ക്രിസ്തു നിഷേധിക്കുന്നുമില്ല. ഇവിടെ ക്രിസ്തു വിശുദ്ധീകരണത്തിന്റെ പാഠം പഠിപ്പിക്കുകയാണ്. ബാഹ്യമായ ഒരു തിരയൽ ജീവിത വിശുദ്ധിക്ക് അത്യാവശ്യമാണ്. മറ്റാരോടും എനിക്ക് ഒന്നും ബോധിപ്പിക്കാനില്ല എന്നത് ഭംഗിവാക്കായി പറയാമെങ്കിലും സമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ നാം പലരോടും കടപ്പെട്ടിരിക്കും. എന്നെക്കുറിച്ച് മറ്റുള്ളവർ മോശമായി ഒന്നും പറയരുത് നല്ലതേ പറയാവൂ അതിനു തക്കവണ്ണം ഞാൻ ജീവിക്കേണ്ടവനാണ് എന്ന ചിന്ത ആത്മീയ മനുഷ്യരെ ഭരിക്കേണ്ടതാണ്. മറ്റാരേയും തന്റെ ആത്മീയ വിശുദ്ധിയെ കുറിച്ച് ബോധിപ്പിക്കാനില്ല എന്ന ഉത്തമ ബോധ്യമുണ്ടായിട്ട് വി. പൗലോസ് ശ്ലീഹാ ഇങ്ങനെ പറയുന്നു. 'അതുകൊണ്ട് ഞങ്ങൾക്ക് കരുണ ലഭിച്ചിട്ട് ഈ ശുശ്രൂഷ ഉണ്ടാകയാൽ ഞങ്ങൾ അധൈര്യപ്പെടാതെ ലജ്ജാകരമായ രഹസ്യങ്ങളെ ത്യജിച്ച് ഉപായം പ്രയോഗിക്കാതെയും ദൈവവചനത്തിൽ കൂട്ടു ചേർക്കാതെയും സത്യം വെളിപ്പെടുത്തുന്നതിനാൽ ദൈവസന്നിധിയിൽ സകല മനുഷ്യരുടേയും മനസാക്ഷികൾ ഞങ്ങളെ തന്നെ ബോദ്ധ്യമാക്കുന്നു' (2 കോരി 4:1,2). അപ്പോൾ മറ്റുള്ളവരുടെ മനസാക്ഷിക്കു ബോദ്ധ്യമാക്കി ജീവിക്കേണ്ടതും അനിവാര്യമായ ഘടകമാക്കുന്നു. "ദൈവത്തെ ഭയക്കുന്നതോടൊപ്പം മനുഷ്യനെ ശങ്കിക്കുന്നതും" വിശുദ്ധീകരണത്തിന് ആവശ്യമാണ്.

ആരോപണങ്ങളിൽ നിന്നോ, വിമർശനങ്ങളിൽ നിന്നോ ഒഴിഞ്ഞിരിക്കാൻ ഒരിക്കലും സാധ്യമല്ല എന്നാൽ ആരോപണങ്ങൾ ഉന്നയിക്കാനിടയുള്ള സാഹചര്യങ്ങളിൽ നിന്ന് മനഃപൂർവ്വം ഒഴിഞ്ഞുമാറുക ശ്രദ്ധിക്കേണ്ട ഒന്നാണ്.

വക്രന്റെ വഴിയിൽ മുള്ളും കുടുക്കും ഉണ്ട്

തന്റെ പ്രാണനെ സൂക്ഷിക്കുന്നവൻ അവയോട് അകന്നിരിക്കട്ടെ (സദൃ. 22:5)

**ആന്തരീകമായ തിരിച്ചറിവ് : വിശുദ്ധിയുടെ പൂർണ്ണത**

ക്രിസ്തുവിന്റെ രണ്ടാമത്തെ ചോദ്യം നിങ്ങളോ എന്നെ ആർ എന്നു പറയുന്നു? എന്നതാണ്. ഇത് സ്വയം ഉത്തരം കണ്ടെത്തേണ്ട ചോദ്യമാണ്. മറ്റാരേയും ബന്ധപ്പെടുത്തി ഇതിനൊരു ഉത്തരം നൽകാനാകില്ല. സ്വന്തം തിരിച്ചറിവാണ് ഇതി

നുള്ള ഉത്തരം. ഇവിടെ ക്രിസ്തു ഉള്ളിലേക്ക് തിരിയുവാൻ നമ്മെ പ്രേരിപ്പിക്കുകയാണ്. അവനറിയണം എനിക്ക് അവിടുന്ന് ആരാണെന്ന്? ക്രിസ്തു ആരാണെന്ന് തിരിച്ചറിഞ്ഞ പത്രോസിന്റെ ഉത്തരം ശ്രദ്ധേയമാണ് "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" ഉള്ളിൽ ജീവനുള്ളവനു മാത്രമെ ദൈവം ജീവനുള്ളവൻ എന്നു സാക്ഷിക്കാനാകൂ.

സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത് (സദൃ. 4:23) ജീവനുള്ള ഹൃദയത്തിൽ നിന്നു മാത്രമെ ക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനെന്ന് സാക്ഷിക്കാനാകൂ. ജീവനുള്ള ഹൃദയം എന്നാൽ മനസാക്ഷിയുള്ള ഉള്ളം എന്നാണർത്ഥം. സ്വന്തം മനസാക്ഷിയിൽ കുത്തലുള്ള ഒരാൾക്കു തീർച്ചയായും ക്രിസ്തുവിനെ ഉള്ളിൽ വഹിക്കാനാകും. ഈശ്വരനെ ദർശിക്കുക എന്ന ലക്ഷ്യത്തിലേക്ക് നമ്മെ കൊണ്ടുപോകുന്ന മാർഗ്ഗമാണ് ഹൃദയവിശുദ്ധി. അതിനാലാണ് ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും (വി. മത്താ. 5:8) എന്ന് ക്രിസ്തു പ്രസ്താവിക്കുന്നത്. ദൈവദർശനത്തിന്റെ മാർഗ്ഗം അനുതാപമുള്ള ഹൃദയമാണ്. അപ്പോഴാണ് ശരിയായ മാനസാന്തരമുണ്ടാകുന്നത്. ഏറ്റുപറഞ്ഞ പത്രോസ് തള്ളി പറഞ്ഞെങ്കിലും (വി. യോഹ. 18:15-27, ലൂക്കോ. 22:54-60, മർക്കോ. 14:66-71, മത്താ. 26:69-74) അനുതപിച്ച് അതിദുഃഖത്തോടെ കരഞ്ഞത് (വി. മത്തായി 26:75, മർക്കോസ് 14:72; ലൂക്കോ. 22:61) ഹൃദയ വിശുദ്ധി ഉണ്ടായിരുന്നതുകൊണ്ടാണ്.

ജാഗ്രതയോടെ ഹൃദയത്തെ കാക്കുന്ന ഒരാൾക്കു മാത്രമെ യഥാർത്ഥ ദൈവദർശനം ഉണ്ടാകുകയുള്ളു, ഭംഗിയോടും, ഭയത്തോടും, വണക്കത്തോടും, വെടിപ്പോടും, വിശുദ്ധിയോടും, സ്നേഹത്തോടും സത്യവിശ്വാസത്തോടും, നല്ല ദൈവഭക്തിയോടും" (വി. കുർബ്ബാന) കൂടെ നിൽക്കുമ്പോഴും, ജീവിക്കുമ്പോഴും ഹൃദയത്തിൽ ശുദ്ധീകരണം ഉണ്ടാകും.

**വിശുദ്ധീകരണം : ദൈവീക ഇടപെടൽ അനിവാര്യം**

ഇതൊരിക്കലും സ്വന്ത ഇച്ഛകൊണ്ട് മാത്രം നേടി എടുക്കാവുന്ന ഒന്നല്ല പ്രത്യുത ദൈവിക വെളിപാടിനാൽ സംലഭ്യമാകുന്നതാണ്. അതിനാലാണ് പത്രോസിന്റെ ഉത്തരത്തോട് ക്രിസ്തു പ്രതിവചിക്കുന്ന്. ജഡരക്തങ്ങൾ അല്ല സ്വർഗ്ഗസ്ഥനായ പിതാവത്രെ നിനക്കു ഇത് വെളിപ്പെടുത്തിയത് (വി. മത്തായി 16:17)

ദൈവിക വെളിപാടുകൾ (ദർശനം) മൂലമാണ് യഥാർത്ഥ തിരിച്ചറിവ് നമ്മിൽ ഉണ്ടാകുന്നതെങ്കിൽ അവയുണ്ടാകാൻ കുറെക്കൂടെ ഉചിതവും, ഉന്നതവുമായ ബോധ്യങ്ങൾ നമ്മിലുണ്ടാകാൻ പ്രാർത്ഥിക്കണം. അതിനായി ഹൃദയ ചിന്തകളെ പവിത്രീകരിക്കണം (To Transfigure)

*നവം. 11*

## *ഹൂദോസ് ഈത്തോ*

*(വി. യോഹ. 10:22-38)*

ശുദ്ധീകരിച്ച് ക്രിസ്തുവിന്റെ സ്വന്തമാകുക പ്രതിഷ്ഠയുടെ ലക്ഷ്യം, ആരുടെ മുമ്പിൽ? എങ്ങനെ? ഇതിനുള്ള ഉത്തരമാണ് ഈ ധ്യാനവിഷയം. "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തു പറയുമ്പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും". ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു വിളിച്ചു പറഞ്ഞ വാക്കാണിത്. (വി. യോഹ. 7:37) അതെ! ജീവജലത്തിന്റെ ഉറവയായ ക്രിസ്തുവിന്റെ മുമ്പിൽ, അവിടുന്ന് ജീവനുള്ള ദൈവത്തിന്റെ പുത്രൻ എന്ന് ഏറ്റുപറഞ്ഞവരായ നാം സ്വയം പ്രതിഷ്ഠിക്കുന്നു.

ബി.സി. 168-ൽ ഗ്രീക്ക് ഭരണാധിപൻ അന്ത്യേക്കസ് എഫിപ്പാനസിന്റെ കാലത്ത് നശിപ്പിക്കപ്പെട്ട യറുശലേം ദേവാലയം, യൂദാസ് മക്കാബിയസിന്റെ നേതൃത്വത്തിൽ നടന്ന മക്കാബിയ വിപ്ലവത്തിനു ശേഷം ബി.സി. 165-ൽ പുനർനിർമ്മിച്ച്, പുനഃപ്രതിഷ്ഠിച്ചതിന്റെ ഓർമ്മ നിലനിർത്തുന്ന ചരിത്ര പശ്ചാത്തലവും ഇന്നത്തെ ദിവസത്തിന്റെ പ്രാധാന്യത വെളിവാക്കുന്നു.

വി. യോഹന്നാൻ 10:22-38

വെളിച്ചത്തിന്റെ ഉത്സവം (festival of Lights) അഥവാ 'ഹനൂക്ക' എന്നറിയപ്പെടുന്ന പ്രതിഷ്ഠാ പെരുന്നാൾ ബി.സി. 165-ൽ യറുശലേം ദേവാലയം പുനർ പ്രതിഷ്ഠിച്ചതിന്റെ സ്മരണാർത്ഥം നടത്തപ്പെടുന്ന യഹൂദ പെരുനാളാണ് (10:22). ശലോമോന്റെ മണ്ഡപത്തിൽ വച്ച് യേശുവിനോട് യഹൂദന്മാർ നടത്തുന്ന വാദങ്ങളും അതിനു ക്രിസ്തു നൽകുന്ന മറുപടിയുമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

നീ യഥാർത്ഥത്തിൽ ക്രിസ്തു ആണോ? എന്നതാണ് യഹൂദന്മാർക്ക് അറിയേണ്ടിയിരുന്നത് (10:22,23) അതിന് യേശു കൊടുത്ത മറുപടി എന്റെ പ്രവർത്തികൾ ഞാൻ ക്രിസ്തു ആണ് എന്നതിന് സാക്ഷ്യമാണ് എന്നതായിരുന്നു. ഇതേ ചോദ്യം തന്നെ യോഹന്നാൻ സ്നാപകൻ ചോദിക്കുന്നതായി വി. മത്തായി 11:2-6, വി. ലൂക്കോ. 7:20-23 എന്നീ വേദഭാഗങ്ങളിൽ നാം കാണുന്നു. അതിനു ശേഷം കൊടുക്കുന്ന മറുപടി തന്റെ പ്രവർത്തികളെക്കുറിച്ചായിരുന്നു. യശയ്യാ പ്രവാചകന്റെ പുസ്തകം 61:1-3 വരെയുള്ള ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്ന മശിഹാ ദൗത്യം പൂർത്തീകരിക്കാൻ വന്നവനാണ് താനെന്ന് പള്ളിയിലെ (synagogue) ആരാധനയിൽ (ലൂക്കോ. 4:16-19). വേദഭാഗം വായിച്ച് കേൾപ്പിക്കുകയും, അതേ പ്രവർത്തികൾ തന്റെ പ്രേഷിത വൃത്തിയിൽ കാണിക്കുകയും ചെയ്തു. പക്ഷെ അതുകൊണ്ടൊന്നും യഹൂദന്മാർ ക്രിസ്തുവിൽ വിശ്വസിച്ചില്ല. അങ്ങനെ അവർ വിശ്വസിക്കാത്തതിന് ചിലകാരണങ്ങൾ യേശു അവരോട് പറയുന്നു.

**സ്വന്തമല്ലാത്തതുകൊണ്ട് അവിശ്വസിക്കുന്നു.**

നിങ്ങൾ എന്റെ ആടുകളുടെ കൂട്ടത്തിൽ അല്ലാത്തവരായതിനാൽ വിശ്വസിക്കുന്നില്ല (10:26) ഒരാളെ സ്വന്തമെന്ന് നാം കരുതുമ്പോഴാണ് നാം പൂർണ്ണമായി അയാളെ വിശ്വസിക്കുന്നത്. പണ്ടൊക്കെ കത്തെഴുതുമ്പോൾ 'എന്ന് സ്വന്തം' എന്നെഴുതിയാണല്ലോ അവസാനിപ്പിക്കുന്നത്. അതിൽ നിറഞ്ഞിരിക്കുന്ന പരസ്പര സ്നേഹവും, വിശ്വാസവും വരണാതീതമാണ്. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു... ആ പാപികളിൽ ഞാൻ ഒന്നാമൻ (1 തീമോത്തി 1:15) കർത്താവായ യേശുവിന്റെ നാമത്തിനുവേണ്ടി... ഞാൻ ഒരുങ്ങിയിരിക്കുന്നു (അപ്പോ. 21:13) എന്ന വി. പൗലോസിന്റെ വാക്കുകൾ അദ്ദേഹം എത്രകണ്ട് ക്രിസ്തുവിനോട് ഒന്നായി ജീവിച്ചു എന്നതിന്റെ തെളിവുകളാണ്.

പ്രതിഷ്ഠയുടെ ഈ ദിനം ക്രിസ്തു എന്റെ സ്വന്തമാണെന്നുള്ള പൂർണ്ണ സമർപ്പണത്തിലൂടെ അവിടുത്തെ ആട്ടിൻകൂട്ടത്തിലെ അംഗമാണ് നാം എന്ന് പ്രഖ്യാപിക്കും.

അങ്ങനെയാകുമ്പോൾ തമ്പുരാന്റെ ശബ്ദം കേൾക്കുവാനും അവിടുത്തെ അനുഗമിക്കുവാനും നമുക്കു കഴിയും (10:27)

സ്വന്തമാകുമ്പോൾ മൂന്നു പ്രതിഫലം

സ്വന്തമാകണം എന്നു മാത്രമല്ല സ്വന്തമായി മാറുന്നവർക്ക് ക്രിസ്തു വാഗ്ദാനം ചെയ്യുന്ന പ്രതിഫലങ്ങളും ഈ ഭാഗത്ത് പ്രതിപാദിക്കുന്നു. (10:28-30)

a) നിത്യജീവൻ (10:28) Eternal life

b) അനശ്വര ജീവൻ (10:28) Imperishable life.

c) സുരക്ഷിത ജീവൻ (10:29) Safe and secure life

ഇവ മൂന്നും സ്വന്തമായുള്ളവർക്ക് നൽകുന്ന പ്രതിഫലങ്ങളാണ്.

a) നിത്യജീവൻ ക്രിസ്തുവിന്റെ ജീവനിലുള്ള പങ്കാളിത്താണ്. (യോഹ 6:40, 47, 54) അതായത് എന്റെ മാംസം തിന്നുകയും, എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു (യോഹ. 6:56)

b) അനശ്വരത എന്നതു കൊണ്ട് "ജീവനെ തകർക്കുന്ന മരണത്തിനും അപ്പുറമുള്ള നാശമില്ലാത്ത അവസ്ഥയാണ്. ക്രിസ്തുവിനു മുമ്പ് മരണം നാശത്തിലേക്കുള്ള വഴിയായിരുന്നു. എന്നാൽ തന്റെ മരണം മൂലം മരണത്തെ മരിപ്പിച്ച് അതിനെ അനശ്വരതയിലേക്കുള്ള പ്രവേശന കവാടമാക്കി ക്രിസ്തു രൂപപ്പെടുത്തി. അതിനാലാണ് "ഹേ! മരണമേ നിന്റെ വിഷമുള്ള് എവിടെ എന്ന് മരണത്തിനു മുമ്പിൽ വിജയഭേരി മുഴക്കി (1 കൊരി. 15:55,56)

ഹോശയ 13:14) മരണത്തിനപ്പുറമുള്ള ജീവനിലേക്ക് വി. പൗലോസ് നമ്മെ കൊണ്ടു പോകുന്നത്. Death is not a termination but it is a transition to the life with Jesus"

സ്വന്തമാകുന്നവർ അനുഭവിക്കുന്ന മൂന്നാമത്തെ പ്രതിഫലമാണ് സുരക്ഷിതത്വം. "ആരും അവയെ എന്റെ കയ്യിൽ നിന്ന് പിടിച്ചു പറിക്കയില്ല" (10:29). ദുഃഖങ്ങളോ പ്രതിസന്ധികളോ വരികയില്ല എന്നല്ല ഇതിനർത്ഥം. ദുഃഖങ്ങളുടെയും പ്രതിസന്ധികളുടെയും മധ്യത്തിലും ഒരു ഇടയൻ ആടുകളെ സംരക്ഷിക്കുന്ന പോലെ സംരക്ഷിക്കുമെന്നാണ് അവിടുത്തെ വാഗ്ദാനം

"Jesus is not a secutriy against the storms but he is a security in the stoms". കൊടുങ്കാറ്റിനും തിരമാലകൾക്കും എതിരല്ല അവിടുത്തെ പരിപാലനം കൊടുങ്കാറ്റു ജീവിതത്തിൽ അലയടിക്കുമ്പോൾ പടകിന്റെ അമരത്തിരുന്ന് അവയെ നിയന്ത്രിക്കുന്നതാണ് ക്രിസ്തു വിഭാവനം ചെയ്യുന്ന സുരക്ഷിതത്വം.

**പരിശുദ്ധ സഭയുടെ പ്രതിഷ്ഠ: സഭാമക്കളുടെ സമർപ്പണം**

സ്വന്തമാകണം എന്നും, സ്വന്തമാകുമ്പോൾ എന്തുപ്രതിഫലം ലഭിക്കും എന്നൊക്കെ നാം ധ്യാനിച്ചു. സ്വന്തമാകുന്ന പ്രക്രീയ സമർപ്പണത്തിലൂടെയാണ് പൂർണ്ണമാകുന്നത്.

ക്രിസ്തു നടത്തിയ യറുശലേം ദേവാലയത്തിന്റെ ശുദ്ധീകരണം നമ്മുടെ ജീവിതത്തിന്റെ പവിത്രീകരണത്തിന്റെ മുൻകുറിയാണ്. കാരണം നാം ദൈവത്തിന്റെ മന്ദിരമാണെന്നുള്ളത് അവിതർക്കമാണ് (1 കോരി 3:16-17). ഒരുവൻ ക്രിസ്തുവിലായി തീരുന്ന അനസ്യൂതമായ പ്രവർത്തനമാണ് പ്രതിഷ്ഠയിൽ ആരംഭിക്കേണ്ടത്. പൗരസ്ത്യ പാരമ്പര്യം ശുദ്ധീകരണം (Publication) പ്രകാശീകരണം (illumination). ദൈവീകരണം (Deification) എന്നീ മൂന്ന് ഘട്ടങ്ങളാണ് പ്രതിഷ്ഠയുടെ വഴികളായി പറഞ്ഞിട്ടുള്ളത്. ഒന്നാമത്തെ ഘട്ടം ശരീരവും, മനസ്സും പവിത്രീകരിക്കപ്പെടുന്നു. മനസ്സു രൂപാന്തരപ്പെടുന്ന അവസ്ഥ (റോമർ 12:1,2). രണ്ടാമത് പുതുക്കപ്പെട്ടതൊക്കെ തെളിമയാർജ്ജിച്ച് ഉജ്ജ്വലിക്കുന്നു. പിന്നീട് നാം ആത്യന്തികമായി ദൈവസ്വഭാവത്തിൽ പങ്കാളികളാകുന്നു.

മേൽപറഞ്ഞ ത്രിവിധ ഘട്ടങ്ങളുടെയും സങ്കലനമാണ് വി. കുർബ്ബാനയിൽ സംഭവിക്കുന്നത്. "ഒരുവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു (യോഹ. 6:56) എന്ന ക്രിസ്തുവചനം പ്രതിഷ്ഠയെ കുറിച്ച് തന്നെയാണ്. അതിനാൽ ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു (2 കോരി. 5:17) പഴയത് കഴിഞ്ഞുപോയി, ഇതാ പുതുതായി തീർന്നിരിക്കുന്നു". ഈ ദിവസം ഒരു പുതു സൃഷ്ടിയായി രൂപാന്തരപ്പെടാൻ നമുക്ക് സ്വയം സമർപ്പിക്കാം.

## *നവം. 18*
## *സഖറിയാവിനോടുള്ള അറിയിപ്പ്*
*(വി. ലൂക്കോ. 1:5-25)*

**അസാദ്ധ്യതയെ സാധ്യതയാക്കാനുള്ള ദൈവിക ഇടപെടൽ**

യേശുക്രിസ്തുവിന്റെ മുന്നോടിയായ സ്നാപക യോഹന്നാന്റെ ജനനത്തെക്കുറിച്ച് അദ്ദേഹത്തിന്റെ പിതാവായ സഖറിയ പുരോഹിതന് വെളിപാടുണ്ടായതാണ് ഈ ദിവസത്തെ പ്രതിപാദ്യവിഷയം. ക്രിസ്തുവിന്റെ ജനനത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്ന ആരാധനാ വർഷത്തിലെ വചനിപ്പു കാലത്തിലെ (Advent season) ആദ്യത്തെ വചനിപ്പാണ് പുരോഹിത പ്രമുഖനായ സഖറിയാവിനുണ്ടാകുന്നത്.

മനുഷ്യന്റെ അസാദ്ധ്യത അതിന്റെ ഉച്ചസ്ഥായിലെത്തുന്നിടത്താണ് ദൈവത്തിന്റെ സാധ്യത തെളിഞ്ഞു വരുന്നത്. 'Man's extrimity is God's opportunity'. അതിനൊന്നെ മനുഷ്യൻ ചെയ്യേണ്ടതുള്ളു. "ദൈവീക വാഗ്ദാനങ്ങളിൽ വിശ്വസിക്കുക". കാരണം ദൈവം വാഗ്ദാനം ചെയ്യുന്നതിൽ സംശയ ലേശമെന്യെ വിശ്വസിക്കുന്നവരും, ദൈവം തരുന്ന നിയോഗങ്ങൾ ദൈവഹിതത്തിന് വിധേയപ്പെട്ട് ഏറ്റെടുക്കുന്നവരിലൂടെയുമാണ് ദൈവരാജ്യം ഈ ലോകത്തിൽ പണിയപ്പെടുന്നത്. നാം ഓരോരുത്തരിലൂടെയും ചരിത്രത്തിലെ ചില നിയോഗങ്ങൾ പൂർത്തീകരിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നത് സഖറിയാ പുരോഹിതനുണ്ടായ വെളിപാടിലൂടെ നമുക്ക് വ്യക്തമാക്കിതരുന്നു.

പഴയനിയമത്തിൽ മക്കളില്ലാത്ത ദമ്പതികളുടെ നൈരാശ്യത്തനറുതി വരുത്തുവാൻ ദൈവം ഇടപെട്ട ചില സംഭവങ്ങളുടെ തനിയാവർത്തനമാണ് സഖറിയാ പുരോഹിതൻ ധൂപം കാട്ടുന്ന വേളയിലുണ്ടാകുന്നത്. ഉല്പത്തി 17:15-20 വരെയുള്ള ഭാഗത്ത് വിവരിക്കുന്ന എബ്രഹാമിനും സാറായ്ക്കും ഇസഹാക്കിന്റെ ജനനത്തെകുറിച്ചുണ്ടായ ദൈവീക വെളിപാടും.

ന്യായാധിപന്മാർ 13:1-25 വരെ വിവരിക്കുന്ന ശിംശോന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പും, 1 ശമുവേൽ 1:1-28 വരെയുള്ള ഭാഗത്ത് എൽക്കാനയ്ക്കും ഹന്നായ്ക്കും ശമുവേൽ ബാലന്റെ ജന്മത്തെക്കുറിച്ചുള്ള ദൈവീക പദ്ധതിയുടെ വിവരണവും എല്ലാം സഖറിയാവിനുണ്ടായ വെളിപാടിന്റെ പഴയ നിയമ സാദൃശ്യങ്ങളാണ്. ഈ സംഭവങ്ങൾ വിവരിക്കുന്ന വേദഭാഗങ്ങൾ തന്നെയാണ് ഈ ദിവസത്തെ പഴയനിയമ വായനകളായി പിതാക്കന്മാർ ക്രമീകരിച്ചിട്ടുള്ളത്. എന്നാൽ യശയ്യാ പ്രവാചകന്റെ പുസ്തകം 41:8-15 വരെയുള്ള പഴയനിയമ വായനഭാഗം കുറച്ചുകൂടെ ഇന്നത്തെ ചിന്താവിഷയത്തിലേക്ക് നമ്മെ അടുപ്പിക്കുന്നു. ഉണ്ടാകേണ്ടതെല്ലാം ഉണ്ടായിരുന്നിട്ടും ഇല്ലാതെപോയ ഒന്ന് ജീവിതത്തിന്റെ പാതകളിൽ കദനത്തിന്റെ കാരമുള്ളുകൾ വിതറിയിരുന്ന സഖറിയാ എലിസബേത്ത് ദമ്പതികൾ. അവരോടും നമ്മോടുമാണ് ദൈവവചനം സംസാരിക്കുന്നത് "ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെ ഉണ്ട്, ഭ്രമിച്ചു നോക്കേണ്ട... ഞാൻ നിന്നെ സഹായിക്കും, എന്റെ നീതിയുള്ള വലങ്കൈ കൊണ്ട് ഞാൻ നിന്നെ താങ്ങും" (ഏശയ്യാ 41:10) ഇതൊക്കെ വായിച്ചിരുന്നിട്ടും, മനനം ചെയ്തിട്ടും സഖറിയാ പുരോഹിതൻ അവിശ്വസിച്ചു. അദ്ദേഹത്തെ കുറ്റപ്പെടുത്താനാവില്ല. അങ്ങനെയാണ് മനുഷ്യൻ. ആഗ്രഹങ്ങൾ നേടാനാവാതെ വരുമ്പോൾ ചില അവിശ്വാസങ്ങളൊക്കെ ഉണ്ടായി പോകും. പക്ഷെ അതിനെയും അതിജീവിക്കുന്നതാണ് ദൈവത്തിന്റെ കൃപ.

**താമസ്സം തള്ളപ്പെടലല്ല**

കേൾക്കുവാൻ കാത്തുകാത്തിരുന്നത് കേട്ടപ്പോൾ സ്വീകരിക്കുവാനോ, ഉൾക്കൊള്ളുവാനോ കഴിയാത്ത അവസ്ഥ. എന്തുകൊണ്ട് താൻ കേൾക്കുവാൻ ആഗ്രഹിച്ചത് കേട്ടപ്പോൾ സഖറിയാ പുരോഹിതന് വിശ്വസിക്കുവാൻ കഴിഞ്ഞില്ല? കാരണം ലൂക്കോസ് ഇങ്ങനെ പറയുന്നു "ഏലിസബെത്ത് മച്ചിയാകകൊണ്ട് അവർക്കു സന്തതി ഇല്ലാഞ്ഞു. ഇരുവരും വയസ്സു ചെന്നവരും ആയിരുന്നു (1:7) വന്ധ്യത, പ്രായാധിക്യം ഇത്തരത്തിലുള്ള അസാദ്ധ്യതകൾ ചൂഴ്ന്നു നിൽക്കുമ്പോൾ എങ്ങനെയാണ് ദൈവ വാക്കാണെങ്കിലും അത് വിശ്വസിക്കേണ്ടത്?

പക്ഷെ വിശ്വസിക്കണം! കാരണം മനുഷ്യരുടെ രീതിയിൽ കാലതാമസമെന്ന് കരുതുന്നത് ദൈവീക പദ്ധതിയുടെ ശുഭമൂഹൂർത്തമാണ്. "കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും, ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു" (2 പത്രോസ് 3:8) ദൈവീക സമയം മാനുഷിക സമയവുമായി താരതമ്യപ്പെടുത്താനാവില്ല. താമസ്സങ്ങൾ തള്ളപ്പെടലുകളല്ല. (Delays are not denial or refusal). പ്രത്യുത ദൈവീക പൂർണ്ണതക്കായുള്ള ദൈവീക സമയമാണ്. നമ്മുടെ നന്മയ്ക്കായി മാത്രമെ അവിടുന്ന നിരൂപിക്കുന്നുള്ളു എന്നത് യിരമ്യാവിലൂടെ നമുക്ക് തരുന്ന പ്രത്യാശാ വചനങ്ങളാണ് (യിരമ്യാ 29:11). നമുക്ക് ചെയ്യാനാവുമെന്ന് ഇത്രമാത്രം കാലതാമസ്സം എന്നു തോന്നുമ്പോഴൊക്കെ തമ്പുരാനിലേക്ക് തിരിയണം, ശബ്ദത്തിനായി കാതോർക്കണം ശുഭകരമായ ഇടപെടലിനായി സ്വയം സമർപ്പിക്കണം.

**എനിക്കസാദ്ധ്യമായത് ദൈവത്തിന് സാധ്യം**

സഖറിയാ പുരോഹിതൻ ദൈവീക വാക്കുകൾ ഉൾക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയതിന് മറ്റൊരു കാരണം കൂടിയുണ്ട്. എനിക്കും എന്റെ ഭാര്യയ്ക്കും എന്റെ ചെറുപ്പത്തിൽ ഞങ്ങളുടെ കഴിവിനാൽസാധിക്കാതിരുന്നത് ഇപ്പോൾ

എങ്ങനെ നടക്കും എന്ന ചിന്ത അദ്ദേഹത്തെ ഭരിച്ചിരുന്നു (1:8). ഇത് സഖറിയാവിൽ മാത്രമുള്ള അനുഭവമല്ല. അനുദിന ജീവിതത്തിൽ നാം ഓരോരുത്തരും അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. ദൈവിക പ്രവർത്തനങ്ങളെ മനുഷ്യ ബുദ്ധികൊണ്ട് അളക്കുവാൻ ശ്രമിക്കുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. പരിമിതി ഇല്ലാത്ത ദൈവത്തെ നമ്മുടെ ബുദ്ധികൊണ്ട് പരിമിതീകരിക്കരുത്. "Don't limit the limitless God" എനിക്കു ചെയ്യാൻ കഴിയാത്തത് ദൈവത്തിന് ചെയ്യുവാൻ കഴിയുമെന്ന വിശ്വാസമാണ് ആത്മീയ സർഗ്ഗശക്തി. ഈ വിശ്വാസമുള്ളവനിലൂടെ എന്നും അത്ഭുതങ്ങൾ നടക്കും, ഇതില്ലാത്തവർക്ക് ജീവിതം എന്നും മരവിപ്പു മാത്രമായിരിക്കും. സഖറിയാവിന്റെ ശുശ്രൂഷാകാലം തികഞ്ഞു വീട്ടിലേക്ക് പോയി ഭാര്യയുമൊത്തുള്ള സ്വാഭാവീകബന്ധത്തിലാണ് കുഞ്ഞുണ്ടാകുന്നത്. (ലൂക്കോ. 1:24,25) ദൈവം പ്രവർത്തിക്കുന്നതൊക്കെയും ശാശ്വതം എന്ന് ഞാൻ അറിയുന്നു. ■



ഓർത്തഡോക്സ് യുവജനപ്രസ്ഥാനം കേന്ദ്ര റീജിയൻ സമ്മേളനവും സ്നേഹ സാഹോദര്യ ജ്വാലയും പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ, ഷാജി ഏബ്രഹാം കുവൈറ്റ്, അഡ്വ. ജയ്സി കരിങ്ങാട്ടിൽ തുടങ്ങിയവർ സമീപം.

## *For Favours Received*



Jefty James



Joseph & Linto




ഒരു വിശ്വാസി


## ST. MARY'S EMBROIDERY

**Palace Road, Changanacherry-686101, Kerala**

Prop: SAJU CHACKO

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

**വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.**

**ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു**



## ADMISSION TO M.TH. & D.TH. COURSES

### THE FEDERATED FACULTY FOR RESEARCH IN RELIGION AND CULTURE (FFRRC)

*An Ecumenical Post-Graduate and Research Centre*

(Affiliated to the Senate of Serampore College)

Applications are invited from eligible candidates (**II Class/Grade B** both in aggregate and respective discipline in which the candidate seeks to study) for admission to the **Master of Theology** courses for the Academic Session beginning in **June 2013.**

### *Master of Theology*

- **Old Testament**
- **New Testament**
- **Christian Theology**
- **Early Teachers of Faith (Patristics)**
- **Liturgical Theology**
- **History of Christianity**
- **Religion**
- **Pastoral Counseling**

Application forms may be obtained on payment of Rs. 400/ for M.Th. & Rs. 500/- for D.Th. courses by M.O./Demand Draft, for **Registar, FFRRC, Mar Thoma Theological Seminary, P.B. No. 287, Kottayam 686001**, Kerla. The last date of receiving application will be 30 November 2012. Candidates must submit their ***Senate Transcript*** along with the application form.

The Senate of Serampore College will conduct Common Entrance Test for D.Th. courses commencing from June 2012. Candidates who pass the examination will become eligible to apply for D.Th. courses. Candidates who pass the CET will only be invited for interview at FFRRC.

**Fr. Dr. Reji Mathew**
**Registrar, FFRRC.**



# പുസ്തകശാല

## ആർത്താറ്റ് പടിയോല

അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ



മലങ്കര സഭയുടെ സ്വാതന്ത്ര്യത്തെ പ്രഖ്യാപിക്കുന്ന ചെമ്പുതകിടിൽ എഴുതിയ പുരാതന രേഖയുടെ ചരിത്രവും വ്യാഖ്യാനവും. പ. കാതോലിക്കാ ബാവായുടെ ആശംസ. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ അവതാരിക. വില. 100.

## മാർ ഒസ്താത്തിയോസ് : അഞ്ചാമത്തെ സുവിശേഷം


ഫാ. ഡോ. റ്റി. പി. ഏലിയാസ്



മലങ്കരസഭാ രത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസിന്റെ ജീവിതവും ദർശനവും വശദീകരിക്കുന്ന ഗ്രന്ഥം സ്നേഹത്തിന്റെയും പങ്കുവെയ്ക്കലിന്റെയും പ്രവാചകനായ മാർ ഒസ്താത്തിയോസ് മിഷൻ ദർശനം സഭയിലും ജീവിതത്തിലും യാഥാർത്ഥ്യമാക്കി. അവതാരിക : ഡോ. യൂഹാനോൻ മാർ തേവോദോറോസ്, സോഫിയ ബുക്സ്, കോട്ടയം, വില. 100, പേജ് 200

## കാതോലിക്ക എന്ന് ചൊല്ലി വാഴ്ത്തി ഞായം


ഡോ. എം. കുര്യൻ തോമസ്



കാതോലിക്കേറ്റ് ശതാബ്ദി ആഘോഷ പശ്ചാത്തലത്തിൽ കാതോലിക്കേറ്റിന്റെ സ്ഥാനം ഉത്ഭവം, ചരിത്രം, വികാസം സ്ഥാന ചിഹ്നങ്ങൾ സാംസ്ക്കാരിക ചരിത്രം എന്നിവ വിശദീകരിക്കുന്നു. മലങ്കര നസ്രാണികളുടെ സ്വാതന്ത്ര്യവും സാംസ്ക്കാരിക പശ്ചാത്തലത്തിൽ അപഗ്രഥിക്കുന്നു. അവതാരിക- ഫാ. ഡോ. ജേക്കബ് കുര്യൻ, സോഫിയാ ബുക്സ് കോട്ടയം, വില 125, പേജ് 304

## പൗലോസ് മാർ സേവേറിയോസ്

അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ



കൊച്ചി ഭദ്രാസന കൊരട്ടി സീയോൻ സെമിനാരി അരമനസ്ഥാപകന്റെ ജീവചരിത്രം. പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ആശംസ. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ അവതാരിക. വില. 200

പുരാതന ദേവാലയങ്ങളിലൂടെ മലങ്കരസഭ മാസിക

# പഴമപ്പെരുമ



## കോട്ടയം ചെറിയപള്ളി

മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാന ദേവാലയം എന്നറിയപ്പെട്ട കോട്ടയം ചെറിയപള്ളി, കോട്ടയത്തും പരിസരങ്ങളിലുമുള്ള ഏതാണ്ട് എല്ലാ ദേവാലയങ്ങളുടേയും തലപ്പള്ളിയാണ്. ക്രിസ്തുവർഷം 1579-ലാണ് കോട്ടയം ചെറിയ പള്ളിയിൽ കർമ്മാനുഷ്ടാനങ്ങൾ ആരംഭിച്ചത്.

വ്യാപാര വികസനാർത്ഥം കോട്ടയം കോട്ടയത്തു കുടിയേറിയ നസ്രാണികളുടെ ആദ്യ പൊതുസ്ഥാപനം താഴത്തങ്ങാടിയിലെ വി. ബഹനാം സഹദായുടെ നാമത്തിലുള്ള കൽക്കുരിശാണ്. തുടർന്ന് ക്രിസ്തുവർഷം 1550-ൽ തെക്കുംകൂർ രാജാവ് ദാനം നൽകിയ സ്ഥലത്ത് കോട്ടയം വലിയപള്ളി സ്ഥാപിച്ചു. നസ്രാണികളുടെ ഇടയിലെ വടക്കും ഭാഗക്കാരും തെക്കും ഭാഗക്കാരും സംയുക്തമായാണ് വലിയപള്ളി സ്ഥാപിച്ചത്. എങ്കിലും കുറഞ്ഞോരുകാലത്തിനുള്ളിൽ ഇരുവിഭാഗവും തമ്മിൽ സൗന്ദര്യപിണക്കം ആരംഭിക്കുകയും ക്ഷണത്തിൽത്തന്നെ രൂക്ഷമാവുകയും ചെയ്തു.

ഈ സാഹചര്യത്തിൽ വടക്കുംഭാഗക്കാർ വലിയപള്ളി വിട്ടൊഴിയാൻ തീരുമാനിച്ചു. വലിയപള്ളിക്കു സമീപംതന്നെ വടക്കുംഭാഗക്കാർക്ക് ഒരു പള്ളി വെക്കുവാൻ 82 സെന്റ് സ്ഥലം തെക്കുംകൂർ രാജാവ് ദാനം നൽകി. അന്നു നസ്രാണികളുടെ ആത്മീയ ആചാര്യനായി കേരളത്തിലുണ്ടായിരുന്ന നെസ്തോറിയൻ മെത്രാൻ മാർ അബ്രഹാമിന്റെ അനുവാദത്തോടെ പള്ളിപണി ആരംഭിച്ചു. അമയന്നൂർ സ്വദേശി പുറങ്കാവിൽ ഔസേപ്പ് കത്തനാരാണ് പള്ളിപണിക്കു നേതൃത്വം നൽകിയതും ആദ്യ വികാരിയായതും. 1559 മകരം 13-നു വ്യാഴാഴ്ച വി. ദൈവമാതാവിന്റെ നാമത്തിൽ കുരിശുവെച്ച് കുർബാനചൊല്ലി. വലിപ്പംകൊണ്ടു വലുതാണെങ്കിലും കോട്ടയത്തുതന്നെ വി. ദൈവമാതാവിന്റെ നാമത്തിൽ ഒരു പള്ളി (വലിയപള്ളി) നിലവിലുണ്ടായിരുന്നതിനാൽ *ഇളയപള്ളി* എന്ന അർത്ഥത്തിലാണ് *ചെറിയ പള്ളി* എന്ന നാമം സിദ്ധിച്ചത്.

1708-ൽ കേരളത്തിലെത്തി 1731-ൽ കാലംചെയ്ത നെസ്തോറിയൻ മെത്രാൻ മാർ ഗബ്രിയേൽ ദീർഘകാലം താമസിച്ചതും 1731-ൽ കാലംചെയ്തു കബറടങ്ങിയതും ചെറിയപള്ളിയിലണ്. മലങ്കര മെത്രാന്മാരായ പുന്നത്ര ഗീവർഗീസ് മാർ ദീവന്നാസ്യോസ് ത്രിതീയൻ, ചേപ്പാട്ട് പീലിപ്പോസ് മാർ ദീവന്നാസ്യോസ് നാലാമൻ എന്നിവരെ കിടങ്ങൻ മാർ പീലക്സീനോസ് മേല്പട്ട സ്ഥാനത്തേക്കുയർത്തിയത് ഇവിടെവെച്ചാണ്. പുന്നത്ര മാർ ദീവന്നാസ്യോസ്, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ എന്നിവർ കാലംചെയ്തതും കോട്ടയം ചെറിയപള്ളിയിൽവെച്ചണ്. 1825 മെയ് 16-നു കാലം ചെയ്ത ഇടവകാംഗമായ പുന്നത്ര മാർ ദീവന്നാസ്യോസിനെ കബറടക്കിയിരിക്കുന്നതും ഇവിടെത്തന്നെയാണ്. അദ്ദേഹം വികാരിയായിരിക്കുമ്പോഴാണ് ഇന്നുകാണുന്ന പള്ളിമേട പണികഴിപ്പിച്ചത്.

ചിത്രപ്പണികളാൽ അലംകൃതമാണ് ചെറിയപള്ളിയുടെ മദ്ബഹാ. കേരളത്തിലെ ഏറ്റവും സുന്ദരമായ ക്രൈസ്തവ ചുവർചിത്രങ്ങൾ എന്ന് കലാചരിത്രകാരന്മാർ ഇവയെ വിലയിരുത്തിയിട്ടുണ്ട്. അനേകം ചരിത്ര ശകലങ്ങൾ പള്ളിപ്പരിസരത്ത് ചിതറിക്കിടപ്പുണ്ട്. ഡോ. ഫീലിപ്പോസ് മാർ തേയോഫീലോസ് മെത്രാപ്പോലീത്താ. യൂഹാനോൻ മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പ എന്നിവർ ഈ ഇടവകാംഗങ്ങളാണ്.

1876-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് പ. പത്രോസ് ത്രിതീയൻ കോട്ടയം ഭദ്രാസനം രൂപീകരിച്ചപ്പോൾ അതിന്റെ തലപ്പള്ളിയാക്കിയത് *കോട്ടയത്ത് ദൈവമാതാവിന്റെ ചെറിയപള്ളി*യാണ്. ഈ പള്ളിവക മാർ ബർസൗമ്മാ പുത്തൻ പള്ളിയിലാണ് 1889-ൽ കാലം ചെയ്ത അന്ത്യോഖ്യൻ മെത്രാൻ മാർ ശെമവൂൻ അത്താനാസ്യോസിനെ കബറടക്കിയിരിക്കുന്നത്.




## IV<sup>TH</sup> DEATH ANNIVERSARY

IN LOVING MEMORY OF

08-10-2012

**MR. K. K. JOHNSON**

**KUNNINPURATHU ALLAYIL**
**KOZHENCHERRY EAST P.O.**



*By Sorrowing Family,*


**Mrs. Mary Johnson**
**Abey K. Johnson, shigy Abey,**
**Jonathan Abey Johnson, David Abey Johnson,**
**Nathaniel Abey Johnson**
**CiBI K. Johnson, Romiya Cibi Johnson &**
**Danny Cibi Johnson**

## REV FR MATHAI PANAKKAL

PANAKKAL HOUSE, YESUDAS ROAD, KUNNAMKULAM

11-10-2012

IInd Anniversary of Entering The Heavenly Abode



Inserted by Loving Family



## നന്ദി...



മലങ്കരസഭാ മാസികയിൽ ഒരു വർഷം വചന ബോധനം എഴുതിയത് ഓർത്തഡോക്സ് സെമിനാരി പ്രൊഫസർ ഫാ. ജേക്കബ് മാത്യു കാരിച്ചാലാണ്. വേദവായനയ്ക്ക് നവീന ഭാഷ്യം പകർന്നതിൽ വായനക്കാരുടെയും പത്രാധിപ സമിതിയുടെയും ഹൃദയപൂർവ്വമായ നന്ദി.

## ഡോക്ടറേറ്റ് നേടി



റായ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും കൊമേഴ്സിൽ Ph.D നേടിയ കുറിയാക്കോസ് വി. കൊച്ചേരിൽ ഫാ. സി. കെ. വറുഗീസ്സിന്റെയും ഏലിയാമ്മയുടെയും പുത്രനാണ്. ഇപ്പോൾ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ അസിസ്റ്റന്റ് പ്രൊഫസർ.



ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ടൂർണമെന്റിലേക്കുള്ള ഇന്ത്യൻ ബാസ്ക്കറ്റ് ബോൾ ടീമിൽ ഏകമലയാളി താരം ബേസിൽ ഫിലിപ്പ് തെരഞ്ഞെടുക്കപ്പെട്ടു. മലബാർ ഭദ്രാസനത്തിൽ മൈക്കാവ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം പുന്നക്കൊമ്പിൽ ഫീലിപ്പോസിന്റെയും, എൽസിയുടെയും മകനാണ്.





മലങ്കരസഭ മാസിക പ്രാദേശിക കാര്യദർശികളായി പ്രവർത്തിക്കുന്ന പ്രസാദ് ഏബ്രഹാം വർഗീസും, ജെറിൻ ജേക്കബ് കോശിയും (യുവജന പ്രസ്ഥാനം കേന്ദ്ര പത്രാധിപസമിതിയംഗങ്ങൾ).



കോഴിക്കോട്: സഭയുടെ ഔദ്യോഗിക മാസികയായ മലങ്കരസഭ മാസികയുടെ ഇടവകതല പ്രചാരണ പരിപാടി ബിലാത്തിക്കുളം സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിൽ കേരളം, ലക്ഷദ്വീപ് എന്നിവയുടെ രജിസ്ട്രാർ ഓഫ് കമ്പനീസ് ആയ ജോസഫ് ജാക്സൻ നിർവ്വഹിക്കുന്നു. വികാരി ഫാ. ബോബി പീറ്റർ, ഡീ. ഏബ്രഹാം ജോൺ എന്നിവർ സമീപം.



ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# സമ്യഗ് ദർശനം

'താദാത്മ്യം' ആത്മീയത ഒരു താദാത്മ്യപ്പെടലാണ് ആയിരിക്കുന്ന അവസ്ഥകൾക്ക് ഭേദം വരുത്തുക. ദൈവത്തോടുള്ള താദാത്മ്യത്തിലേക്ക് വരുക.

രാമായണ നാടകാവതരണം രാജ്യമൊട്ടാകെ നടക്കാറുണ്ട്. ഒരു ഗ്രാമത്തിൽ നാടക അവതരണം സ്ഥിരമായി നടക്കുന്നു അതിനാൽ എല്ലാ വർഷവും ഒരേ ആളുകൾ തന്നെ അഭിനയിക്കുന്നു. യഥാർത്ഥ കഥയിൽ സീതയുടെ സ്വയം വരത്തിൽ ശൈവചാപം എടുത്തു കുലയ്ക്കണം അവിടെ രാവണൻ ശക്തനാണ് അയാൾക്ക് സാധിക്കും എന്നതിനാൽ അയാളെ സ്വയംവരത്തിൽ നിന്ന് ഒഴിവാക്കുവാൻ ഒരു കപട ദൂതൻ പറയുന്നു. "അങ്ങയുടെ രാജ്യം കത്തുകയാണ് അങ്ങ് ഇവിടെ എന്ത് ചെയ്യുകയാണ്". രാവണൻ തന്റെ രാജ്യത്തിലേക്ക് മടങ്ങി രാമൻ വില്ല് എടുത്ത് കുലയ്ക്കുകയും ഒടിക്കുകയും ചെയ്തു. അയാൾ സീതയെ വേൾകുന്നു.

നാടകത്തിൽ ദൂതൻ വന്ന് അങ്ങയുടെ രാജ്യം കത്തുകയാണ് എന്ന് പറയുമ്പോൾ രാവണനായി അഭിനയിക്കുന്നയാൾ പറയുന്നു. "നടക്കട്ടെ ഞാനത് കാര്യമാക്കുന്നില്ല. ഇത്തവണ ഞാൻ സീതയെ വേൾക്കുക തന്നെ ചെയ്യും ഈ കളിവേണ്ടത്രയായി" നാടക നടൻ സീതയായി അഭിനയിക്കുന്നയാളെ അത്രമേൽ ആഗ്രഹിച്ചു. നാടകം മറന്ന് പോയി. അയാൾ തടികൊണ്ട് ഉണ്ടാക്കിയ കൃത്രിമശൈവചാപം എടുത്ത് കുലച്ച് നിഷ്പ്രയാസം ഒടിച്ച് കളഞ്ഞു. എന്നിട്ട് അയാൾ ജനകനോട് പറഞ്ഞു സീത എവിടെ? കാണികൾ തരിച്ചിരുന്നു. രാവണൻ സീതയെ വിവാഹം കഴിച്ചാൽ കഥ ഒരു മിനിറ്റ് കൊണ്ട് തീർന്ന് പോകും. രാമൻ സീതയെ വിവാഹം കഴിക്കുന്നതും. രാവണൻ സീതയെ അപഹരിക്കുന്നതും. അതിനോട് അനുബന്ധിച്ചുള്ള യുദ്ധവും ഒക്കെയാണ് കഥയെ മുന്നോട്ട് നയിക്കുന്നത്.

ജനക വേഷം കെട്ടിയ ആൾ പരിചയ സമ്പന്നനായിരുന്നു. അയാൾ പറഞ്ഞു. "എന്റെ സേവനകർ ശരിയായ വില്ല് അല്ല കൊണ്ടുവന്നത്. യഥാർത്ഥവില്ല് ഇതല്ല. യഥാർത്ഥവില്ല് കൊണ്ട് വരിക" ക്രമീകരണങ്ങൾക്ക് വേണ്ടി കർട്ടൻ താഴ്ന്നു. രാവണന്റെ അലർച്ച കാണികൾക്ക് കേൾക്കാമായിരുന്നു. "സീതയെവിടെ ഇത്തവണ ഞാൻ തോൽക്കാൻ പോകുന്നില്ല" ശക്തരായ കുറെപ്പേർ അയാളെ കീഴ്പ്പെടുത്തി മയക്കികിടത്തേണ്ടി വന്നു. ഇല്ലെങ്കിൽ അയാൾ പ്രശ്നങ്ങൾ സൃഷ്ടിക്കുമായിരുന്നു. മറ്റൊരാൾ രാവണ വേഷം കെട്ടി നാടകം പൂർത്തീകരിച്ചു. ആദ്യം രാവണൻ ആയ ആൾ അത് നാടകമാണെന്ന് മറന്ന് പോയി അത്രമേൽ താദാത്മ്യം പ്രാപിച്ചു.

ആത്മീയത പങ്ക് വെക്കുന്ന താദാത്മ്യം പ്രാപിക്കൽ ദൈവീകമാണ് "ഞാൻ ഇതല്ല" എന്ന ആഴത്തിലുള്ള ആത്മ അവബോധത്തിൽ നിന്ന് ഉണ്ടാകേണ്ടതാണ് ഭൗതീക ജീവിതത്തിൽ ഏത് വേഷം ആണ് ഈശ്വരൻ നിശ്ചയിച്ചിട്ടുള്ളത് അതല്ല എന്റെ അനശ്വരമായ ഭാവം എന്ന തിരിച്ചറിവാണ്.

ശരീരത്തിന്റെ വേഷത്തോട് താദാത്മ്യപ്പെടാനല്ല ആത്മീയത പഠിപ്പിക്കുന്നത്. ആത്മാവിന്റെ വേഷത്തെ തിരിച്ചറിയാനാണ്. നമ്മുടെ ജീവിതം ആത്മാവിനേക്കാൾ ശരീരം വലുതാണ് എന്നപോലെയാണ്. ശരീരം മാത്രമേ നമുക്കുള്ളൂ എന്നപോലെയാണ് നാം ജീവിക്കുന്നത്. ശരീരത്തോട് ബന്ധിപ്പിച്ച് ആത്മാവിനെ കൂടെ ലോകത്തോട് താദാത്മ്യപ്പെടുത്തുവാനാനാണ് നാം ശ്രമിക്കുന്നത്.

നാം വെട്ടിപ്പിടിച്ച് കൂട്ടിവെച്ച് അതിന്റെ മുകളിൽ ചക്രവർത്തിയായി വാഴുന്നത്, അണികളെ ആജ്ഞ കൊണ്ട് നിലയ്ക്ക് നിർത്തി അധികാരക്കസേരയുടെ ദുരയിൽ അന്ധരാകുന്നത്, 'ജഡം' സുഖം എന്ന് വിളിച്ച് കൂവുമ്പോൾ നാവും, കണ്ണും, കാതും, ചിന്തയും, വികാരവുമെല്ലാം വ്യാളിപോലെ/വ്യാധിപോലെ രൂപാന്തരപ്പെടുന്നത്. ലോകത്തോട് താദാത്മ്യപ്പെട്ട് പോകുന്നതിന്റെ ദുരന്തമാണ്.

"ഒരു മൺകുടിലിൽ ജീവിച്ച് കൊണ്ട്. ചില വേഷങ്ങൾ ആണ് നാം കെട്ടുന്നത്. വേഷം തീരുമ്പോൾ മൺ അടരുകൾ പൊടിഞ്ഞ് വീഴും ആത്മാവ് വിൺകുടിലിന്റേതാണ്. ആത്മാവിൽ മണ്ണിന്റെ വേഷപകർച്ചകളിൽ താദാത്മ്യപ്പെടാത്തവർ ഭാഗ്യമുള്ളവർ"

E-mail: fr.thirumangalam@gmail.com



# LETTERS TO THE EDITOR

## വ്യക്തിനാമങ്ങൾ

കഴിഞ്ഞ ജൂലൈ ലക്കത്തിൽ ഈപ്പന്റെ ബൈബിൾ രൂപം സ്റ്റീപൻ ആണെന്നത്രെ ആ ലേഖനത്തിലുള്ളത്. “ഈപ്പൻ” എന്റെയും പേരാകയാലും അതിനെക്കുറിച്ച് ആധികാര്യമായി ബോദ്ധ്യ പ്പെട്ടിട്ടുള്ളതിനാലും അത് ചൂണ്ടിക്കാണിക്കുകയായിരുന്നു. ഞാനും എന്റെ പേരപ്പന്റെ മകൻ പി. ഈപ്പനും വൈദീകരായിത്തീർന്നു. പി. ഈപ്പനച്ചൻ 8–10 വർഷങ്ങൾക്കു മുമ്പ് നിര്യാതനായി. ഞങ്ങൾക്ക് ശെമ്മാശുപട്ടം (യൗവുപദ്യക്നോ) തന്നത് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടാകുന്നു. പട്ടംകൊടയ്ക്ക് മുമ്പ് ഉപദേശങ്ങൾ തന്ന കൂട്ടത്തിൽ ഈപ്പന്റെ മൂലരൂപം ഇയ്യോബ് ആണെന്നു പറഞ്ഞു തരികയും പട്ടംകൊട ശുശ്രൂഷയിൽ അങ്ങിനെ (ഇയ്യൂബ്) വിളിക്കയും ചെയ്തു. അതുകൊണ്ടാണ് ആധികാരികമായി ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നു എഴുതിയത്.

കുന്നംകുളം ഭാഗത്ത് “ഇയ്യോബു”മാരെ “ഈയ്യപ്പൻ” എന്നു വിളിക്കാറുള്ളത് അറിയാമല്ലോ. ആ ‘‘ഈയ്യപ്പൻ’’ നമ്മുടെ തെക്കൻ പ്രദേശത്തു എത്തിയപ്പോൾ ‘‘ഈപ്പൻ’’ ആയിതീർന്നത് മനസ്സിലാക്കാൻ പ്രയാസമില്ലല്ലോ.

നിധി അലക്സ് എം. നൈനാന്റെ മേല്പറഞ്ഞ ലേഖനത്തിൽ ഈപ്പന്റെ ബൈബിൾ രൂപം ചേർത്തിരിക്കുന്നത് ശരിയല്ലെന്നു ചിന്തിക്കുന്നു.

**ഫാ. പി.എം. ഈപ്പൻ,**
**തിരുവനന്തപുരം**

## ഗായകസംഘങ്ങൾ

ഗായകസംഘങ്ങളാണ് ആരാധന എന്നൊരു തെറ്റിദ്ധാരണ ഈയടുത്ത സമയത്ത് കടന്ന് കൂടിയിട്ടുണ്ട്. പ്രതിവാക്യങ്ങൾ പറയാൻ ജനത്തിന് അവസരം കിട്ടുന്നില്ല. ഏറെനാൾ ഗായകസംഘം ആരാധന അപഹരിച്ചത് കൊണ്ട്. പ്രതിവാക്യം പറയാൻ മുതിരാത്ത ആരാധക വൃന്ദത്തെയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇടക്കുർബ്ബാനകൾക്ക് അച്ചന്മാർ അതുകൊണ്ട് പ്രയാസപ്പെടുന്നുണ്ടാകണം. ‘ശ്രുതി’ മധുരമാണോ വേണ്ടത് ‘ഭക്ത’ ദായകമാണോ? ‘ശ്രുതി’യുടെ സർട്ടിഫിക്കറ്റുമായി ചില ഗായകസംഘങ്ങൾ ചെയ്ത് കൂട്ടുന്നത് അസഹനീയമാണ്. അച്ചന്മാരും തിരുമേനിമാരും വരെ ഗായകസംഘങ്ങളുടെ പ്രമോട്ടർമാരാകുന്നു. തട്ടുപൊളിപ്പൻ ‘റിഥം’ ഇല്ലാത്ത ലളിതമായ ശബ്ദമുള്ള ഈണങ്ങളിൽ ആരാധനയെ മനോഹരമാക്കിക്കൂടെ. ‘ശ്രുതി’ തട്ടുപൊളിപ്പൻ ടൂണുകൾമാറ്റി പൗരസ്ത്യ ആരാധനയ്ക്കിണങ്ങുന്ന ഉപകരണ സംഗീതം ഗവേഷണം ചെയ്ത് ഉണ്ടാക്കണം എന്നാണ് വിനീതമായ അഭിപ്രായം വിവാഹങ്ങൾ ആശീർവദിക്കുന്ന് പോലും ഗായകസംഘങ്ങളാണ്. ഈയടുത്ത് മാർത്തോമ്മാ സഭയുടെ തലവൻ ഉൾപ്പെടെ ചില തിരുമേനിമാർ കാർമ്മികരായ വിവാഹങ്ങളിൽ പങ്കെടുത്തപ്പോൾ കാണാൻ കഴിഞ്ഞ വസ്തുത. ഓർഗണിൽ ‘റിഥം’ ഇടുവാൻ അവർ സമ്മതിച്ചില്ല എന്ന് മാത്രമല്ല എല്ലാ പാട്ടുകളും മുഖ്യ കാർമ്മികൻ ആണ് ആദ്യം ചൊല്ലുന്നത് രണ്ടാം ഖണ്ഡം മാത്രമാണ് ഗായകസംഘം ചൊല്ലുന്നത്. എന്താണ് മലങ്കരസഭയ്ക്ക് ഈ ശൈലി കൈവിട്ട് പോയത്. മറ്റൊരു വിവാഹത്തിന് ഒരു തിരുമേനി ഗായകസംഘത്തെകൊണ്ട് ഓർഗൺ ഉപയോഗിച്ച് പാടിച്ചത് ക്രിസ്തീയ കീർത്തനങ്ങൾ മാത്രം. ശുശ്രൂഷയ്ക്കിടയിലെ പാട്ടുകൾ വാക്യ പ്രതിവാക്യമായി ഓർഗൺ ഉപയോഗിക്കാതെ ചൊല്ലിയതും ഹൃദ്യമായി മലങ്കരസഭയിലെ പിതാക്കന്മാരുടെയും വൈദികരുടെയും ശ്രദ്ധയിലേക്ക് ഞങ്ങൾക്ക് നിങ്ങളുടെ ശബ്ദത്തിൽ ആരാധന ആശീർവദിക്കുന്നതാണ് ആഗ്രഹം. നിങ്ങളെ ദൈവം ഏൽപ്പിച്ചു ഉത്തരവാദിത്വമാണ് പുരോഹിതൻ ഒരുക്കത്തോടെ ആശീർവദിക്കേണ്ടത് കച്ചവടക്കണ്ണോടെ ഗായകസംഘം ചെല്ലുന്നത് ശരിയാണോ. വിവാഹകൂദാശയുടെ കൂക്കിലിയോനുകൾ ആദിമ നീതിജ്ഞരെപോലുള്ള ആശീർവാദങ്ങൾ നിർബന്ധമായും കാർമ്മികൻ തന്നെ നിർവ്വഹിക്കണം എന്നാണ് ഞങ്ങൾക്കാഗ്രഹം.

**അച്ചൻകുഞ്ഞ് ആയൂർ.**

## സ്ത്രീകൾ ഭരണത്തിൽ

മലങ്കരസഭാ മാസികയിൽ ഇടവക ഭരണ സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സ്ത്രീകളുടെ ചിത്രം പ്രസിദ്ധീകരിച്ചത് കണ്ടു. ഇത് അത്ര വാർത്താ പ്രാധാന്യമുള്ള കാര്യമാണോ? സെക്കുലർ സമൂഹത്തിൽ സ്ത്രീ എല്ലായിടത്തും മുന്നിൽ നിൽക്കുന്ന സമയത്താണ് ഇങ്ങനെയൊന്ന്. പൊതുസമൂഹം സ്ത്രീകളെ രാഷ്ട്രീയം, ശാസ്ത്രം, മതം, എല്ലാ രംഗത്തു മാറ്റി നിർത്തിയ 50 ഓ 100 ഓ വർഷം മുമ്പ് ഇങ്ങനെ ഒരു പരിഗണന മലങ്കരസഭ ചെയ്തിരുന്നെങ്കിൽ അത് വാർത്താ പ്രാധാന്യം ഉള്ള ഒന്നാണ്. സ്ത്രീകളുടെ ഫോട്ടോ ഇടുവാൻ വേണ്ടി മാത്രം അങ്ങനെ ഒരു കോളം ആവശ്യമുണ്ടോ? നവീന സ്ത്രീകൾ ഇങ്ങ് കണ്ട് വരുന്ന ഒരു പ്രവണതയാണ് മിന്ന് മാല മാറ്റി വച്ചിട്ട് ‘മാച്ചിങ്ങ് ഓർണമെന്റ്’ ധരിക്കുന്നത് ചില ഫോട്ടോകൾ അങ്ങനെ കൂടെ കണ്ടപ്പോൾ അൽപ്പം പ്രയാസം തോന്നി. സ്ത്രീ സഭയുടെ ആരാധനാ ശക്തിയാണ്, കുടുംബത്തിന്റെ വിളക്കാണ്, കുഞ്ഞുങ്ങളിലൂടെ ഒരു സംസ്ക്കാരത്തിന്റെ പിറവിയാണ്. ഭരണസമിതിയിൽ വന്നതാണോ സ്ത്രീത്വത്തിന്റെ ഉയർച്ച നിർമ്മല വസ്ത്രധാരികളായ അമ്മച്ചിമാരുടെ പിൻതലമുറക്കാരാണ് നമ്മൾ ഭർത്താവിന്റെ നിഴലായി കുടുംബത്തിനും സഭയ്ക്കും കരുത്തായവരുടെ പിൻമുറക്കാർ. ഉന്നത സ്ഥാനീയരായ സ്ത്രീകളുടെ, സവിശേഷനേട്ടം കൈവരിച്ചവരുടെ ഫോട്ടോ ഇടുവാൻ വേണ്ടി മാത്രം അങ്ങനെ ഒരു കോളം ആവശ്യമുണ്ടോ? നവീന സ്ത്രീകൾ ഇങ്ങ് കണ്ട് വരുന്ന ഒരു പ്രവണതയാണ് മിന്ന്മാല മാറ്റി വച്ചിട്ട് “മാച്ചിങ്ങ് ഓർണമെന്റ്’’ ധരിക്കുന്നത് ചില ഫോട്ടോകൾ അങ്ങനെ കൂടെ കണ്ടപ്പോൾ അൽപ്പം പ്രയാസം തോന്നി. സ്ത്രീ സഭയുടെ ആരാധനാ ശക്തിയാണ്, കുടുംബത്തിന്റെ വിളക്കാണ്, കുഞ്ഞുങ്ങളിലൂടെ ഒരു സംസ്ക്കാരത്തിന്റെ പിറവിയാണ്. ഭരണസമിതിയിൽ വന്നതാണോ സ്ത്രീത്വത്തിന്റെ ഉയർച്ച നിർമ്മല വസ്ത്രധാരികളായ അമ്മച്ചിമാരുടെ പിൻതലമുറക്കാരാണ് നമ്മൾ ഭർത്താവിന്റെ നിഴലായി കുടുംബത്തിനും സഭയ്ക്കും കരുത്തായവരുടെ പിൻമുറക്കാർ. ഉന്നതസ്ഥാനീയരായ സ്ത്രീകളുടെ, സവിശേഷ നേട്ടം കൈവരിച്ചവരുടെ ഫോട്ടോ വരുന്നത് ഞങ്ങൾ ആദരവോടെ കാണുന്നു.

**ജീനാ കോശി,**
**തിരുവനന്തപുരം.**


## പാവം ‘മിന്ന്’

സ്നേഹത്തിന്റെയും പാതിവ്രത്യത്തിന്റെയും അടയാളമായ മിന്ന് ധരിക്കാത്ത സ്ത്രീകളുടെ ചിത്രങ്ങൾ മലങ്കരസഭാ മാസികയിൽ പ്രസിദ്ധീകരിക്കരുത് എന്ന് വിനീതമായി അപേക്ഷിക്കുന്നു.

ആധുനിക വേഷഭൂഷാതികൾക്ക് അനുരൂപമായി കാലങ്ങൾക്കുമുമ്പേ കൈപിടിച്ചയാൾ കഴുത്തിൽ ധരിപ്പിച്ച ആ വശുദ്ധ വസ്തു വളരെ നിസ്സാരമായി മാറ്റിവയ്ക്കുന്ന പ്രവണത ചില സ്ത്രീരത്നങ്ങളിലെങ്കിലും കണ്ടുവരുന്നുണ്ട്. അലങ്കാരങ്ങൾക്കനുസരിച്ച് മാറ്റാവുന്ന ഒന്നാണോ പരമപവിത്രമായ കെട്ടുതാലി.

മാച്ചിംഗ് ഓർണമെന്റ്സ് ധരിക്കരുത് എന്നൊന്നും പറയുന്നില്ല. പക്ഷേ പാവം മിന്നിനെ വെറുതേ വിട്ടേക്കൂ. പാവം അച്ചായനെയും!

**ബ്ലസ്സി ബാബുക്കുട്ടി,**
**നിലമ്പൂർ**



## ബാറേക് വ്കാദേശ്

വി. കുർബ്ബാനയിൽ അപ്പ വിഞ്ഞുകൾ വാഴ്ത്തുന്നതിന് ഉപയോഗിക്കുന്ന പദം. രണ്ടു വാക്കുകൾ വാവ് (and) എന്ന സുറിയാനി വിഭക്തി പ്രത്യയ (Preposition) മുപയോഗിച്ച് കൂട്ടിചേർത്തിരിക്കുന്നു, ബാറേക് എന്ന ക്രിയയുടെ അർത്ഥം 'വാഴ്ത്തി' എന്നും 'കാദേശ്' എന്നതിന് വശുദ്ധീകരിക്കുക, വെടിപ്പാക്കുക നിർമ്മലീകരിക്കുക എന്നൊക്കെയാണ് അർത്ഥം. ഈ വാക്കിൽ നിന്നാണ് 'കൂദാശ' എന്ന വാക്ക് വരുന്നത് ബാറേക് വ്കാദേശ് എന്നതിന് വാഴ്ത്തി ശുദ്ധീകരിച്ചു (Blessed and Sanctify) എന്നർത്ഥമാകുന്നു.

**ഫാ. മാത്യു വർഗീസ് (വിനു) അടൂർ**



പശ്ചിമബംഗാൾ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ജുഡീഷ്യൽ സയൻ സിൽ നിന്നും തൊഴിൽ നിയമത്തിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ മാത്യൂസ് പി. ജോർജ്. കോഴിക്കോട് ബിലാത്തിക്കുളം സെന്റ് ജോർജ് ഇടവകയിലെ ഡോ. കെ. എം. ജോർജിന്റെ മകൻ.



അഖിലമലങ്കര അഞ്ചാം ക്ലാസ്സ് മത്സര പരീക്ഷയിൽ റാങ്ക് നേടിയ ജെർലിൻ മറിയം പ്രസാദ്. കടമ്പനാട് സെന്റ് തോമസ് കത്തീഡ്രൽ നസ്രേത്ത് സൺഡേ സ്ക്കൂൾ വിദ്യാർത്ഥി. മാനാമ്പുഴ അഡ്വ. പ്രസാദിന്റെ മകൾ.



മുംബൈ ഐ.ഐ.റ്റി. യിൽ ഏറ്റവും മികച്ച വിദ്യാർത്ഥിക്കുള്ള അവാർഡ് പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിൽ നിന്നും കരസ്ഥമാക്കിയ ജോൺ ജോയി. പാലാരിവട്ടം സെന്റ് ജോർജ് വലിയ പള്ളിയിൽ എൻ.ജെ. ജോയിയുടെയും മേരി ജോയിയുടെയും മകൻ.

## വനിതാ പ്രതിനിധികൾ



ആലീസ് ബാബു



മായാ മാത്യു



സുമാ മാമ്മൻ

എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഭരണ സമിതിയംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികൾ



### ആയുർ ദർശനം

**ഡോ. കെ. എം. അനൂപ്**

# സദ്വൃതം

ആയുർവേദം ലോക കല്യാണത്തിനായി അവതരിപ്പിക്കുന്ന ശ്രദ്ധേയവും കാലിക പ്രസക്തവുമായ വിഷയമാണ് സദ് വൃതം. സദ് വത്തം അഥവാ സദാചാരം എന്നത് ഒരു വ്യക്തി അവനവന്റെയും സമൂഹത്തിന്റെയും നന്മയ്ക്കും ആരോഗ്യത്തിനുമായി ചെയ്യേണ്ടുന്ന കർമ്മങ്ങളാണ്. ഒരു സമൂഹ ജീവിയായ മനുഷ്യൻ പരോപകാരപ്രദനായി വേണം പ്രവർത്തിക്കുവാൻ. അവനനവന്റെ നന്മയ്ക്കായി ചെയ്യുന്നത് അപരന് ദോഷം ഉണ്ടാകില്ലന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സ്വാർത്ഥ ബുദ്ധിയോടെയുള്ള പ്രവർത്തനങ്ങളാണ് ഇന്നത്തെ നമ്മുടെ രാഷ്ട്ര ദുരവസ്ഥയ്ക്ക് കാരണം. ഒരുവൻ കുൽസിത മാർഗ്ഗത്തിലൂടെ ധനവും പ്രസക്തിയും സമ്പാദിക്കുമ്പോൾ, സമൂഹത്തിനും അവന്റെ തന്നെ വരാനിരിക്കുന്ന തലമുറകൾക്കും ആ പ്രവർത്തിയിലൂടെ അവൻ വരുത്തി വയ്ക്കുന്ന പ്രവർത്തികളെക്കുറിച്ച് ചിന്തിക്കുന്നതേയുള്ളു. ജീവിതത്തിൽ ധനം അത്യന്താപേക്ഷിതമാണ്. എന്നാൽ സഹ ജീവികൾക്കും, പ്രകൃതിയ്ക്കും അതിന്റെ സന്തുലിതാവസ്ഥയ്ക്കും കോട്ടംവരുത്തുമാറുള്ള ധനസമ്പാദനം മനുഷ്യനെ അവന്റെ സമൂലമായ നാശത്തിലേക്കായിരിക്കും നയിക്കുക.

നമ്മുടെ ദൃഷ്ടി നമ്മളിൽ തന്നെ ഒതുക്കാതെ ഒരു നൂറു വർഷത്തേയ്ക്കും ഒരായിരം വരും തലമുറകളിലേക്കും വ്യാപിപ്പിച്ചുകൊണ്ട് പ്രവർത്തിച്ചുതുടങ്ങുമ്പോൾ ആചാര്യന്മാരുടെ/ ഋഷീശ്വരന്മാരുടെ ദീർഘദൃഷ്ടി നമുക്കും സ്വായത്തമാക്കാം. ഇനി നമുക്ക് വിഷയത്തിലേക്ക് കടക്കാം. "സുഖാർത്ഥ സർവ്വധൂതാനാം മതാസ്സർവ്വാഃ പ്രവർത്തയഃ സുഖം ച വിനാ ധർമ്മാത്തസ്മാ ദ്ധർമ്മപരോഭവേൽ ഭക്ത്യാ കല്യാണമിത്രാണിസേവേതേത രദൂരഗഃ" ആരെന്തു ചെയ്യുന്നതും അവരവരുടെ സുഖത്തിനുവേണ്ടിയാണ്. സുഖമുണ്ടാകണമെന്നുള്ള ഉദ്ദേശത്തിന് മേലല്ലാതെ ആരും ഒന്നും ചെയ്യുന്നില്ല. പക്ഷേ ആ പ്രവർത്തി ധർമ്മാനുസൃതമാണെങ്കിൽ മാത്രമേ ഉദ്ദിഷ്ടമായ സുഖം അനുഭവയൊഗ്യമായി വരികെയുള്ളു. അല്ലാത്തപക്ഷം അതു തന്നെ ദുഃഖകാരണമായി തീരും.

"അക്ഷ്ഠ ദ്രവൃത്തി ..... പൂജ്യായഥോത്തരം (9 അ.സം സൂത്ര 8/85)"

നിന്ദ്യമായ പ്രവർത്തി ചെയ്യാത്തവനും, ആശ്രയിക്കുന്നവരെ തുണയ്ക്കുന്നവനും, മാതാപിതാക്കൾക്കും, മുതിർന്നവർക്കും ആഹാരം നല്കുന്നവനും, അലിവുള്ള മനസ്സുള്ളവനും, കോപിച്ചിരിക്കുന്നവരെ സമാധാനിപ്പിക്കുന്നവനും, പരിചയമുള്ളവരോട് ആദ്യം അങ്ങോട്ട് സംഭാക്ഷണം തുടങ്ങുന്നവനും പ്രസന്നമായ മുഖമുള്ളവനും, നല്ല ശീലങ്ങൾ ഉള്ളവനും പൂജ്യന്മാരെ പൂജിക്കുന്നവനും സദാ ധനം, ബന്ധം, ആയുസ്സ്, വിദ്യ എന്നിവകൊണ്ട് അനുഗ്രഹിക്കപ്പെടുന്നു. മര്യാദയും സദാചാരവും അവനവന്റെ നന്മയ്ക്കു വേണ്ടി തന്നെയുള്ളതാകുന്നു. അതിനെ നിന്ദിക്കുന്നവൻ അവനവനെതന്നെയാണ് ദ്രോഹിക്കുന്നത്.

"ധർമ്മമർഥ്യം പ്രിയം.... നോപതാപവാൻ" ധർമ്മത്തിനൊത്തതും, അർത്ഥമുള്ളതും, പ്രീതിയെ ഉണ്ടാക്കുന്നതും, സത്യമായതും മിതവും നന്മയ്ക്കുതകുന്നതുമായ വാക്കു പറയണം. മനോഹരമായ രീതിയിൽ പ്രസന്നമായി ചിരിച്ചുകൊണ്ട് സംസാരിക്കണം. അവനവനെ നിന്ദിക്കുകയോ, സ്തുതിക്കുകയോ ക്ലേശിപ്പിക്കുകയോ അരുത്. തൊഴിൽ, സ്വത്ത്, ദേഹബലം, പഠിപ്പ് എന്നിവയിൽ തന്നെക്കാൾ താഴ്ന്നവരെ അപമാനിക്കരുത്. ഒരാളേയും തന്റെ ശത്രുവാണെന്ന് വെളിപ്പെടുത്തരുത്. താൻ മറ്റൊരാളിന്റെ ശത്രു വാണെന്നും പറയരുത്.

"പാപം പാപേപ്രി നാചരേൽ..... പ്രസാധയേത് ! "(അ.സം സൂത്രം 3/88-95)

പാപിയായ ഒരുവൻ ആണെങ്കിൽ പോലും അവനോട് പാപം ചെയ്യരുത്. സമ്പ്രദായത്തിനനുസരിച്ച് അലങ്കരിക്കപ്പെട്ട തലമുടി, വാക്ക്, വേഷം എന്നിവയുള്ളവനും ശാന്തിയും സമാധാനവും സദാ പാലിക്കുന്നവനുമാകണം. മുഖം മറയ്ക്കാതെ ചിരിക്കുകയോ, തുമ്മുകയോ, കോട്ടുവായിടുകയോ, മൂക്ക് തോണ്ടിക്കോണ്ടിരിക്കരുത് , പല്ലുകൾ കൂട്ടിക്കടിക്കരുത്. മുഖവും, നഖവും, കാലും, മലമാർഗ്ഗവും ശുചിയായി വെച്ചിരിക്കണം. നഗ്നയേയും അന്യന്റെ ഭാര്യയേയും നോക്കരുത്. സ്വന്തം ഭാര്യയെ ഈർഷം കൂടാതെ സംരക്ഷിക്കണം. തോന്നിയപോലെ ജീവിക്കുന്നവളെ കൂടെ പൊറുപ്പിക്കരുത്. വൃത്തിയോടെ അല്ലാതെ പഠിക്കുകയോ, ഉറങ്ങുകയോ യാത്ര ചെയ്യുകയോ അരുത്. "സമ്പദ്വിപത്സ്വേകമനാ....!" സമ്പത്തിലും ആപത്തിലും ഒരെ മനസ്സോടുകൂടിയായിരിക്കണം. അതായത് സമ്പത്തിൽ മതിമറന്ന് സന്തോഷിക്കുകയോ, ആപത്തിൽ ദുഃഖിക്കുകയോ ചെയ്യരുത്. നിത്യ വൃത്തിയ്ക്ക് വകയില്ലാത്തതുകൊണ്ടും രോഗം കൊണ്ടും മറ്റു ദുഃഖങ്ങൾ കൊണ്ടും ആർത്തരായവരെ തന്റെ ശക്തിക്കുതക്ക വണ്ണം സഹായിക്കണം. ധർമ്മം പാലിച്ചുകൊണ്ട് നേടിയ ധനം തികയാത്തതുകൊണ്ട് ദാനധർമ്മങ്ങൾ ചെയ്യാൻ കഴിയാത്തവനായാൽ പോലും സ്വർഗ്ഗമോക്ഷങ്ങൾ അവന് ലഭിക്കുമെന്നാണ് ആയുർവേദം പറയുന്നത്.

(9946661101)

# എറണാകുളത്ത് മഹാസംഗമം

## ദലൈലാമയും, ഡോ. എ.പി.ജെ. അബ്ദുൾ കലാമും പ്രസംഗിക്കുന്നു

**കോട്ടയം:** മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ടതിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നവംബർ 25-ന് എറണാകുളം മറൈൻ ഡ്രൈവിൽ നടക്കുന്ന മഹാസമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിക്കും. വിവിധ സഭാ പ്രതിനിധികളും കേന്ദ്ര സംസ്ഥാന മന്ത്രിമാരും ചടങ്ങിൽ പങ്കെടുക്കും. ഓർത്തഡോക്സ് സഭയുടെ എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കുന്ന മഹാസമ്മാളനമാണ് എറണാകുളത്ത് നടക്കുന്നത്.

ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി 'ഭാരതീയം'-'മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര' എന്ന പേരിൽ അറിയപ്പെടുന്ന സന്ദേശയാത്ര ഒക്ടോ. 20-ന് തിരുവിതാംകോടുനിന്ന് ആരംഭിക്കും. തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര-പുനലൂർ, അടൂർ-കടമ്പനാട്, മാവേലിക്കര, ചെങ്ങന്നൂർ, തുമ്പമൺ, നിലയ്ക്കൽ ഇടുക്കി എന്നീ ഭദ്രാസനങ്ങളിലൂടെ ഒക്ടോ. 27-ന് നിരണം ഭദ്രാസനത്തിലെത്തിച്ചേരുന്നതും പരുമലയിൽ സമാപിക്കുന്നതുമാണ്.

നവം. 4-ന് മൈലാപ്പൂരിൽ നിന്ന് ആരംഭിക്കുന്ന വടക്കൻ മേഖലാ സന്ദേശയാത്ര ചെന്നൈ, ബാംഗ്ലൂർ, ബ്രഹ്മവാർ ഭദ്രാസനങ്ങളിലൂടെ സുൽത്താൻബത്തേരി ഭദ്രാസനത്തിലെത്തിച്ചേരുന്നു. അവിടെ നിന്ന് മലബാർ, കുന്നംകുളം, തൃശൂർ, കൊച്ചി, അങ്കമാലി, കണ്ടനാട് ഭദ്രാസനങ്ങളിലൂടെ കോട്ടയം ഭദ്രാസനത്തിലെത്തിച്ചേരുന്നതും കോട്ടയം പഴയ സെമിനാരിയിൽ നവം. 14-ന് സമാപിക്കുന്നതുമാണ്.

സന്ദേശയാത്ര കടന്നുപോകുന്ന ഭദ്രാസനങ്ങളിലെല്ലാം അതതു ഭദ്രാസനത്തിലെ പ്രധാന ദേവാലയങ്ങൾ സന്ദർശിക്കുന്നതും ഭദ്രാസനങ്ങളുടെ ആഭിമുഖ്യത്തിൽ പൊതുസമ്മേളനങ്ങൾ നടത്തുന്നുമാണ്.

കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ ചെയർമാനായും ഫാ. ഡോ. എം.ഒ. ജോൺ കൺവീനറായും, മാത്യു ചെറിയാൻ, സണ്ണി പുഞ്ചമണ്ണിൽ എന്നിവർ ജോയിന്റ് കൺവീനറായും ഭദ്രാസന സെക്രട്ടറിമാരും ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി സന്ദേശയാത്രയുടെ സുഗമമായ നടത്തിപ്പിന് പ്രവർത്തിക്കുന്നു. അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ് തെക്കൻ മേഖലാ സന്ദേശയാത്രയുടെയും വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് വടക്കൻ മേഖലാ സന്ദേശയാത്രയുടെയും അത്മായ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ് ബാഹ്യകേരളാ സന്ദേശയാത്രയുടെയും ക്യാപ്റ്റന്മാരായിരിക്കും.

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി വിവിധ ഭദ്രാസനങ്ങളും പല പ്രമുഖ ഇടവകകളും പ്രത്യേകം പരിപാടികൾ നടത്തുന്നുണ്ട്.

### ഭാരതീയം മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്നസന്ദേശയാത്ര തിരുവിതാംകോട്ടുനിന്നും മലാപ്പൂരിൽനിന്നും ആരംഭിക്കും.

**തെക്കൻ മേഖലാ സന്ദേശയാത്ര**

**ഒക്ടോ. 20**-തിരുവിതാംകോട്, തിരുവനന്തപുരം, **ഒക്ടോ. 21** – ആയൂർ, ചെറുവക്കൽ, ചെങ്കുളം, ചാത്തന്നൂർ, നല്ലില, കുണ്ടറ കൊല്ലം; **ഒക്ടോ. 22**– ശാസ്താംകോട്ട, പുത്തൂർ, അമ്പലത്തുംകാല, കൊട്ടാരക്കര, പുനലൂർ; **ഒക്ടോ. 23**–പത്തനാപുരം, അടൂർ, കടമ്പനാട്, കരുവാറ്റ, കറ്റാനം, കായംകുളം, ചേപ്പാട്; **ഒക്ടോ. 24**–ഹരിപ്പാട്, കാർത്തികപ്പള്ളി, പള്ളിപ്പാട്, പത്തിച്ചിറ, മാവേലിക്കര, ചെങ്ങന്നൂർ പുത്തൻകാവ്, പന്തളം; **ഒക്ടോ. 25**–തുമ്പമൺ, കൈപ്പട്ടൂർ, ഓമല്ലൂർ, മുള്ളനിക്കാട്, ചന്ദനപ്പള്ളി, മല്ലശ്ശേരി, കോന്നി, കുമ്പഴ, പത്തനംതിട്ട; **ഒക്ടോ. 26**–കോഴഞ്ചേരി, റാന്നി, പീരുമേട്, കുമളി, കട്ടപ്പന; **ഒക്ടോ. 27**–വെണ്ണിക്കുളം, തിരുവല്ല, നിരണം, പരുമല സമാപനം.

**വടക്കൻമേഖലാ സന്ദേശയാത്ര**

**നവം. 4 മുതൽ 7 വരെ** മൈലാപ്പൂർ, ചെന്നൈ, ബാംഗ്ലൂർ, മൈസൂർ, മംഗലാപരും, ബ്രഹ്മവാർ; **നവം. 8**–കണ്ണൂർ, കേളകം, മാനന്തവാടി, ബത്തേരി; **നവം. 9**–പുതുപ്പാടി, കോഴിക്കോട്, നിലമ്പൂർ; **നവം. 10**–കുന്നംകുളം,തൃശൂർ,കൊരട്ടി; **നവം. 11**–കൊരട്ടി, കൊച്ചി; **നവം. 12**–അങ്കമാലി; **നവം. 13**–കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്; **നവം. 14** – കോട്ടയം.

# ഗീവർഗീസ് ദ്വിതീയൻ ബാവാ: സഭയെ പ്രകാശിപ്പിച്ച സൂര്യതേജസ്സ്



**കുറിച്ചി:** മലങ്കരസഭയെ പ്രകാശിപ്പിച്ച സൂര്യ തേജസ്സായിരുന്നു ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെന്ന് ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത പറഞ്ഞു.

ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മെത്രാഭാഷേക ശതാബ്ദി സമ്മേളനം കുറിച്ചി വലിയ പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

യൂഹാനോൻ മാർ പോളിക്കാർപ്പോസ് അധ്യക്ഷത വഹിച്ചു. ശതാബ്ദി കൺവീനർ ഫാ. ഡോ. റ്റി. ജെ. ജോഷ്വാ സ്വാഗതവും മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ കുറിച്ചി ബാവാ ഫൗണ്ടേഷൻ ഉദ്ഘാടനം ചെയ്തു. ഫൗണ്ടേഷന്റെ പ്രഥമ അവാർഡ് (25,000 രൂപ) ഡോ. കെ. ഐ. ഫിലിപ്പ് റമ്പാന് മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ബഞ്ചമിൻ കോശി സമ്മാനിച്ചു. വൈദിക സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ജേക്കബ് കുര്യൻ പ. ബാവായെക്കുറിച്ചുള്ള പ്രബന്ധം അവതരിപ്പിച്ചു. ഏബ്രഹാം മാർ സെറാഫിം, ജോഷ്വാ മാർ നിക്കോദിമോസ്, വൈദിക ട്രസ്റ്റി ഫാ. ജോൺസ് ഏബ്രഹാം കോനാട്ട്, കൊടിക്കുന്നിൽ സുരേഷ് എം.പി., സി.എഫ് തോമസ് എം.എൽ.എ., മോൻസ് ജോസഫ് എം.എൽ.എ., ഫാ. ജോൺ ശങ്കരത്തിൽ എന്നിവർ പ്രസംഗിച്ചു.

## രാഷ്ട്രപതിയുടെ ജോയിന്റ് സെക്രട്ടറി



**ന്യൂഡൽഹി:** രാഷ്ട്രപതിഭവനിൽ ജോയിന്റ് സെക്രട്ടറി ആയി നിയമിതനായ തോമസ് മാത്യു.

1983 ഐഎഎസ് ബാച്ചിലെ കേരളാ കേഡർ ഉദ്യോഗസ്ഥനാണ്. രാഷ്ട്രപതിയുടെ ഭരണഘടന സംബന്ധമായ വിഷയങ്ങളുടെ ചുമതലയാണ് ജോയിന്റ് സെക്രട്ടറി വഹിക്കുക.

ഹരിപ്പാട് കാർത്തികപ്പള്ളി വലിയ വീട്ടിൽ കുടുംബാംഗമാണ്. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിൽ ജോയിന്റ് സെക്രട്ടറി സ്ഥാനം വഹിച്ചിരുന്നു.



ബാഹ്യകേരള വൈദിക സംഘം കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ഫാ. സി.എ. ഐസക്ക് (ചെന്നൈ), അസി. കോ-ഓർഡിനേറ്റർ ഫാ. സജി യോഹന്നാൻ (ഡൽഹി).

# മലയാള ബൈബിൾ പരിഭാഷയുടെ ദ്വിശതാബ്ദി



**തിരുവനന്തപുരം:-** വിശുദ്ധ വേദപുസ്തകം മലയാളത്തിലേക്കു വിവർത്തനം ചെയ്തതിന്റെ സ്മരണ പുതുക്കി പുസ്തകത്തിന്റെ ദ്വിശതാബ്ദി ആഘോഷിച്ചു. സുറിയാനി ഭാഷയിൽ നിന്നു വേദപുസ്തകം ആദ്യമായി മലയാളത്തിലേക്കു വിവർത്തനം ചെയ്ത കായംകുളം ഫിലിപ്പോസ് റമ്പാന്റെ ഇരുനൂറാം ചരമ വാർഷികാചരണവും നടത്തി. അടൂർ-കടമ്പനാട് ഭദ്രാസനത്തിന്റെ നേതൃത്വത്തിലായിരുന്നു ആഘോഷ പരിപാടികൾ.

രാജ്യസഭ ഉപാധ്യക്ഷൻ പ്രൊഫ. പി. ജെ. കുര്യൻ ഉദ്ഘാടനം ചെയ്തു. ഇംഗ്ലീഷ് വിദ്യാഭ്യാസവും തുറന്ന വേദപുസ്തകവുമാണു കേരളത്തിൽ നവീകരണം ക്രൈസ്തവ സമൂഹത്തിനു മാത്രമല്ല, കേരളത്തിനൊട്ടാകെ പ്രയോജനം ചെയ്തുവെന്ന് അദ്ദേഹം പറഞ്ഞു. സാർവലൗകിക ചിന്തയാണു ക്രൈസ്തവർക്കുണ്ടായിരുന്നതെന്ന്. ഇന്ത്യയെ ഒന്നിപ്പിക്കുന്നതിൽ അതു പ്രേരണ നൽകിയെന്നു പ്രഭാഷണം നടത്തിയ മന്ത്രി കെ. എം. മാണി പറഞ്ഞു. സമാധാനം പുനസ്ഥാപിക്കാൻ, മതേതരത്വം ഉറപ്പിക്കാൻ എല്ലാം വിശുദ്ധ വേദപുസ്തകം ഇടയാക്കിയെന്നു മാണി പറഞ്ഞു. ഫിലിപ്പോസ് റമ്പാന്റെ പേരിൽ ഏർപ്പെടുത്തിയ പുരസ്ക്കാരം ഡോ. പിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായ്ക്കു സമ്മാനിച്ചു.

യേശുവിനെ കാണുന്നതു വേദപുസ്തകത്തിൽ കൂടി ആയതിലാണ് എല്ലാ സഭകളും അതിനെ സ്വീകരിച്ചതെന്നു മറുപടി പ്രസംഗത്തിൽ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം പറഞ്ഞു. സഭകളെ യോജിപ്പിച്ചു നിർത്തുന്നതു വേദപുസ്തകമാണ്. അല്ലറചില്ലറ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും സഭകളുടെ അടിസ്ഥാന വിശ്വാസം ഒന്നാണെന്ന് അദ്ദേഹം പറഞ്ഞു. ഫിലിപ്പോസ് റമ്പാനെ കുറിച്ചു തയാറാക്കിയ പുസ്തകം സാഹിത്യ അക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരൻ പ്രകാശനം ചെയ്തു.

ഓർത്തഡോക്സ് സഭ തിരുവനന്തപുരം ഭദ്രാസനാധിപൻ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് അദ്ധ്യക്ഷനായിരുന്നു. അടൂർ കടമ്പനാട് ഭദ്രാസനാധിപൻ ഡോ. സഖരിയാ മാർ അപ്രേം, മലങ്കര കത്തോലിക്ക മാവേലിക്കര രൂപതാധ്യക്ഷൻ ഡോ. ജോഷ്വ മാർ ഇഗ്നാത്തിയോസ്, സി.എസ്.ഐ. ദക്ഷിണ കേരള മഹായിടവക ബിഷപ്പ് റവ. എ. ധർമരാജ് റസാലം, തോമസ് മാർ തിമോത്തിയോസ്, മുൻ ചീഫ് സെക്രട്ടറി ഡോ. ബാബു പോൾ, ജോസഫ് സാമുവൽ കറുകയിൽ കോർ എപ്പിസ്ക്കോപ്പ, അടൂർ കടമ്പനാട് ഭദ്രാസന സെക്രട്ടറി ഫാ. തോമസ് മാത്യു, ഫാ. പി.ജി. കുര്യൻ, ഫാ. പി.ജി. ജോസ്, പ്രൊഫ. ഡി.കെ. ജോൺ, ഡോ. എം. കുര്യൻ തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.



നവജ്യോതി മോംമ്സിന്റെ ആഭിമുഖ്യത്തിൽ സഭയിലാകമാനം 'കാർഷിക പദ്ധതി' എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'അനുഗ്രഹം' കാർഷിക കൂട്ടായ്മ 2012 ആഗസ്റ്റ് 28-ന് ദേവലോകത്ത് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.



*കല്ലൂപ്പാറ സെന്റ് മേരീസ് വലിയ പള്ളിയിൽ നടന്ന സൺഡേസ്ക്കൂൾ അദ്ധ്യാപക സംഗമം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഫാ. കെ. വി. തോമസ്, ഫാ. ഡോ. ഒ. തോമസ്, പി.എച്ച്. കുര്യൻ IAS, ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. യൂഹാനോൻ ക്രിസോസ്റ്റമോസ് എന്നിവർ സമീപം.*

പിൻമൊഴി

# കൈവിട്ടുപോയ
# കണക്കുകൾ

I

**മു**പ്പതുവർഷം മുമ്പ് ഒരു ഇല്ലായ്മക്കാരൻ ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും 15,000 രൂപാ വസ്തു ഈടിന്മേൽ വായ്പ എടുക്കുന്നു.... വായ്പ വാങ്ങിയയാൾ തിരുവനന്തപുരം സ്വദേശി തമ്പിരാജ്. ഭാര്യ ശോഭന, രണ്ട് മക്കൾ, (സെപ്റ്റം. 26-ലെ വാർത്ത)

II

വായ്പ തിരിച്ചടവ് വൈകിയതിന്റെ പേരിൽ കടമീടാക്കൽ നടപടി പ്രകാരം 19,500 രൂപാ ഈടാക്കാൻ വിധിയാകുന്നു. ബാങ്ക് വസ്തു ഏറ്റെടുത്തു, അത് വാടകയ്ക്കു നൽകി, പിന്നീടതു വിറ്റു. ഇതിനിടെ തമ്പിരാജ് മരിച്ചു. ഭാര്യ നിത്യരോഗിയായി. മക്കളിലൊരാൾക്ക് മാനസിക രോഗം.

III

കുടുംത്തിന്റെ അവസ്ഥ പരിഗണിച്ച് വാടക ഇനത്തിലും വിൽപന ഇനത്തിലും ബാങ്കിന് കിട്ടിയ ലക്ഷങ്ങളുടെ ലാഭവിഹിതം കുടുംബത്തിന് നൽകുന്ന കാര്യം പരിഗണിക്കണമെന്ന് കോടതി വിധി. ശീതീരിച്ച മുറിയിലിരുന്ന ഉന്നത ഉദ്യോഗസ്ഥർ ജീവിതത്തെ ശപിച്ചു കഴിയുന്ന ആ സാധു കുടുംബത്തിന്റെ അപേക്ഷയെ അവജ്ഞയോടെ തള്ളി ചർച്ച ചെയ്തു രസിച്ചു.

IV

മുപ്പത് വർഷം മുമ്പ് കൊടുത്ത പതിനയ്യായിരം രൂപയ്ക്ക് പകരം ബാങ്കിന് വാടക വില്പന ഇനത്തിലായി 11,51,601 രൂപാ കിട്ടി. അടയ്ക്കാനുണ്ടായിരുന്ന തുക വെറും 19,500 രൂപയെന്നോർക്കണം. കോടതി നിർദ്ദേശത്തിന് തങ്ങൾ കൃത്യമായി ആദായ നികുതി അടയ്ക്കുന്നുവെന്നും, മറ്റ് ജീവകാരുണ്യപ്രവർത്തികൾ ചെയ്യുന്നുവെന്നും കനപ്പെട്ട ഒരു മറുപടി നൽകി.

V

നീതിപീഠം ഇടപെട്ടു. ആറര ലക്ഷം രൂപാ തിരിച്ചുനൽകണമെന്ന് കർശനവിധി നൽകി. ഒരു അത്താഴപ്പട്ടിണിക്കാരന്റെ ശവപ്പെട്ടിയിൽ ഒരു ദേശസാൽകൃതബാങ്ക് അവസാനത്തെ ആണി അടിക്കുന്നത് അങ്ങനെ കോടതി തടഞ്ഞു.

ഒരു അക്കൗണ്ട് ട്രാൻസ്ഫർ ചെയ്യാൻ 20 വട്ടം നടത്തിക്കുന്നതും ഒരു കൊച്ചു വള പണയം വയ്ക്കാൻ അര ദിവസം നിൽക്കേണ്ടി വരുന്നതും ഉരച്ചു നേക്കുന്ന ആപ്പീസർ സാർ, സംശയദൃഷ്ടിയോടെ ഒരു കള്ളനെ എന്നതുപോലെ ഉപഭോക്താവിനെ ക്വസ്റ്റ്യൻ ചെയ്യുന്നതും ഒരു വൃദ്ധന്റെ കൈവിറയലിൽ ഒപ്പിന്റെ അഗ്രം വളഞ്ഞതിനാൽ അയാളുടെ ചെക്ക് റിജക്ട് ചെയ്യുന്നതും നോൺ പെർഫോമിംഗ് അസറ്റ് മസ്സിലിട്ട് വിദ്യാഭ്യാസ ലോണുകൾ തള്ളിക്കളയുന്നതും ദുർബലരുടെ വസ്തു ജപ്തി ചെയ്യുമ്പോൾ വൻ തോക്കുകളുടെ കോടികൾ എഴുതിത്തള്ളുന്നതും നിക്ഷേപകരേയും വായ്പാർത്ഥികളേയും രണ്ടു കണ്ണാൽ വീക്ഷിക്കുന്നതും കസ്റ്റമർ കെയർ എന്ന പദം തൊട്ടു തീണ്ടാതെ സർക്കാർ ഉദ്യോഗസ്ഥരെപ്പോലെ മുഖം കറുപ്പിക്കുന്നതും ഒക്കെ പോരാഞ്ഞ് പാവപ്പെട്ടവന്റെ അന്നനാളത്തിൽ ഇറങ്ങിപ്പോയ വറ്റ് കൂടി വലിച്ചെടുത്ത് മുതൽക്കൂട്ടുകയാണ് നമ്മുടെ സ്വന്തം ബാങ്കുകൾ.

ആത്മലോകത്തിലിരിക്കുന്ന തമ്പിരാജേ... നിത്യരോഗിയായ ശോഭനയെ... ഗതിയറ്റ മക്കളേ ഇതാണ് ഞങ്ങളുടെ ദേശസാൽകൃത ബാങ്കുകൾ.

* * * *

*ഗുണിതം: ബുദ്ധിയുള്ള വായ്പക്കാർ എല്ലാ ഇളവുകളും വാങ്ങുമ്പോൾ ഏറ്റവും ദുർബലരും പാവപ്പെട്ടവരും ചൂഷണം ചെയ്യപ്പെടും (കോടതി നിരീക്ഷണം.)*

*- ഫാ. മുകളിൽ*

